# ശ്രീനാരായണ

## ഗുരുദേവമാഹാത്മ്യം.

സ്വാമി ധൎമ്മതീൎത്ഥർ.

S. N. B. No. 2.

ശ്രീനാരായണ

# ഗുരുദേവമാഹാത്മ്യം

അഥവാ

## ഗുരുദേവൻ ആരാകുന്നു?

★


ഗ്രന്ഥകർത്താ:

സ്വാമി ധർമ്മതീർത്ഥർ ബി. ഏ., എൽ. എൽ. ബി.

ശിവഗിരിമഠം വർക്കല.


★


പ്രസാധകൻ:

സ്വാമി കൃഷ്ണാനന്ദ.


★


രണ്ടാംപതിപ്പ് കോപ്പി 2000.

1123.

വില 1_4_0.



പകർപ്പവകാശം ഗ്രന്ഥകർത്താവിന്

പ്രസാധകൻെറ മുദ്രയുണ്ടായിരിക്കും.

# വിഷയവിവരം.

1. അവതാരോദ്ദേശം.

2. മാഹാത്മ്യവൎണ്ണന.

3. ജീവിതസംഗ്രഹം.

4. അത്ഭുതപ്രവൃത്തികൾ.

5. ശിവഗിരി.

6. അദ്വൈതാശ്രമം.

7. ശ്രീനാരായണധൎമ്മസംഘം.

8. നമ്മുടെ കൎത്തവ്യം.

K. M. Anandan.
Kuasseril House

# സമർപ്പണം.

ഗുരുദേവ
ശുശ്രൂഷയാൽ പാവനാന്തസ്ഥയും,
ഭക്തിശ്രദ്ധാദികളാൽ പരിപൂതജീവിത
യും, ഗുരുശിഷ്യന്മാരിലുള്ള സതീർത്ഥ്യവാ
ത്സല്യത്താൽ അവരാൽ സദാ ആദരണീയ
യും, 1121 ധനുമാസത്തിൽ സ്വർഗ്ഗവാ
തിലേകാദശി ദിവസം ദിവംഗതയു
മായ ഞങ്ങളുടെ തായിവീട്ടിൽ
" അമ്മക്ക് "

ഗ്രന്ഥകർത്താ.

# പ്രാർത്ഥന.

ഹെ ഗുരുദേവാ ശ്രീ ഗുരുദേവാ
ഗുരുദേവാ മാം പാലയ കൃപയാ.
കിം കരണീയം കിമ കരണീയം
ഇതിനോ ജാനേ പരമോ മൂഠ: (ഹെ ഗുരുദേവാ)
വർദ്ധയഭക്തിം ത്വൽപദപത്മേ
പോഷിയ വൈരാഗാഖ്യം:സത്വം (ഹെ ഗുരുദേവാ)
പാഹിഹറാദപി വാരയ പാപാൽ
സംപ്രാപ്തം മാം മാത്യജമോഹേ (ഹെ ഗുരുദേവാ)
ത്വൽപദമേവ കലയതി ഹൃദയം
സംസാരാന്മാം താരയ കൃപയാ– (ഹെ ഗുരുദേവാ)
നാഹം യോഗേ,ന ച വാ മന്ത്രേ
നൈവജ്ഞാനേ സാധന ദക്ഷ: (ഹെ ഗുരുദേവാ)
പ്രാഃപ്താഹം ത്വം ശരണം ഭവമേ
പാലയ കൃപയാ കഥമപി ദേവാ (ഹെ ഗുരുദേവ.)

K. M. Anandan.
Kurasseril House
CHERAI

# മുഖവുര.

ഈ പുസ്തകം സ്വാമിഭക്തന്മാൎക്കുള്ളതാണു്. വായിക്കുക—വീണ്ടും വായിക്കുക—ചിന്തിക്കുക—പ്രവൃത്തിക്കുക. അപ്പോൾ അനുഭവം ഉണ്ടാവും. അനുഭവത്തോടുകൂടാത്ത ഭക്തി മൂഢഭക്തിയായി ലോകം ഗണിക്കുന്നു.

ഇതിലെ പല ഭാഗങ്ങളിലും മററു പുസ്തകങ്ങളിലെ വാചകങ്ങൾ ഉദ്ധരിച്ചിട്ടുണ്ടു്. എന്നാൽ സന്ദൎഭോചിതമായ മാററങ്ങൾ അവയിൽ വരുത്തിയിട്ടുള്ളതിനാൽ മൂലഗ്രന്ഥകാരന്മാരുടെ ഉത്തരവാദിത്വം അവൎക്കില്ല. മായാദീപപ്രദൎശനത്തോടുകൂടിയ ഗുരുകഥാപ്രസംഗങ്ങൾ നടത്തുന്നതിന്നായി അപ്പഴപ്പോൾ എഴുതിച്ചേൎത്ത കുറിപ്പുകളിൽനിന്നു ഉണ്ടാക്കിയ ഈ പുസ്തകം കുറെക്കൂടി സ്ഥായിയായ ഗുണത്തെ ചെയ്യുമെന്നു് വിശ്വസിക്കുന്നു.

ഒന്നാംപതിപ്പിലില്ലാത്ത ചില ഭാഗങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ടു്.

എന്നു്, ധൎമ്മതീൎത്ഥർ.

ശിവഗിരിമഠം,
വൎക്കല,
15—1—1123.

ഓം.

# പ്രസ്താവന.

ശ്രീനാരായണഗുരുദേവമാഹാത്മ്യങ്ങളെ പ്രകീൎത്തിക്കുന്ന ഈ പുസ്തകത്തിനു ഒരു പ്രസ്താവനയുടെ ആവശ്യമില്ലെന്നുള്ള സ്വാമി ഭക്തന്മാരുടെ അഭിപ്രായം വളരെ പരമാൎത്ഥമാണെന്നു നാം സമ്മതിക്കുന്നു. വിശ്വവിഖ്യാതനായ മഹാത്മാഗാന്ധി, മഹൎഷി രവീന്ദ്രനാഥ ടാഗൂർ, ദീനബന്ധു സി. എഫ്. ആൻഡ്രൂസ്, സ്വാമി ശ്രദ്ധാനന്ദജി എന്നീ മഹാപുരുഷന്മാരാൽ ആദരണീയനായ ഒരു മഹാപുരുഷനാണല്ലോ ശ്രീനാരായണഗുരുദേവൻ. ആ മഹാപുരുഷന്റെ ജീവിതചൎയ്യയെ മുൻനിറുത്തി എഴുതിയിട്ടുള്ള പല മഹൽഗ്രന്ഥങ്ങളും പല ഭാഷകളിലായി ഈ അല്പകാലത്തിനിടയിൽ പുറത്തുവന്നിട്ടുണ്ടു്. ആ കൂട്ടത്തിൽ ഒന്നുമാത്രമാണു് ഈ പുസ്തകം. തൃപ്പാദങ്ങളുടെ അടുത്തുനിന്നു പാദശുശ്രൂഷ ചെയ്യാൻ ഭാഗ്യമുണ്ടായിട്ടുള്ളവരുടെ അനുഭവം വെച്ചുകൊണ്ടു എഴുതുമ്പോൾ അതുകളിൽ ഓരോന്നിൽനിന്നും കൂടുതലായി പലതും പഠിക്കുവാൻ ഉണ്ടാവാം. പ്രത്യേകിച്ചും ഭക്തി, വാസന, പാണ്ഡിത്യം, ഗുരുദേവസാഹചൎയ്യം, ഫലിതവും ഗഹനവുമായ സംഭാഷണം കേൾക്കുവാനുള്ള ഭാഗ്യം എന്നിവയാൽ അനുഭവജ്ഞാനിയായ ഒരുത്തമശിഷ്യനിൽനിന്നു് പുറത്തുവന്ന ഈദൃശകൃതികൾക്കു മാററുകൂട്ടുമെന്നുള്ളതിനു് ഈ പുസ്തകം ധാരാളം സാക്ഷ്യം വഹിക്കുന്നുണ്ടു്. വിശിഷ്യ ഗുരുദേവനിലുള്ള ബഹുമാനാതിരേകത്താൽ തന്റെ അഭികാമ്യമായ അഭിഭാഷകവൃത്തിപോലും തൃണസമാനം കരുതി ത്യജിച്ചു പരമഹംസപാദശുശ്രൂഷക്കൊരുങ്ങിപ്പുറപ്പെട്ട ഈ മഹാനുഭാവൻ, ഗുരുഭക്തരിലും ശിഷ്യഗണങ്ങളിലും പ്രതിഫലിക്കാവുന്ന ചില ഉത്തമഗുണങ്ങൾക്കു് ഒരു മാതൃകക്കൂടിയാണു്.

ബ്രഹ്മശ്രീ സ്വാമി ധർമ്മതീർത്ഥർ അവർകൾ B. A., L. L. B. ഭാരതത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച ഗുരുദേവാദർശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു മഹാനത്രേ. ഈ മഹാനെ അനുഗമിക്കുവാൻ മററുള്ള ഗുരുശിഷ്യന്മാരും സമ്പന്നന്മാരായ ഗൃഹസ്ഥശിഷ്യന്മാരും സന്നദ്ധരായിരുന്നു എങ്കിൽ തീർച്ചയായും ഗുരുദേവൻ ഭാരതത്തിൽ മാത്രമല്ല ഭൂഖണ്ഡംമുഴുവൻ ജാതിമതഭേദമെന്യേ ആരാധനീയനായി തീരുമായിരുന്നു.

അന്ധവിശ്വാസജഡിലമായ ഈ കേരളത്തിൽ ഗുരുദേവൻ ജാതിയോടു നടത്തിയ വെല്ലുവിളി എണ്ണിയെണ്ണി പറയുന്നതായാൽ ഇതുപോലെയുള്ള ഗ്രന്ഥങ്ങൾ ആയിരക്കണക്കിനു എഴുതിയാലും മതിയാവുന്നതല്ല. ആ മഹാത്മാവിന്റെ ധർമ്മരശ്മികളേററു ഉണർന്ന മനുഷ്യർ ധർമ്മത്തിന്റെയും നീതിയുടേയും ഈശ്വരവിശ്വാസത്തിന്റേയും വിളനിലങ്ങളാണ്. ലക്ഷോപലക്ഷം ജനങ്ങളുടെ ഹൃദയാന്തർഭാഗത്തിൽ സ്ഥിതിചെയ്യുന്ന ആ സാക്ഷാൽ ചൈതന്യമൂർത്തി വന്ദിക്കുന്നവരേയും നിന്ദിക്കുന്നവരേയും ഒപ്പം അനുഗ്രഹിച്ചുകൊണ്ടിരിക്കുമെന്നുള്ളതു് ശാശ്വതമായ ഒരു സത്യമാകുന്നു.

1121-ൽ കൊല്ലം വി. വി. പ്രസ്സിൽനിന്നു് ശ്രീ വിദ്യാനന്ദതീർത്ഥപാദസ്വാമികൾ പ്രസാധനംചെയ്ത പരമഭട്ടാരശ്രീചട്ടമ്പി സ്വാമിതിരുവടികളുടെ 'അദ്വൈതചിന്താപദ്ധതി' എന്ന പുസ്തകം നാം വായിക്കുവാനിടയായി. അതിൽ 141 പേജ് ഉള്ളതിൽ 67 പേജ് പ്രസാധകന്റെ പ്രസ്താവനയാണ്. ഈ പ്രസ്താവന, ശ്രീനാരായണഗുരുദേവന്റെ ഗുരുവായിരുന്ന ശ്രീ കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമികൾ എന്നു സ്ഥാപിക്കുവാൻ വേണ്ടി മാത്രം പണിപ്പെട്ടിട്ടുള്ളതായി കാണാൻ കഴിയും. ഇതു വായിക്കുമ്പോൾ പരമാർത്ഥമറിയാവുന്ന സ്വാമിഭക്തന്മാരായ സഹൃദയന്മാർക്കു് ഒരു പുതുമ തോന്നുവാൻ വകയുണ്ടു്. ഇങ്ങനെയുള്ള വ്യാജപ്രചരണങ്ങൾ ചെയ്തു സ്വയം ഖ്യാതിനേടുവാൻ ശ്രമിക്കു

ന്നവർ ആ സമയംകൂടി ഈശ്വരധ്യാനത്തിനു ഉപയോഗിച്ചിരുന്നുവെങ്കിൽ ജന്മസാഫല്യം ഉണ്ടാകുമായിരുന്നു.

ഹരിജനോദ്ധാരണം, മദ്യനിരോധനം, ക്ഷേത്രപ്രവേശനം മുതലായവ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ കാര്യപരിപാടിയിൽ വരുന്നതിനുമുമ്പുതന്നെ ശ്രീനാരായണഗുരുദേവൻ, തന്നാൽ സ്ഥാപിക്കപ്പെട്ട ക്ഷേത്രങ്ങളിൽ എല്ലാവരേയും പ്രവേശിപ്പിക്കുകയും ഹരിജനങ്ങളെ തന്നോടൊന്നിച്ചു താമസിപ്പിക്കുകയും 'മദ്യം വിഷമാണ്, അതു് കുടിയ്ക്കരുതു്, കൊടുക്കരുതു്, തൊടരുതു്' എന്ന സന്ദേശം പ്രചരിപ്പിക്കുകയും വളരെ താമസിയാതെ ഇതു് എല്ലായിടത്തും നടന്നുകൊള്ളുമെന്നു കല്പിക്കുകയും ചെയ്തിട്ടുള്ളതു് ഇപ്പോഠം തങ്കലിപികളാൽ രേഖപ്പെടുത്തികഴിഞ്ഞിരിക്കുന്നു.

ഈ പുസ്തകത്തിൻെറ ഒന്നാംപതിപ്പ് ബ്രഹ്മശ്രീ ആനന്ദതീർത്ഥസ്വാമി അവർകഠം M. A. അച്ചടിച്ചു പ്രസിദ്ധീകരിച്ചിരുന്നു. 30–5–'46–ൽ ആണ്, ഈ പുസ്തകവും മററു രണ്ടു ഇംഗ്ലീഷ് പുസ്തകങ്ങളുടെ മലയാളതർജ്ജിമയും പ്രസിദ്ധീകരിക്കുന്നതിനുള്ള അവകാശം നമുക്ക് സിദ്ധിച്ചതു്. പ്രസിദ്ധീകരണത്തിനു നേരിട്ട കാലതാമസത്തിന് ഗ്രന്ഥകർത്താവിനോടും ധനസഹായംചെയ്തു സഹായിച്ച സുഹൃത്തുക്കളോടും നമ്മുടെ തെററു സമ്മതിയ്ക്കുകയും ഈ പ്രസിദ്ധീകരണത്തിന് ആത്മാർത്ഥമായി സഹായിച്ച എല്ലാ മഹത്തുക്കളോടും വിശിഷ്യാ മല്ലശ്ശേരി കഴങ്കിൽ ശ്രീമാൻ അപ്പുക്കുട്ടി അവർകളോടും ചുരുങ്ങിയ സമയത്തിനിടയിൽ ഈ പുസ്തകം വളരെ ഭംഗിയായി അച്ചടിച്ചുതന്ന ഗുരുവിലാസം പ്രസ്സ് ഉടമസ്ഥൻ മി. ഗോവിന്ദനോടും എനിയ്ക്കുള്ള നന്ദി ഇവിടെ രേഖപ്പെടുത്തികൊണ്ടും ഉദാരബുദ്ധികളായ എല്ലാവരുടേയും സഹായസഹകരണം പ്രതീക്ഷിച്ചുകൊണ്ടും ഈ പുസ്തകം പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

പ്രസാധകൻ.

ശ്രീനാരായണ ഗുരുദേവ മാഹാത്മ്യം.



അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു.

—ശ്രീനാരായണ ഗുരുദേവർ.

CALICUT PRESS.

I

# അവതാരോദ്ദേശ്യം

ഭാരതസന്താനങ്ങൾ മഹായുദ്ധത്തിൽ അന്യോന്യം പൊരുതി നശിച്ചശേഷം രാജ്യം അന്ധകൂപത്തിൽ പതിച്ചു. ധർമ്മം ക്ഷയിച്ചു. അന്ധവിശ്വാസങ്ങൾ വർദ്ധിച്ചു. ക്രൂരകർമ്മങ്ങൾ പ്രചരിച്ചു. മനുഷ്യഹൃദയം നിഷ്ഠുരമായിത്തീർന്നു. ജാതിക്കലഹംമൂലം സമാധാനം നശിക്കയും നീതിന്യായങ്ങൾ അറിയാതാകയും ചെയ്തു. സാധുക്കൾക്കും മൃഗങ്ങൾക്കും രക്ഷയില്ലാതെയുമായി.

ഭേദങ്ങളററ പൊരുളിനെ കാഹള
മൂതിവാഴ്ത്തീടുന്നു വേദം നാലും.
വൈദികമാനികൾ മർത്ത്യരിൽഭേദവും
ഭേദത്തിൽ ഭേദവും ജല്പിക്കുന്നു.
എന്തൊരു വൈകൃതം ബ്രഹ്മവിദ്യെ നിന്നി-
ലെന്താണീക്കാണുന്ന വൈപരീത്യം.
നിർണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണവർ ഗംഗക്കുമുണ്ടായില്ല. (കുമാരനാശാൻ)

ആ കാലത്തു് സർവ്വേശ്വരൻ ശ്രീബുദ്ധനായി അവതരിച്ചു് ധർമ്മബോധത്തെ ഉളവാക്കയും അഹിംസയെ ഉപദേശിക്കയും ചെയ്തു. അതിനുശേഷം ദീർഘകാലം ഭാരതഭൂമി സമാധാനത്തോടും, ഐകമത്യത്തോടും ഐശ്വര്യത്തോടുംകൂടി വർത്തിച്ചു. ബുദ്ധഭഗവാൻ ലോകത്തിലെ വെളിച്ചമായിത്തീർന്നു.

കാലഗതി ആക്കറിയാം! ആ പുണ്യകാലം എങ്ങിനേയോ പോയ്മറഞ്ഞു. ഭാരതീയർ വീണ്ടും അധഃപതിച്ചു. കലഹങ്ങൾ വീണ്ടും ആരംഭിച്ചു. ദേവന്മാരുടെ പേരു പറഞ്ഞു് മനുഷ്യർ പല വകുപ്പുകളായി പിരിഞ്ഞു് മത്സരിച്ചുകൊണ്ടിരുന്നു. ബുദ്ധികെട്ട മനുഷ്യർ ചിന്താവിഹീനരായിത്തീരുകയും ബാഹ്യകർമ്മങ്ങളാൽ ആത്മീകരക്ഷ കിട്ടുമെന്നുള്ള മൂഢവിശ്വാസത്തിൽ മുഴുകി നിരർത്ഥകങ്ങളായ ആചാരങ്ങൾ പുലർത്തുകയും ചെയ്തു. ശാസ്ത്രജ്ഞാനവും തത്വചിന്തയും ഇല്ലാതെയായി. അജ്ഞതയും അനൈകമത്യവും ഭയങ്കരമായിത്തീൎന്നു. അപ്പോൾ സർവ്വേശ്വരൻ ശ്രീ ശങ്കരാചാര്യനായി അവതരിച്ചു് അന്തസ്സാരരഹിതങ്ങളായ മതവ്യത്യാസങ്ങളെ ഖണ്ഡിക്കയും ശാസ്ത്രസാരത്തെ വ്യക്തമാക്കുകയും അദ്വൈതചിന്തകൾക്ക് പ്രചാരം വരുത്തുകയും ചെയ്തു. ബാഹ്യകർമ്മങ്ങളുടെ നിഷ്ഫലതയേയും ആത്മജ്ഞാനത്തിന്റെ മാഹാത്മ്യത്തേയും സ്ഥാപിച്ചു. ഭാരതസന്താനങ്ങൾ മതകലഹങ്ങളിൽനിന്നു് വിരമിച്ചു് ആത്മജ്ഞാനത്തിൽ താല്പര്യമുള്ളവരായി സമാധാനത്തോടുകൂടി ജീവിച്ചുതുടങ്ങി. അവരുടെ ബുദ്ധിശക്തിയും ചിന്താസ്വാതന്ത്ര്യവും ശാസ്ത്രജ്ഞാനവും അത്ഭുതമാംവണ്ണം വികസിച്ചു. സനാതനധർമ്മത്തിന്റെ മഹിമ ലോകത്തിൽ ശാശ്വതമായി സ്ഥാപിക്കപ്പെട്ടു.

അനേകവർഷങ്ങൾ കഴിഞ്ഞപ്പോൾ അധഃപതനം വീണ്ടും ഭാരതഭൂമിയെ വിഴുങ്ങി. ബുദ്ധന്റെ ധർമ്മോപദേശങ്ങളും ഭദ്രതയേയും വിസ്മരിക്കപ്പെട്ടതുപോലെതന്നെ ശങ്കരന്റെ ജ്ഞാനോപദേശങ്ങളും മനുഷ്യരുടെ ജീവിത

ത്തിൽനിന്ന് തിരോധാനം ചെയ്തു. എവിടേയും അധർമ്മവും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അധൈര്യവും ദിനംപ്രതി വർദ്ധിച്ചുവന്നു. ഭാരതസംസ്കാരസോപാനങ്ങൾ ഓരോന്നായി ഇടിഞ്ഞുപൊളിഞ്ഞു തുടങ്ങി. മനുഷ്യർ തമ്മിലുള്ള ബന്ധത്തെ സമാധാനപരവും വ്യവസ്ഥാപിതവും ആക്കിത്തീർക്കാനുദ്ദേശിക്കപ്പെട്ട വർണ്ണവിഭാഗങ്ങൾ അർത്ഥശൂന്യങ്ങളും വിനാശകരങ്ങളുമായ ജാതിവ്യത്യാസങ്ങളായി പരിണമിച്ചു. ജാതിയിൽ ജാതിയും അവയ്ക്ക് ഉച്ചനീചത്വങ്ങളും സങ്കല്പിച്ച് മനുഷ്യർ ഉന്മത്തരെപ്പോലെ കലഹിച്ചുതുടങ്ങി. അനേകകോടി ജനങ്ങൾ അടിമകളെപ്പോലെ മർദ്ദിക്കപ്പെട്ടു. അവരുടെ സർവ്വവിധ മേന്മകളും എന്നന്നേക്കുമായി തടയപ്പെട്ടു. ദുർബലന്മാർക്ക് രാജ്യത്തിൽ ഒരു രക്ഷയും സ്ഥാനവും ഇല്ലെന്നും ബലവാന്മാർക്ക് എന്തധർമ്മവും ചെയ്യാമെന്നും ആയിത്തീൎന്നു. യാഗങ്ങളേക്കാൾ ക്രൂരമായ ഹിംസ ജാതിയുടെ പേരിൽ നടന്നു. ഹൈന്ദവർ സ്വസഹോദരങ്ങളെ കൊല്ലാതെ കൊന്നുതുടങ്ങി.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ
ഒട്ടല്ലഹോ ജാതിക്കോമരങ്ങൾ
ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നാഗർഭേ.
എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും

ക്രൂരയാം ജാതിയാൽ ന്യൂനമലസിപ്പോയ്
കേരളമാതാവേ, നിൻ വയററിൽ.
തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ
താണുകിടക്കുന്നു നിൻകുക്ഷിയിൽ, ചാണ
കാണാതെ യാറേഴുകോടിയിന്നും.” (കുമാരനാശാൻ)

ജാതിരാക്ഷസനെ നശിപ്പിക്കുവാൻ ഒരവതാരംതന്നെ വേണമെന്ന നിലയിലായി.

സമുദായം ദുഷിച്ചപോലെ മതവും ദുഷിച്ചു. ക്ഷേത്രങ്ങൾ അധഃപതിച്ചു. മന്ത്രതന്ത്രങ്ങൾക്ക് ശക്തിയില്ലാതെയായി. ക്ഷേത്രങ്ങൾ പൗരോഹിത്യകുതന്ത്രങ്ങളുടെ കേന്ദ്രങ്ങളും, രഹസ്യകർമ്മങ്ങളുടേയും ദുരാചാരങ്ങളുടേയും അജ്ഞതയുടേയും ദുർമ്മൂർത്തികളുടേയും നികേതനങ്ങളും, നിഷ്ഠുരമായ മർദ്ദനത്തിൻേറയും സ്വാർത്ഥതയുടേയും വിളനിലവും ആയിത്തീർന്നു. ഹൃദയശുദ്ധിയുടേയും ആത്മജ്ഞാനത്തിൻേറയും ആവശ്യം മനുഷ്യർ മറക്കുകയും ബിംബാരാധനയും പൂജാദികർമ്മങ്ങളും അതിപ്രധാനങ്ങളായി വിചാരിക്കയും ചെയ്തു. മനുഷ്യരുടെ ജീവിതത്തെ ശ്രേയോന്മുഖമാക്കിത്തീർക്കേണ്ട ക്ഷേത്രം അതിനെ അധോമുഖമാക്കിച്ചെയ്യുകയും, അവരുടെ ചിന്താസ്വാതന്ത്ര്യത്തെ ഹനിക്കയും ചെയ്തു. ഭക്തന്മാരെ ഏകോപിച്ച് രഞ്ജിപ്പിക്കേണ്ട ക്ഷേത്രങ്ങൾ അവരെ ഭിന്നിപ്പിച്ചു ഛിദ്രിപ്പിക്കുവാൻ പര്യാപ്തങ്ങളായിത്തീർന്നു.

ഭാരതീയസംസ്കാരത്തിൻെറ മൂന്നാമത്തെ സോപാനമായ സന്യാസമഠങ്ങളും നിന്ദാർഹങ്ങളായിത്തീർന്നു. ആ

ത്മജ്ഞാനനികേതനങ്ങളും, മുമുക്ഷുക്കളുടേയും പരോപ കാരനിരതന്മാരായ ത്യാഗികളുടേയും ആശ്രയസ്ഥാനവു മായിരിക്കേണ്ട ആശ്രമങ്ങൾ മിഥ്യാശൂന്യമായ ശാസ്ത്ര വാദങ്ങൾക്കും, കർമ്മവിമുഖന്മാരായ അലസന്മാരുടേയും സ്വാർത്ഥതല്പരരായ വേഷധാരികളുടേയും കാപട്യങ്ങൾക്കും പാമരജനങ്ങളുടെ അവാസ്തവങ്ങളായ ബാഹ്യഭക്തിപ്രക ടനങ്ങൾക്കുമുള്ള നാട്യശാലകളായി അധഃപതിച്ചു. ഇങ്ങ നെ സമുദായഘടനയും മതസ്ഥാപനങ്ങളും ആത്മജ്ഞാ നവും, പരഹിംസയിലും, അധർമ്മത്തിലും സ്വാർത്ഥതയി ലും നിമഗ്നമായി തീരെ ദുഷിച്ചു. ഇതിനും പുറമേ, ഇ സ്ളാം, ക്രൈസ്തവം മുതലായ മതപ്രസ്ഥാനങ്ങൾ മനു ഷ്യരെ പല വിഭാഗങ്ങളായി തിരിച്ചതിനാലും അന്യരാ ജ്യങ്ങളിൽനിന്ന് വന്നുചേർന്ന ഭിന്നവർഗ്ഗക്കാർ ഇവിടെ വാ സമുറപ്പിച്ചതിനാലും ഭാരതജനതയുടെ ഇടയിൽ ഐക രൂപ്യം ഇല്ലാതാകയും അന്തഃഛിദ്രങ്ങൾ അവരെ ദുർബ്ബ ലരാക്കയും ചെയ്തു.

ഇങ്ങനെയുള്ള ആപൽക്കാലത്ത് ജാതിബാധയെ ഒഴിക്കാനും ക്ഷേത്രങ്ങളേയും മതത്തേയും മഠങ്ങളേയും സംസ്കരിച്ച് അവയെ ആത്മജ്ഞാനലബ്ധിക്കും ലോക സേവനത്തിനും ഉപയുക്തങ്ങളാക്കുവാനും, ക്രൈസ്തവം, ഇസ്ളാം മുതലായ മതങ്ങളുടെയെല്ലാം സാരം ഒന്നാണെ ന്നുള്ള ബോധം വളർത്തി അവയെ സനാതനമായ ധർമ്മ ത്തിൻെറ അംശങ്ങളായി സ്ഥാപിച്ച് ലോകസമാധാന ത്തിനുള്ള മാർഗ്ഗത്തെ പ്രകാശിപ്പിക്കുവാനും, ബുദ്ധൻെറ സ്ഥാനമഹത്വവും ശങ്കരൻെറ കുലമഹിമയും കൂടാതെ

ഏററവും താഴ്ന്നുകിടക്കുന്ന ഒരു പാപപ്പെട്ട മനുഷ്യനും സ്വപരിശ്രമത്താൽ ഇഹലോകത്തിൽവെച്ചുതന്നെ ഈശ്വരസമാനനായിത്തീരാമെന്നുള്ള മനുഷ്യജന്മത്തിന്റെ ആ പരമമായ മഹത്വത്തെ പ്രത്യക്ഷമാക്കുവാനും, എല്ലാ മതങ്ങളും മനുഷ്യവ്യക്തികളുടെ മോക്ഷം സാധിക്കുന്നതു് അതിപ്രധാനമായി വിചാരിച്ചു് മോക്ഷോപായങ്ങളും, രക്ഷാമാൎഗ്ഗങ്ങളും, അഭ്യാസങ്ങളും, യോഗങ്ങളും, വ്രതങ്ങളും നിർദ്ദേശിക്കയും ഇവയുടെയെല്ലാം ഫലമായി അനിശ്ചിതമായ ഒരു ഭാവിയിൽ മറെറാരു ലോകത്തിൽ ഉണ്ടാകാവുന്ന സുഖാവസ്ഥയാണു് മോക്ഷമെന്നു് ഉപദേശിക്കുകയും ചെയ്യുന്ന സമ്പ്രദായത്തെ മാററി, മനുഷ്യരുടെ സാമൂഹ്യജീവിതം ഓരോ വ്യക്തിക്കും പൂൎണ്ണസുഖം നൽകുന്ന വിധത്തിൽ നിയന്ത്രിക്കയും, ഇഹലോകത്തിൽ തന്നെ സമാധാനവും സംതൃപ്തിയും സാദ്ധ്യമാക്കിത്തീൎക്കുകയും, സ്വൎഗ്ഗീയസാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കയും ചെയ്യുന്നതാണു് മതങ്ങളുടെ കൎത്തവ്യമെന്നു് പ്രഖ്യാപനം ചെയ്യുവാനും സൎവ്വേശ്വരൻ വിണ്ടും ശ്രീനാരായണ ഗുരുവായി അവതരിച്ചു.

"നമിക്കുവിൻ സഹജരെ നിയതമീഗ്ഗുരുപാദം
നമുക്കിതിൽ പരം ദൈവം നിനയ്ക്കിലുണ്ടോ!
ഗുരുവയ്യ നിതുപോലെ ലഭിക്കുമോ കുലത്തിനു്
ഗുരുഭക്തിയില്ലാതാകിൽ കുശലമാമോ."

(കുമാരനാശാൻ)

# II

## മാഹാത്മ്യവർണ്ണന

മഹാത്മാക്കളുടെ ജീവിതമാഹാത്മ്യശ്രവണം പണ്ഡിതപാമരന്മാക്ക് ഒരുപോലെ രസപ്രദമായിട്ടുള്ളതാകുന്നു. ഭക്തന്മാക്ക് അതൊരു പുണ്യകർമ്മമാകുന്നു. മുമുക്ഷുക്കൾക്കും, ലോകസേവാതൽപരന്മാക്കും അതു് വിജ്ഞാനത്തെ പ്രദാനം ചെയ്യുന്നു. ഈശ്വരഭക്തിയുണ്ടാകുന്നതിനും സത്സംഗഫലം ലഭിക്കുന്നതിനും ഗുരുദേവമാഹാത്മ്യം കേൾക്കുന്നതു് ഒരു വലിയ സഹായമായിരിക്കും. ജീവിതയാത്രയുടെ ക്ലേശത്താൽ ആത്മീയചിന്തകൾക്കു സൌകര്യമോ ശക്തിയോ ഇല്ലാത്ത ലൌകികകാര്യങ്ങളിൽ മോഹാകുലരായി നാൾകഴിക്കുന്ന ഭൂരിജനങ്ങൾ ഗുരുദേവസ്മരണയാൽ ധന്യരായിത്തീരുന്നതാണ്.

ഗുരുദേവൻെറ മാഹാത്മ്യത്തെപ്പററി അനേകം മഹാന്മാർ പാടിയിട്ടുണ്ട്.

"അന്യർക്കു ഗുണം ചെയ്യതിനായുസ്സു വപുസ്സും<br>
ധന്യത്വമൊടങ്ങാത്മ തപസ്സും ബലിചെയ്വൂ<br>
സന്യാസികളില്ലിങ്ങനെയില്ലില്ലമിയന്നോർ<br>
വന്യാശ്രമമേലുന്നവരും ശ്രീ ഗുരു മൂർത്തേ!" (ആശാൻ)

വീടും നാടും ഉപേക്ഷിച്ച്, വനാന്തരങ്ങളിൽ തപസ്സുചെയ്തു് സിദ്ധിച്ച ജ്ഞാനത്തേയും, സിദ്ധികളേയും തൻെറ ദേഹത്തെപ്പോലും ലോകക്ഷേമത്തിനായി നിസ്സ്വാത്ഥം അപ്പണംചെയ്ത ഒരു മഹാത്യാഗി—ഒരു മഹാസന്യാ

സിയായിരുന്നു ഗുരുദേവൻ. എല്ലാ ധനത്തേക്കാളും വിദ്യയെക്കാളും ഉൽകൃഷ്ടമായതാണ് ആത്മശക്തി. അങ്ങനെയുള്ള ആത്മശക്തിയേയും ലോകാനുഗ്രഹത്തിനായി അർപ്പിച്ചു. കർമ്മങ്ങളിൽ ഏർപ്പെട്ടാൽ ആത്മശക്തി നശിക്കുമെന്നും അതുകൊണ്ടു് സന്ന്യാസിമാർ കർമ്മരഹിതരായി ജീവിക്കണമെന്നും ഒരു തെററായ ധാരണയുണ്ടു്. കർമ്മങ്ങളിൽ ഏർപ്പെടുക മാത്രമല്ല കർമ്മങ്ങളിൽ തൻെറ തപഃശക്തി ഉപയോഗിക്കുകൂടി ചെയ്ത ഗുരുദേവൻ ത്യാഗംചെയ്യുംതോറും കൂടുതൽ ധന്യനായിത്തീരുകയല്ലാതെ യാതൊരു കളങ്കത്തിനോ കുറവിനോ വിധേയനായില്ല. സന്ന്യാസിമാർക്കു മാത്രമല്ല ഗൃഹസ്ഥാദികളായ മററുള്ളവർക്കും ഗുരുദേവൻെറ ജീവിതം ഒരു മാതൃകയായി പരിലസിച്ചു.

"ഒന്നു താൻ ജാതിയുലകിൽ—പര
മൊന്നുതാനല്ലോ മതവും
ഒന്നു താൻ ദൈവവുമെന്ന—തത്വ
മെന്നും ഭുവി ജയിക്കുന്നു."

എവിടെ നോക്കിയാലും ജാതിവ്യത്യാസങ്ങൾ, ജാതിയുടെ ഉള്ളിൽ ജാതി, തൊട്ടുകൂടാത്തവർ, അടുക്കാൻ പാടില്ലാത്തവർ, കണ്ടുകൂടാത്തവർ, പന്തിഭോജനമില്ലാത്തവർ, വിവാഹമില്ലാത്തവർ, ക്ഷേത്രപ്രവേശനമില്ലാത്തവർ, കുളത്തിൽ കുളിക്കാൻ അർഹതയില്ലാത്തവർ, കിണററ് തൊട്ടുകൂടാത്തവർ, മതമില്ലാത്തവർ, സ്വാതന്ത്ര്യമില്ലാത്തവർ, വിദ്യയില്ലാത്തവർ ഇങ്ങനെ ഭയങ്കരമായ ജാതിവ്യത്യാസത്താൽ മനുഷ്യസമുദായം പൊട്ടിത്തെറിച്ച പടക്കംപോലെ ഛിന്നഭിന്നമായിക്കിടക്കുന്ന കാലത്തു്

"ഒരു ജാതി" എന്ന സ്വാതന്ത്ര്യഗാനം പാടിയത് ഏതൊരു മഹാത്മാവാണ്. ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുഹമ്മദീയർ, സിക്കുകാർ, ജൈനന്മാർ, ആര്യസമാജക്കാർ, ബ്രഹ്മസമാജക്കാർ എന്നു തുടങ്ങിയുള്ള നാനാമത സംഘങ്ങൾ നിവസിക്കുന്ന മതക്കോട്ടിനുള്ളിലിരുന്ന് ഏതൊരു മഹർഷിയാണ് "ഏകമതം" എന്ന മന്ത്രോപദേശം ചെയ്തത്. മുപ്പത്തിമുക്കോടി ദേവന്മാരുടെയും വിഹാരഭൂമിയിൽ "ഒരുദൈവം" എന്ന തത്വം പ്രഖ്യാപനംചെയ്യുവാൻ ഏതൊരു ആചാര്യനാണ് ധൈര്യമുണ്ടായത്. അങ്ങനെയുള്ള മഹിമകളോടുകൂടിയ ഗുരുദേവൻ ജയിച്ചാലും! ജയിച്ചാലും!

"കർമ്മയോഗീന്ദ്രരിൽ മുമ്പൻ—ദേവൻ
നിർമ്മലചിത്തരിലമ്പൻ
സിദ്ധരിലേററം പ്രധാനൻ—ദേവൻ
ശുദ്ധരിലത്യവധാനൻ
മുക്തരിൽ മുക്തനെൻ ദേവൻ—സദാ
ഭക്തരിലത്യാർദ്രഭാവൻ
സർവ്വകലാസുവിദഗ്ദ്ധൻ—ദേവൻ
അർവ്വാചീന മുനിബുദ്ധൻ
കാരുണ്യപീയൂഷം ദേവൻ—മൂന്നു
പാരിലുമോജപ്രഭാവൻ.
ഈശന്റെ നവ്യാവതാരം—ദേവൻ
ശാശ്വത ശോഭനാകാരൻ.

ധർമ്മസംസ്ഥാപനാർത്ഥം യതിച്ചിട്ടുള്ള കർമ്മയോഗികളിൽ അദ്ദേഹം നിസ്തുല്യനാകുന്നു. പ്രസംഗമോ, സംഘടനയോ, പ്രക്ഷോഭണമൊ കൂടാതെ നിശ്ശബ്ദമായ്

ചൈതന്യപ്രവാഹത്താൽ അനേകലക്ഷം ജനങ്ങളെ പ്രക്ഷാളനം ചെയ്ത് അവക്ക് ഒരു "നവജീവൻ" പ്രദാനംചെയ്യുകയും, ക്ഷേത്രങ്ങൾ, മഠങ്ങൾ, വിദ്യാലയങ്ങൾ, വൈദ്യശാലകൾ മുതലായ അനവധി ധർമ്മസ്ഥാപനങ്ങളുടെ നിർമ്മാണത്താൽ സാധുലോകത്തെ അനുഗ്രഹിതരാക്കുകയും ചെയ്ത ഒരു യോഗിമുഖ്യൻ ഇതുപോലെ മററാരുണ്ട്! ശത്രുമിത്രമെന്നോ പണ്ഡിതപാമരനെന്നോ വ്യത്യാസമില്ലാതെ എല്ലാവരുടേയും ഭക്തിബഹുമാനാദികളാൽ പൂജനീയനായിത്തീരത്തക്ക നിർമ്മലമതിത്തത്തോടും പരിശുദ്ധ ജീവിതത്തോടും കൂടി ഗുരുദേവൻ പ്രശോഭിച്ചു. തപശ്ശക്തിയാൽ മനുഷ്യാതീതമായ അവസ്ഥയേയും ശക്തിയേയും പ്രാപിച്ചിരുന്ന ഒരു മഹാസിദ്ധനായിരുന്നു ഗുരുദേവൻ. മനുഷ്യരെ മാത്രമല്ല പുലി മുതലായ വന്യമൃഗങ്ങളേയും മഴ തുടങ്ങിയുള്ള പ്രകൃതിശക്തികളേയും രക്ഷസ്സ് മുതലായ ദേവതകളേയും, പക്ഷവാതം, ബുദ്ധിഭ്രമം, കുഷ്ഠം മുതലായ മഹാവ്യാധികളേയും വാക്കമാത്രത്താൽ ആജ്ഞാനുവർത്തികളാക്കിച്ചെയ്തിരുന്നു. കർമ്മപടുവും സിദ്ധൻമായിരുന്ന ആ യോഗീശ്വരൻ കർമ്മത്താലും, സിദ്ധികളാലും ബന്ധിക്കപ്പെടാതെ നിത്യശുദ്ധമുക്തനായി "ഭേദാദികൾ കൈവിട്ടു" വിജയിച്ചു. ഇപ്രകാരമുള്ള ജീവന്മുക്തിപദത്തെ പ്രാപിച്ചിരുന്നു എങ്കിലും ഭക്തന്മാരിൽ എപ്പോഴും ആർദ്രഹൃദയനായിരുന്നു. ഭക്തജനങ്ങളുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ട് സ്നേഹാത്മകമായ സ്വാധീനശക്തിയാൽ അവരുടെ ജീവിതത്തെ ശ്രേയോന്മുഖമാക്കിച്ചെയ്തു. ആ പുണ്യശ്ലോകൻ സർവ്വകലാസുവിദഗ്ദ്ധനായിരുന്നു. പറയത്തക്ക പഠിപ്പൊന്നും സിദ്ധി

ച്ചിട്ടില്ല. ശരിയായ ഒരു ഗുരുവും ഉണ്ടായിരുന്നില്ല. ഗുരു ആരെന്നു ചോദിച്ചപ്പോൾ "ദേവന്മാരും മനുഷ്യരും" എന്നാണ് ഒരിക്കൽ പറഞ്ഞത്. എങ്കിലും യോഗം, മന്ത്രം, തന്ത്രം, ജ്യോതിഷം, ആയുർവ്വേദം, വേദാന്തം മുതലായ ശാസ്ത്രാദികളിലും മലയാളം, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലെ സാഹിത്യകലകളിലും അതിതരസാധാരണമായ നൈപുണ്യവും എല്ലാ വിഷയങ്ങളിലും തന്നെ അഗാധമായ സൂക്ഷ്മജ്ഞാനവും അദ്ദേഹത്തിൽ സുലഭമായിരുന്നു. ലളിതവചനങ്ങളാൽ ഏതൊരുത്തന്റേയും ഹൃദയത്തിൽ സ്ഥിരപ്രതിഷ്ഠിതങ്ങളായിത്തീൎന്ന അപൂർവ്വസംഭാഷണങ്ങളുടെ മാധുര്യത്തിൽ ലയിക്കാത്തവർ ആരും ഉണ്ടായിരുന്നില്ല. കാരുണ്യത്തിൽ ഒരു അഭിനവബുദ്ധൻ എന്നു വേണം പറയുവാൻ. ജീവിച്ചതും പ്രവൎത്തിച്ചതും എല്ലാം പാവങ്ങളുടെ ഇടയിൽ, പാവങ്ങൾക്കായി ഒരു പാവത്തെപ്പോലെയായിരുന്നു. മിണ്ടാപ്രാണികളുടെ കഷ്ടതകൾപോലും ആ ദീനദയാലുവിന് അസഹ്യമായിരുന്നു. കാളവണ്ടിയിലോ കുതിരവണ്ടിയിലോ സവാരി ചെയ്യുന്നതിനേക്കാൾ റിക്ഷവണ്ടിയിൽ പോകുന്നതാണ് തനിക്കിഷ്ടമെന്ന് ഒരിക്കൽ പറകയുണ്ടായി. എന്തുകൊണ്ടെന്നാൽ കാളകൾക്കും കുതിരകൾക്കും വലിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ പറഞ്ഞറിയിക്കാൻ സാധിക്കയില്ലല്ലോ; മനുഷ്യന് അതു് സാധിക്കും; എന്നു മാത്രമല്ല വലിക്കണമെന്ന് ആഗ്രഹവുമുണ്ട്.

നമ്മുടെ രാജ്യത്തും അന്യരാജ്യങ്ങളിലും അനേകം ഋഷീശ്വരന്മാരും യോഗികളും സിദ്ധന്മാരും ഉണ്ടായിട്ടുണ്ട്. എന്നാൽ ഗുരുദേവനെപ്പോലെ എല്ലാ യോഗ്യതകളും തി

കഞ്ഞ ഒരാൾ നമ്മുടെ സ്മൃതിപഥത്തിൽ വരുന്നില്ല. ഒരു ബുദ്ധഭഗവാനോ ഒരു ശങ്കരാചാര്യരോ ഉണ്ടായേക്കാം. എന്നാൽ ജന്മസിദ്ധമായിരുന്ന ലൗകികശക്തികളും ആനുകൂല്യങ്ങളും സ്ഥാനമാനങ്ങളും അവരുടെ വിജയത്തിന്ന് സഹായമായി നിന്നിരുന്നു. ഗുരുദേവൻ അങ്ങനെയുള്ള സൌകര്യങ്ങൾ ഒന്നുംതന്നെയില്ലാതെയാണ് ആരാധ്യനായിത്തീൎന്നത്. ചിലർ മഹാജ്ഞാനികളായിരിക്കും. അവൎക്ക് ലോകസേവ ചെയ്യാനുള്ള കർമ്മകുശലതയുണ്ടായിരിക്കയില്ല. ചിലർ മഹാഭക്തന്മാരും സദ്ഗുണസമ്പന്നന്മാരുമായിരിക്കും. അവൎക്ക് പാണ്ഡിത്യമോ അത്ഭുതസിദ്ധിയോ ഉണ്ടായിരിക്കയില്ല. ചിലർ മഹാത്യാഗികളായി കാണപ്പെടുന്നു. അവർ ലോകത്തെ ഉപേക്ഷിച്ച് വിജനപ്രദേശങ്ങളിൽ വസിക്കയൊ ജനസമ്പൎക്കത്തെ വെറുക്കുകയൊ ചെയ്യുന്നതായിക്കാണാം. വേറെ ചിലൎക്ക് അതിശയനീയമായ യോഗ്യതകൾ ഉണ്ടായിരുന്നാലും ജീവിതശുദ്ധിയോ ലോകസമ്മതമോ ഉണ്ടാകുന്നില്ല. ജ്ഞാനികൾ പ്രായേണ കർമ്മവിമുഖന്മാരായും, ഭക്തന്മാർ ജ്ഞാനരഹിതരായും, കർമ്മപടുക്കൾ ജീവിതശുദ്ധി കുറഞ്ഞവരായും, ത്യാഗികൾ ലോകസേവനത്തിൽ താല്പൎയ്യമില്ലാത്തവരായും, പണ്ഡിതന്മാർ ചിന്താസ്വാതന്ത്ര്യവിഹീനരായും, എല്ലാവരുംതന്നെ അവരവരുടെ ജീവിതകാലത്ത് ഭൂരിജനാരാദ്ധ്യന്മാരാകാതെയും പലപ്പോഴും ദ്വേഷിതരായുമാണ് കാണപ്പെടുന്നത്. കർമ്മയോഗികളിൽ മുമ്പനായിരുന്നാലും നിർമ്മലചിത്തനായും, അത്ഭുതസിദ്ധിയോടുകൂടിയിരുന്നാലും പരിശുദ്ധജീവിതം നയിച്ചവനായും, സൎവസംഗപരിത്യാഗിയായാലും ലോകസേവാനിരതനായും,

ജ്ഞാനികളിൽ അദ്വിതീയനായാലും ഭക്തശിരോമണിയായും, പണ്ഡിതകേസരിയായാലും ഉല്പതിഷ്ണുക്കളിൽ മുഖ്യനായും, സ്വതന്ത്രങ്ങളായ ആശയങ്ങളുടെ പ്രയോക്താവായും, ഇതിനെല്ലാംപുറമെ ഏററവും താഴ്ന്ന നിലയിൽ ജനിച്ചു ലൗകികമായ യാതൊരു അനുകൂലശക്തികളും കൂടാതെ മനുഷ്യാതീതമായ ഉൽകൃഷ്ടപദവിയെ പ്രാപിച്ച് സർവ്വജനസമ്മതനായി ആരാലും ഒരിക്കലും ദ്വേഷിക്കപ്പെടാത്തവനായി, അനേകലക്ഷം ജനങ്ങളാൽ ജീവിതകാലത്തുതന്നെ ആരാധിക്കപ്പെട്ടവനായി, ഈശ്വരാവതാരമായി സ്വീകരിക്കപ്പെട്ടവനായി, ഗുരുദേവനല്ലാതെ മററാരാണുള്ളത്! ഏവംവിധങ്ങളായ മഹിമകളോടുകൂടിയ ഗുരുദേവൻ ആരാകുന്നു?

"പരമാത്മമൂരച്ചു തേർവിട്ടും
പൊരുളോ! ഭൂതദയാക്ഷമാബ്ധിയോ?
സരളാദ്വയ ഭാഷ്യകാരനാം
ഗുരുവോയീയനുകമ്പയാണ്ടവൻ?
പുരുഷാകൃതി പൂണ്ട ദൈവമോ?
നരദിവ്യാകൃതി പൂണ്ട ധർമ്മമോ?
പരമേശ പവിത്ര പുത്രനോ?
കരുണാവാൻനബിമുത്തുരത്നമോ?" (ഗുരുദേവൻ)

ഹാ! ഗുരുദേവൻ ആരായിരിക്കാം.

"ഈശന്റെ നവ്യാവതാരം—ദേവൻ
ശാശ്വതശോഭനാകാരൻ"

സാക്ഷാൽ സർവ്വേശ്വരന്റെ അവതാരം തന്നെ. അന്ധതയിലും അസ്വാതന്ത്ര്യയിലും ജീവിച്ചിരുന്ന മർദ്ദിതലക്ഷങ്ങൾക്ക് രക്ഷാമാർഗ്ഗവും മോക്ഷമാർഗ്ഗവും കാണിക്ക

വാനായി ഈശ്വരൻ ഗുരുവായി അവതരിച്ചതായിരിക്കണം.

സനാതനധമ്മത്തിൻെറ ഒരു യഥാത്ഥ പ്രവാചകൻ, സന്മാഗ്ഗിക ജീവിതത്തിൻെറ ഒരു മഹനീയോദാഹരണം, ലോകസേവനത്തിൻെറ ഒരു പ്രത്യക്ഷ മാതൃക, ഭൂതദയയുടെ ഒരു വിശ്രുതഭണ്ഡാകാരം, സാഹിത്യവിലാസത്തിൻെറ സമുചിതമണ്ഡപം, രാജതേജസ്സിനാൽ വിദഗ്ദ്ധഭരണം നടത്തുന്ന സിംഹാസനസ്ഥൻ, ഫലിതപരിപൂണ്ണമായ സംഭാഷണത്തിൽ അദ്വിതീയൻ, പ്രകൃതി രാമണീയകം അനുഭവിച്ചറിഞ്ഞു് പണ്ണശാലകളും, ദേവാലയങ്ങളും, വിദ്യാലയങ്ങളും, ഭക്തസങ്കേതങ്ങളും നിമ്മിക്കുന്നതിൽ സദാ ശ്രദ്ധാലുവായ കമ്മപടു, അന്യാദൃശമായ വ്യക്തിമാഹാത്മ്യംകൊണ്ടു് ഭക്തലക്ഷങ്ങളെ ആകമാനം ഏകീകരിച്ചു് നിത്തി അഭിവൃദ്ധിപന്ഥാവിൽക്കൂടി നയിച്ചുപോന്ന ഒരു നേതൃവര്യൻ, സവ്വജനങ്ങൾക്കും അനുകരണീയമായ ആദശങ്ങളുടെ പ്രയോക്താവെന്ന നിലയിൽ എവക്കും ആരാദ്ധ്യനായിത്തീന്ന ഒരു ലോകഗുരു, സൂര്യനെപ്പോലെ സാന്നിദ്ധ്യമാത്രത്താൽ ശക്തിയും പ്രേമവും പ്രചരിപ്പിക്കയും വൈരങ്ങളുടേയും സംശയങ്ങളുടേയും വേരറുക്കുകയും, ബഹുമുഖമായ ത്യാഗശീലം ജനമദ്ധ്യത്തിൽ വളത്തുകയും ചെയ്തിരുന്ന അനുപമപ്രഭാവത്തോടുകൂടിയ ഒരു മഹാത്മാവു്, യോഗത്തിൽ പതഞ്ജലിയും, ജ്ഞാനത്തിൽ ശങ്കരനും, ഭരണനൈപുണിയിൽ മനുവും, ത്യാഗത്തിൽ ബുദ്ധനും, സ്ഥൈര്യത്തിൽ നിബിയും, വിനയത്തിൽ യേശുവും ആയ ഒരു മഹാവതാരം! ഗുരുദേവൻെറ മാഹാത്മ്യങ്ങൾ അവണ്ണനീയംതന്നെ.

# III
# ജീവിതസംഗ്രഹം

കൊല്ലവർഷം 1031 ചിങ്ങത്തിൽ ഓണക്കാലം. മാവേലിനാട്ടിലെ ജനങ്ങൾ ഒന്നുപോലെ ആമോദത്തോടെ വസിക്കുന്നു. കൊയ്ത്തുകഴിഞ്ഞ് പത്തായങ്ങൾ നിറഞ്ഞിരിക്കുന്നു. കുളങ്ങളും, കിണറുകളും ശുദ്ധജലത്താൽ നിറഞ്ഞു് ഓണാഘോഷങ്ങൾക്ക് തയ്യാറായിരിക്കുന്നു. നാനാവർണ്ണത്തിലുള്ള പുഷ്പച്ചെടികളാൽ ഭൂമുഖം അലംകരിക്കപ്പെട്ടിരിക്കുന്നു. കുളിച്ച് കുറിയിട്ടും, ഭംഗിയുള്ള വസ്ത്രങ്ങൾ ധരിച്ചും ബാലികാബാലന്മാർ പൂവ്വറുക്കുന്നതിനായി പൂക്കൂട്ടകളുമായി കുന്നിൻപുറങ്ങളിൽ പാടിനടക്കുന്നു. ചന്ദ്രികയോടുകൂടിയ രാത്രികൾ ഊഞ്ഞാൽപാട്ടുകളാൽ മാറ്റൊലിക്കൊള്ളുന്നു. മാടങ്ങളിൽനിന്നും മേടകളിൽനിന്നും ആഹ്ളാദചിത്തരായ സ്ത്രീ പുരുഷന്മാർ,

"മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കു മൊട്ടില്ലതാനും
കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ല പൊളിവചനം", എന്നു്

പാട്ടുപാടുന്നു. പരിഷ്ക്കാര സൂര്യൻ എത്തിനോക്കിട്ടില്ലാത്ത ചെമ്പഴന്തി എന്ന കുഗ്രാമത്തിൽ വയൽവാരം എന്നു വിളിച്ചിരുന്ന പുരയിടത്തിൽ, ഒരു ചെറിയ ഓലപ്പുരയിൽ ഇരുട്ടടഞ്ഞ ഒരു കൊച്ചുമുറിയിൽ ചതയം ദിവസം

ശുഭമുഹൂൎത്തത്തിൽ ഗുരുദേവൻ ജനിച്ചു. വെറും മണ്ണു കൊണ്ടു് തറയും ചുമരും തിൎക്കപ്പെട്ടതും, ചാണകം കൊണ്ടു് സൎവ്വത്രമെഴുകിയതും ഓല മേഞ്ഞതും ഒരാൾ നിവൎന്നു നിന്നാൽ തലമുകളിൽ മുട്ടത്തക്കവണ്ണം ഉയരം കുറഞ്ഞതും, ഒരൊററ ജനൽപോലും ഇല്ലാത്തതും, ഒരു തൊഴുത്തിനേക്കാൾ വലുപ്പമില്ലാത്തതും ആയ കുടിലിൽ സാധുസംരക്ഷകൻ അവതരിച്ചു.

ആ ബാലൻെറ ലീലകൾ പലപ്പോഴും അസാധാരണങ്ങളായിരുന്നു. വികൃതികൾക്കൊന്നും പോകാതെ സജ്ജനങ്ങളുമായി പെരുമാറുന്നതിൽ ചെറുപ്പത്തിലെ താല്പൎയ്യമായിരുന്നെങ്കിലും നല്ല ചുറുചുറുപ്പും, ചില സംഗതികളിൽ ധിക്കാരവും ഉണ്ടായിരുന്നു. വീട്ടിൽ പൂജയ്ക്കായി ഒരുക്കിയിരുന്ന പഴവും പലഹാരങ്ങളും പൂജകഴിയുന്നതിനുമുമ്പു് എങ്ങനെയെങ്കിലും കണ്ടെത്തി എടുത്തു് ഭക്ഷിക്കുന്നതിൽ മഹാസമൎത്ഥനായിരുന്നു. എത്ര സൂക്ഷിച്ചുവെച്ചാലും കുട്ടിയുടെ കണ്ണെത്താതിരിക്കുകയില്ല. അയിത്തക്കാരായി വിചാരിക്കപ്പെട്ട പാവങ്ങളുടെ അടുക്കൽചെന്നു് അവരെ തൊടുകയും, അങ്ങനെതന്നെ അടുക്കളയിലും മററും കയറി മററുള്ളവരെ തൊട്ടു് അശുദ്ധമാക്കുകയും ചെയ്യുന്നതു് കുട്ടിക്കു് വലിയൊരു വിനോദമായിരുന്നു. കുളിച്ചുകൊണ്ടിരിക്കുമ്പോൾ ആ വഴിയെപോകുന്ന അയിത്തക്കാരനെ വിളിച്ചു് പുറം തേച്ചുകൊടുക്കാൻ ആവശ്യപ്പെടും. മററുചിലപ്പോൾ അവരുടെ മാടങ്ങളിൽചെന്നു് ഭക്ഷണംമേടിച്ചു് കഴിക്കും. ജാത്യാഭിമാനങ്ങളെ ലംഘിക്കുവാനുള്ള വാസന ചെറുപ്പത്തിലെ പ്രത്യക്ഷപ്പെട്ടിരുന്നു.

ഒരിക്കൽ പള്ളിക്കൂടത്തിൽനിന്നു സഹപാഠികളോടുകൂടി മടങ്ങിപ്പോകയായിരുന്നു. വഴിയിൽവെച്ച് അവർ ഒരു സന്ന്യാസിയെ കണ്ടു. ബാലസ്വഭാവമനുസരിച്ച് കുട്ടികളിൽ ചിലർ സന്ന്യാസിയുടെ വേഷംകണ്ട് പരിഹസിക്കയും, ചിലർ കല്ലെറികയും ചെയ്തു. ഇതു കണ്ടപ്പോൾ "നാണുക്കുട്ടി" പൊട്ടിക്കരഞ്ഞു. സന്ന്യാസി ആ കുട്ടിയെ ആശ്വസിപ്പിക്കുന്നതിനായി തോളിൽ എടുത്ത് വീട്ടിൽകൊണ്ടുപോയാക്കി. ഒരു മഹാസന്ന്യാസിയും ഒരു സന്ന്യാസപരമ്പരയുടെ സ്ഥാപകനും ആയിത്തീരേണ്ട ബാലൻ ചെറുപ്രായത്തിൽതന്നെ സന്ന്യാസിമാരോടു സ്നേഹം പ്രദർശിപ്പിച്ചതിൽ അത്ഭുതപ്പെടുവാനില്ല. മറെറാരവസരത്തിൽ ഒരു കൃഷിക്കാരൻ കാളകളെ കഠിനമായി അടിച്ചുംകൊണ്ട് നിലം ഉഴുന്നതു് ബാലൻ കണ്ടു. ഉടനെ ഓടിച്ചെന്നു്, "ഈ പാവത്തിനെ എന്തിനാണ് ഇങ്ങനെ അടിക്കുന്നതു്? അടിക്കാതെ നടക്കുന്നതു് ഞാൻ കാണിച്ചുതരാം" എന്നുപറഞ്ഞു് കലപ്പമേടിച്ച് കാളകളുടെ പുറത്തു തലോടിയപ്പോൾ അവ ഒരു മടിയും കൂടാതെ ഓടിത്തുടങ്ങി.

എഴുത്തുപള്ളിയിലെ പഠിത്തം കഴിഞ്ഞശേഷം വീട്ടിലെ കന്നുകാലികളെ മേയ്ക്കുന്നതായിരുന്നു പിന്നത്തെ തൊഴിൽ. അടുത്തുള്ള കുന്നിൻപുറങ്ങളിൽ പോയി കന്നുകാലികളെ അഴിച്ചുവിട്ടു് ബാലൻ വൃക്ഷക്കവരങ്ങളിൽ ഇരുന്നു് ശ്ലോകം ഉരുവിട്ടു പഠിക്കയും നാലുപുറവും നോക്കി മനോരാജ്യം സൃഷ്ടിക്കയും ചെയ്തുകൊണ്ടിരിക്ക പതിവായിരുന്നു. ഇക്കാലത്തുതന്നെ കാലത്തെഴുന്നേററു് കുളികുറി

ജപം ക്ഷേത്രദർശ്ശനം ഇത്യാദി നിത്യകർമ്മങ്ങൾ മുടങ്ങാതെ ആചരിച്ചുകൊണ്ടിരുന്നു. കുറച്ചുകാലം കരുനാഗപ്പള്ളിയിലുള്ള വാരണപ്പള്ളി എന്ന വീട്ടിൽ താമസിച്ചു് സംസ്കൃതവിദ്യാഭ്യാസം ചെയ്കയുണ്ടായി. മഹാശാന്തനായിരുന്നതിനാൽ സഹപാഠികൾ പലവിധത്തിൽ കളിപ്പിക്കയും ബുദ്ധിമുട്ടിക്കയും ചെയ്തിരുന്നു. ചിലപ്പോൾ എല്ലാവരുംകൂടി നാണുവിനെ എടുത്തു് കൊണ്ടുപോയി കുളത്തിലേക്കു വലിച്ചെറിയും. ഊണിനിരുന്നാൽ അക്കാലത്തു് മത്സ്യമാംസങ്ങൾ ഉപയോഗിക്കാത്ത നാണുവിന്റെ ഇലയിൽ കുട്ടികൾ മത്സ്യക്കറി വിളമ്പും. നാണുക്കുട്ടി ഊണുകഴിക്കാതെ എണീററുപോകും. പുസ്തകപാരായണം വളരെ അപൂർവ്വമായിരുന്നു. ആശാൻ പറയുന്നതു് ഒരിക്കൽ കേട്ടാൽ മറക്കാതെ ഓർമ്മവെയ്ക്കുവാൻ കുട്ടിക്കു് സാധിച്ചിരുന്നു. അല്പകാലത്തിനുള്ളിൽ നാണു തന്റെ ആശാനെക്കാൾ പണ്ഡിതനായിത്തീരുകയും വീട്ടിലേക്കു മടങ്ങിപ്പോരുകയും ചെയ്തു. ഇത്രമാത്രമാണ് ബാലനു് സിദ്ധിച്ച വിദ്യാഭ്യാസം. പിന്നീട് എങ്ങനെയാണ്, എപ്പോഴാണ് വേദാന്തം, തർക്കം, യോഗം, മന്ത്രം, തന്ത്രം, ജ്യോതിഷം, ആയുർവ്വേദം മുതലായ ശാസ്ത്രങ്ങളിൽ സീമാതീതമായ പാണ്ഡിത്യം സമ്പാദിച്ചതെന്നു് പറയുവാൻ അസാദ്ധ്യം. പുണ്യാത്മാക്കൾക്കു് ഒന്നുംതന്നെ പ്രയാസമായിട്ടില്ലല്ലോ. അറിവ് ബുദ്ധിയിൽനിന്നും അനുഭവത്തിൽനിന്നുമാണു് ഉണ്ടാകുന്നതു്. വെറും പുസ്തകപാരായണത്തിൽനിന്നല്ല. പ്രോജ്ജ്വലയായ ബുദ്ധിയോടും അലൗകികമായ ആത്മാനുഭവത്തോടുംകൂടിയ ഗുരുദേവനു് എല്ലാ വിദ്യയും സ്വയമേവ കൈവശമായി.

പഠിപ്പവസാനിച്ചശേഷം കുട്ടികളെ പഠിപ്പിച്ചും, ശമദമാദികഠം ശീലിച്ചും വ്രതാനുഷ്ഠാനങ്ങഠം ആചരിച്ചും ഭക്തോത്തമനായി, ഗൃഹജീവിതത്തിൽ ഉന്മേഷമില്ലാത്തവനായി, ദേവാലയങ്ങളിൽ വസിച്ചുകൊണ്ടു് കുറെക്കാലം കഴിച്ചുകൂട്ടി.

"ഒരു കുറി നിന്തിരുമേനി വന്നുമുന്നിൽ
തിരുമുഖമൊന്നു തിരിച്ചുനോക്കിയെന്നിൽ
പെരുകിന സങ്കട വങ്കടൽ കടത്തി-
ത്തരുവതിനെന്നു തരംവരും ദയാലോ!

പുതിയ പൂവുപറിച്ചു ഭവാനെ ഞാൻ
മതിയിലോർത്തൊരു നേരവുമെങ്കിലും
ഗതിവരും പടി പൂജകഠംചെയ്തതി-
ല്ലതിനുടെ പിഴയായിതു ദൈവമേ!

അഹമൊരു ദോഷമൊരുത്തരോടു ചെയ്യാ
നകമലരിങ്കലറഞ്ഞിടാതവണ്ണം
സകലമൊഴിച്ചു തരേണമെന്നുമേ ഞാൻ
ഭഗവദനുഗ്രഹപാത്രമായ്‌വരേണം.

അപജയമൊന്നുമെനിക്കണയാതിനി-
ത്തപസി നിരന്തര മെന്മലമൊക്കയും
സപദി ദഹിച്ചു സുഖം തരുവാനുമെൻ
ജപകുസുമത്തിരുമേനി ജയിക്കണം."

(ഗുരുദേവൻ)

ഏതൊരു കാലത്താണ് സർവ്വേശ്വരനു് എന്നിൽ കരുണയുണ്ടാകുക. എന്റെ സങ്കടങ്ങളെല്ലാം തീർത്തു് എപ്പോഠം സമാധാനം കിട്ടും. ഞാൻ പൂജാദികർമ്മങ്ങഠം ഒ

നും ചെയ്തിട്ടില്ല. ആ വിധം ദൈവത്തെ തൃപ്തിപ്പെടു ത്താൻ സാധിച്ചിട്ടില്ല. ഒരാറക്കും എന്നിൽനിന്ന് യാതൊരു തരത്തിലുള്ള ദോഷവും വരാത്തവണ്ണം എന്നെ അനുഗ്രഹിച്ച് രക്ഷിച്ചാൽ മതി. തപസ്സുകൊണ്ട് എന്റെ ദോഷങ്ങളെല്ലാം തീരുവാനും, യഥാൎത്ഥമായ ശാന്തിയെ പ്രാപിക്കുവാനും ലോകരക്ഷാൎത്ഥമുള്ള പരിശ്രമങ്ങളിൽ അപജയം നേരിടാതെ എന്റെ ജീവിതം സഫലമാക്കിത്തീക്കുവാനും അനുഗ്രഹിക്കേണമേ. എന്നിങ്ങനെയുള്ള പ്രാൎത്ഥനകളിൽ മനസ്സ് ലയിപ്പിച്ചുതുടങ്ങി. അക്കാലത്തുണ്ടായിരുന്ന വിചാരാനുഭവങ്ങളെയായിരിക്കാം പിന്നീട് "ശിവശതക"മായി ഭക്തന്മാർക്ക് പാടിക്കൊടുത്തത്.

അജ്ഞതയിൽ മുഴുകി വെറും പാമരന്മാരായി ജീവിച്ചിരുന്ന ജനങ്ങളെപ്പററി ചിന്തിച്ച് ആ ഭക്തന് വലിയ വ്യസനം ഉണ്ടായി. സംസാരബന്ധം ഉപേക്ഷിച്ച് ജിതേന്ദ്രിയനായി സ്വാത്മാവിനും ലോകത്തിനും ഗുണം വരുത്തുവാനുള്ള മാൎഗ്ഗങ്ങളെപ്പററി ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.

"മററുള്ളവക്കായുഴാനും നടുവാനും
കററകൊയ്യാനും മെതിക്കുവാനും
പററുമിക്കൂട്ടരിരുകാലിമാടുകൾ
മററു കൃഷിപ്പണി ചെയ്യുവാനും.
ഒന്നോൎത്താൽ മാടും കയക്കുമിതുകളൊ-
ടൊന്നായവരെ നാം ഗണിച്ചാൽ.

പാരം പവിത്രങ്ങൾ പശ്ചളിപ്പാവങ്ങൾ
ദൂരത്തും തീണ്ടുള്ള നീമാരല്ലൊ.
അല്ലലിലിങ്ങനെയാണ്ടൊരു നീക്കപോ-
ക്കില്ലാതുഴന്നു തിരിയുമാത്മാക്കളെ
എല്ലാം നിനച്ചലിവും താപവുമാൻറു
വല്ലാതെയെന്നകക്കാമ്പു കായുന്നിതേ."

(കുമാരനാശാൻ)

അന്ധതയാലും, ദാരിദ്ര്യത്താലും, രോഗാദിപീഡകളാലും, ശക്തന്മാരുടെ മർദ്ദനമേററും ദുഃഖാബ്ധിയിൽ മുങ്ങിയും പൊങ്ങിയും ജീവിതം നയിക്കുന്ന പാവങ്ങളുടെ കഷ്ടാവസ്ഥയെപ്പററി ആലോചിക്കുമ്പോൾ എൻെറ ഹൃദയം തകൻറുപോകുന്നു.

"വല്ലവിധവുമെൻ ത്യാഗമിവക്കൊരു-
നല്ലമാർഗ്ഗം തെളിപ്പാനുതകീടുകിൽ
ഇല്ലവും ധനവുമെൻെറ സുഖങ്ങളും
പുല്ലിലും തുച്ഛമൊന്നായ് ഞാൻ ത്യജിക്കുവൻ"

(കുമാരനാശാൻ)

എൻെറ ത്യാഗംമൂലം ഈ പാവങ്ങൾക്കു വല്ല രക്ഷയുമുണ്ടാകുമെങ്കിൽ, അവരെ അന്ധകാരത്തിൽനിന്നു് നല്ല മാർഗ്ഗത്തിലേക്കു തിരിക്കാൻ സാധിക്കുമെങ്കിൽ, ഞാൻ സർവ്വവും ഉപേക്ഷിക്കുവാൻ സന്നദ്ധനാകുന്നു. ബന്ധുമിത്രാദികളേയും സർവ്വ സുഖങ്ങളേയും പുല്ലുപോലെ വലിച്ചെറിഞ്ഞു് ആ കാര്യസാദ്ധ്യത്തിനായി ഇറങ്ങിക്കളയാം.

"ഇപ്പോൾ പിരിയുന്നു ഞാൻ, വിയോഗവ്യഥ-
യല്പകാലം പൊറുത്തീടുവനെല്ലാരും

ലോകത്തിൽ നിന്നീയവിദ്യയാകും കൂരിരു-
ട്ടാകെ നീക്കി ബോധസൂര്യനുദിച്ചിട്ടും
ഏകാന്തമാർഗ്ഗം തെളിഞ്ഞാക്കുമേ-
ശോകമകന്നു സുഖം വരുമോക്കുവിൻ."

(കുമാരനാശാൻ)

ഞാൻ നാടുവിട്ടുപോയാൽ പലക്കും വ്യസനം ഉണ്ടായേക്കും. അവർ അല്പകാലം അതു് സഹിച്ചിരിക്കട്ടെ. അല്ലാതെ എന്തുചെയ്യാം. അറിവില്ലായ്മയായ കൂരിരുട്ടു് നീക്കി ജ്ഞാനസൂര്യനുദിക്കുമ്പോൾ കഷ്ടതകൾ എല്ലാം തീൎന്നു് സുഖം ഉണ്ടാകും, തീൎച്ചയാണു്. സ്വല്പകാലം ക്ഷമിച്ചിരിക്കുവിൻ.

"എല്ലാംനിരൂപിച്ചുറച്ചു കഴിഞ്ഞുഞാൻ
ഇല്ലിനി മാററമിതാ നടകൊള്ളുന്നു.
കല്യനാം മൎത്ത്യൻെറ തീവ്രയത്നത്തിന്നു
വല്ല ഫലവുമുണ്ടാകുമെന്നാകിലോ
ചൊല്ലെഴും ബന്ധവിമുക്തി സാധിച്ചുകൊ-
ണ്ടല്ലാതെയിങ്ങു മടങ്ങിവരില്ല ഞാൻ"

(കുമാരനാശാൻ)

ഞാൻ ഒരു ആലോചനയുമില്ലാതെയല്ല ഇറങ്ങിപ്പോകുന്നതു്. വളരെക്കാലമായി ഇതിനെപ്പററി ചിന്തിച്ചു് തീൎച്ചയാക്കിയിരിക്കയാണു്. അതുകൊണ്ടു് എൻെറ നിശ്ചയത്തെ ആരും മാററുവാൻ ശ്രമിക്കരുതു്. അതിനു് ഒരു മാററവും ഇനി സാദ്ധ്യമല്ല. ഞാൻ ഇതാ എല്ലാം ഉപേക്ഷിച്ചു് ത്യാഗിയായി ഇറങ്ങിക്കഴിഞ്ഞു. മനോവചകൎമ്മങ്ങളാൽ ഒരാൾക്കും ദോഷംചെയ്യാതെ ജീവിക്കുന്ന ഒരു

സാധുവിൻെറ തീവ്രയത്നംകൊണ്ടു് പാവങ്ങളുടെ രക്ഷക്കായി എന്തെങ്കിലും സാധിക്കുമെങ്കിൽ ആ രക്ഷാമാൎഗ്ഗം കണ്ടുപിടിച്ചല്ലാതെ ഞാൻ ഇനി മടങ്ങിവരികയില്ല. എന്തെങ്കിലും ഒരു വഴി തീച്ചയായും ഉണ്ടാകും. അതറിഞ്ഞ ശേഷം മടങ്ങിവന്നു എൻെറ ജീവിതം അവൎക്കായി വിനിയോഗിക്കാം.

സൎവസംഗപരിത്യാഗിയായി, അവധൂതവൃത്തിയെ അവലംബിച്ചു് ഒരു ഭിക്ഷുവേഷത്തിൽ ഗുരുദേവൻ സഞ്ചരിക്കാൻ തുടങ്ങി. ഏററവും പാവങ്ങളായ ജനങ്ങളുടെ ഇടയിൽ പോയി അവരെപ്പോലെ ജീവിച്ചു് അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുന്നതു് അന്നത്തെ ഒരു പ്രധാന വ്രതമായിരുന്നു.

“തേരുകൂടാതെ തെരുതെരെ ഞാൻ പാദ
ചാരിയായെങ്ങുമിപ്പാരിൽ നടക്കുവൻ;
പാരാതെ പൂഴിയെ പൂമെത്തയാക്കി ഞാൻ
സൈ്വരം നിലത്തു കിടന്നുറങ്ങീടുവൻ;
ആരുമില്ലാത്ത വെളിസ്ഥലമൊക്കെയെൻ
ചാരുനികേത മെന്നോൎത്തവയിൽ തന്നെ
വാഴുവാനെന്നല്ല മൎത്ത്യരിലെത്രയും
ഏഴകളെ ഞാനിണങ്ങരാക്കീടുവൻ.
പാവങ്ങളായ പറയരുടുക്കുന്ന
ചീവരം ചുററി നടപ്പനരയിൽ ഞാൻ;
കാളും വിശപ്പടക്കാൻ വെറും വേവിച്ച
താളോ, തകരയോ വല്ലതുമാകിലും
നീളവേ യൂരിൽ നടന്നു കൈനീട്ടി, ന-
ല്ലാളുകൾ പിച്ചയിടുന്നതേററുണ്ണുവൻ.

വല്ലാത്ത വന്മഴയോ വെയിലോ പാര-
മല്ലൽ ചേക്കിൽ തങ്ങുവാൻ മലങ്കാട്ടിന്റെ
യുള്ളിൽ വെളിച്ചമേലാത്ത ഗുഹകളോ
വള്ളിക്കുടിലുകളോ ചെന്നു പൂക ഞാൻ.”

(കുമാരനാശാൻ)

വാഹനങ്ങളിലൊന്നും കയറാതെ കാൽനടയായി ഞാൻ രാജ്യമെങ്ങും ചുററി സഞ്ചരിക്കും. രാത്രികാലങ്ങളിൽ ഉറങ്ങുന്നതിന് വെറും പൂഴിമെത്തയല്ലാതെ മററൊന്നും എനിക്കാവശ്യമില്ല. ആരുമില്ലാത്ത വെളിസ്ഥലങ്ങൾ എന്റെ വീടുപോലെ വിചാരിച്ച് അവിടെ സുഖമായി താമസിക്കും. മനുഷ്യരിൽ ഏററവും പാവപ്പെട്ടവർ ആയിരിക്കും എന്റെ ചങ്ങാതിമാർ. ഞാൻ അവരുടെ സഹവാസത്തെയാണ് ആഗ്രഹിക്കുന്നത്. ഉടുക്കുവാൻ നല്ല വസ്ത്രങ്ങൾ വേണമെന്ന് എനിക്കാഗ്രഹമില്ലാ. പറയർ മുതലായ സാധുക്കൾ ഉടുക്കുന്നതുപോലെ വല്ലതും നഗ്നതമറയ്ക്കുവാൻ ഉണ്ടായാൽമതി. വിശപ്പ് സഹിക്കാൻ നിവൃത്തിയില്ലാതെയാകുമ്പോൾ വല്ല ഗ്രാമങ്ങളിലും ചെന്ന് സജ്ജനങ്ങളോട് ഭിക്ഷയാചിച്ച് കിട്ടുന്നതുകൊണ്ട് ഞാൻ തൃപ്തിപ്പെട്ടും. വെയിലോ മഴയോ അസഹനീയമായാൽ കാട്ടിൽകയറി വൃക്ഷത്തണലിലോ, ഗുഹയിലോ ചെന്നിരിക്കയല്ലാതെ വീടുകൾ അന്വേഷിച്ചുപോകാൻ ഞാൻ ആഗ്രഹിക്കയില്ലാ.

ഇപ്രകാരമുള്ള ദൃഢനിശ്ചയത്തോടുകൂടി ഗുരുദേവൻ ഭിക്ഷുവായി സഞ്ചരിച്ചുതുടങ്ങി. കീറിമുഷിഞ്ഞ വസ്ത്ര

ങ്ങൾ ഉടുത്തും, വല്ലവരും കൊടുത്തതിനെ വാങ്ങിതിന്നും സത്രങ്ങളിലും വഴിയമ്പലങ്ങളിലും മൈതാനങ്ങളിലും കിടന്നുറങ്ങിയും പാവങ്ങളുടെ കൂട്ടത്തിൽ അവരെപ്പോലെ ജീവിച്ചും, അവരുടെ ദയനീയമായ ദാരിദ്ര്യവും, ഭയങ്കരമായ അന്ധവിശ്വാസങ്ങളും, മമ്മഭേദകങ്ങളായ കഷ്ടതകളും, ഏതെല്ലാം വിധത്തിൽ അവർ മർദ്ദിക്കപ്പെടുന്നു എന്നും, എന്തെല്ലാം അസഹനീയമായ അനീതികൾക്കും പാരതന്ത്ര്യങ്ങൾക്കും അവർ അടിമപ്പെട്ടിരിക്കുന്നുവെന്നും നേരിട്ടു കണ്ടറിഞ്ഞും വെയിലും മഴയും ഗണ്യമാക്കാതെ എന്തു പ്രയാസങ്ങളെയും സഹിച്ചും, ചിലപ്പോൾ അനേകം നാഴികദൂരം ഒരേ നടയായി ക്ഷീണത്തെ അവഗണിച്ച് നടന്നും, കാണുന്നവക്ക് കിറുക്കനാണെന്നുതോന്നുമാറ് ചിന്താമഗ്നനായി, മൌനിയായി പലപ്പോഴും പെരുമാറിയും, ഗുരുദേവൻ അവധൂതവൃത്തിയെ നിവ്വഹിച്ചുകൊണ്ട് അഞ്ചാറു വഷങ്ങൾകഴിച്ചു. അക്കാലത്തു സന്ദശിച്ചിട്ടുള്ള സ്ഥലങ്ങൾ, കണ്ടിട്ടുള്ള മഹാത്മാക്കൾ, നേരിട്ടിട്ടുള്ള അനുഭവങ്ങൾ മുതലായവ എത്രയെന്നും എന്തൊക്കെയെന്നും ആക്കും അറിയാത്തവിധം അജ്ഞാതമായിരിക്കുന്നു. പുഴകളും കായലുകളും നീന്തിക്കടക്കുകയും ചില സിദ്ധന്മാരുമായി പരിചയപ്പെടുകയും, അപകടങ്ങളിൽനിന്ന് അത്ഭുതമാംവണ്ണം രക്ഷപ്രാപിക്കയും ഭക്ഷണം കിട്ടാതെ പട്ടിണികിടക്കുകയും, കിടപ്പാൻ മററു സ്ഥലമില്ലാതെ കാഷ്ഠമൂത്രങ്ങളാൽ ദുർഗ്ഗന്ധം നിറഞ്ഞ ആട്ടിൻകൂട്ടിന്മേൽ സുഖമായ് നിദ്രകൊള്ളുകയും ഉണ്ടായിട്ടുണ്ടെന്ന് ഗുരുദേവൻ സംഭാഷണമദ്ധ്യേ സൂചിപ്പിച്ചിട്ടുണ്ട്. അധികവും കടലോരങ്ങ

ളിൽക്കൂടിയാണു് സഞ്ചരിക്കുക. അപ്പോൾ മീൻപിടിത്തക്കാരായ മുക്കുവരുടേയും മുഹമ്മദീയരുടേയും കൂടെ താമസിക്കും. അവരോടൊരുമിച്ച് ഭക്ഷണം കഴിക്കും. അവരുടെ കുട്ടികളെ എടുത്തു് കളിപ്പിക്കുകയും ചോറുവാരി കൊടുക്കയും ചെയ്യും. പ്രഭാതത്തിനു് വളരെ മുൻപുതന്നെ എണീററു് പ്രതിദിവസം മുപ്പതും നാല്പതും നാഴിക നടക്കും. ഈ വിധമുള്ള സത്യാന്വേഷണപരിശ്രമങ്ങളെ മതിയാക്കി അതിനേക്കാൾ തീവ്രമായ തപസ്സിനാണു് പിന്നീട് ആരംഭിച്ചതു്.

"കാലമിനിക്കളയാതിനുതാൻ പോയി
വേല തുടങ്ങിയാ സിദ്ധിയെ സ്വർഗ്ഗത്തി
ലാലീനമെന്നാകിലും, നരകത്തിന്റെ
മൂലയിലെങ്ങാൻ മറഞ്ഞു മിന്നീടിലും,

എല്ലാർക്കുമാസന്നമായ് രണ്ടു ദിക്കിലു
മല്ലാതിടക്കു തങ്ങീടിലും, യത്നമാ—
ന്നെങ്ങനെയെങ്കിലുമെങ്ങെങ്കിലും ബുദ്ധി
മങ്ങാതെ ചെന്നേതു കാലത്തിലെങ്കിലും

കണ്ടു കരസ്ഥമാക്കിപ്പോരുവനിനി
കണ്ടിതമെന്തിനു ഞാൻ തന്നെ പോകുവൻ.
ഏതു വ്രതവുമെടുക്കുവനേതേതു
യാതനവന്നെത്തിയാലും സഹിക്കുവൻ

ഉർവ്വിയിലും ദ്യോവിലും നരകത്തിലും
സർവ്വജനങ്ങൾക്കുമെന്റെ യത്നംകൊണ്ടു്
നിർവ്വാണ ലാഭം വരേണമതു മതി."

(ആശാൻ)

വെറുതേ സഞ്ചരിച്ചുംകൊണ്ടു് കാലം കഴിച്ചിട്ടു് പ്രയോജനമില്ലല്ലോ. ഇവരുടെയെല്ലാം കഷ്ടതകൾ തീൎത്തു് രക്ഷിക്കുവാൻ സാധാരണ മനുഷ്യനു് അസാദ്ധ്യംതന്നെ. ദിവ്യശക്തിയില്ലാതെ ഈകാൎയ്യം സാദ്ധ്യമല്ലതന്നെ. മഹാത്മാക്കൾക്കു് തപസ്സുകൊണ്ടു് സിദ്ധികൾ ഉണ്ടായതായി കേട്ടിട്ടുണ്ടു്. പാവങ്ങളെ രക്ഷിക്കാനായി വല്ല സിദ്ധിയും ഉണ്ടെങ്കിൽ അതു് കരസ്ഥമാക്കാതെ ഇനി ജീവിച്ചിട്ടു് പ്രയോജനമില്ല. നരകംപോലെയുള്ള ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിയിരുന്നാലും ഞാൻ ആ കാൎയ്യം സാധിക്കാതെയിരിക്കയില്ല. ദുഃഖിക്കുന്ന ജനങ്ങൾക്കു് എന്റെ ജന്മംകൊണ്ടു് എന്തെങ്കിലും ഒരു രക്ഷ കിട്ടണം.

ഇപ്രകാരമുള്ള പരിപാവനമായ സങ്കല്പത്തോടും അചഞ്ചലമായ നിശ്ചയത്തോടുംകൂടി ഗുരുദേവൻ ദുൎഗ്ഗമങ്ങളായ വനങ്ങളിലേക്കു് സഞ്ചാരം മാററിത്തുടങ്ങി. മലമുകളിലും ഗുഹകളിലും ധ്യാനനിരതനായി ഇരിപ്പാൻതുടങ്ങി. അരുവിപ്പുറം, മരുത്വാമല എന്നീ സ്ഥലങ്ങളാണു് ആ തപോധനന്റെ സാന്നിദ്ധ്യത്താൽ പാവനങ്ങളായിത്തീൎന്നതു്. മനുഷ്യസഞ്ചാരമുള്ള സ്ഥലങ്ങളിൽനിന്നും ദൂരെയായി വന്മരങ്ങളാൽ നിബിഡമായ പെരുങ്കാടുകളാൽ മൂടപ്പെട്ട മലകൾ ഇരുവശവും നിരന്നുനില്ക്കുന്നതും, പുലി, കരടി, പാമ്പു്, മുതലായ വന്യജീവികൾ സ്വച്ഛന്ദവിഹാരം ചെയ്തിരുന്നതുമായ അരുവിപ്പുറം താഴ്‌വരകളിൽകൂടി അച്ഛസ്ഫടികമായ ജലം സദാ ഹുങ്കാരശബ്ദത്തോടുകൂടി പാറക്കൂട്ടങ്ങളിൽ തട്ടിപ്പായുന്നു. പ്രകൃതി മനോഹരമെങ്കിലും ഏകാന്തതയാൽ ഭയങ്കരമായ ആ മലച്ചെരു

വിൽ പുഴയുടെ സമീപത്തായി പാറക്കൂട്ടങ്ങളുടെ ഇടയിൽ ഒരു ഗുഹ ഇന്നും കാണ്മാനുണ്ട്. മലയുടെ മുകളിലും ഈ ഗുഹയിലുമായി താമസിച്ചും, പച്ചിലകൾ, കിഴങ്ങുകൾ, കായ്കൾ, പഴങ്ങൾ മുതലായവ ഭക്ഷിച്ചും, വനജീവികളുമായി ഭയലേശം കൂടാതെ സഹവസിച്ചും, കാററും മഴയും കടുത്ത മഞ്ഞും അഗണ്യമാക്കിയും, രാപകൽ അധികസമയം ധ്യാനനിരതനായും, കുറെ വഷങ്ങൾ അരുവിപ്പുറത്തു കഴിച്ചു. മരുത്വാമലയുടെ അഗ്രത്തിലുള്ള ഒരു ഗുഹയിലും ചിലപ്പോൾ ചെന്നിരിക്കുക പതിവായിരുന്നു. ഋഷീശ്വരന്മാരുടെ ചിന്താഗതി ആക്കറിയാം. കന്മഷരഹിതനായ ഗുരുദേവന്ന് ഉഗ്രമായ തപസ്സിൻെറ ആവശ്യം എങ്ങനെ നേരിട്ടു. ശമദമാദികളാൽ പരിശുദ്ധമായ മനോവാക്കമ്മങ്ങളോടുകൂടിയ ഒരു പുണ്യാത്മാവിന്ന് നിസ്സംഗനാകുവാൻ വനവാസം അത്യാവശ്യമെന്നുണ്ടോ. ആത്മാനുഭൂതിയുണ്ടാകുന്നതു് പുനർജന്മംപോലെയുള്ള ഒരവസ്ഥയാണെന്നും, ഈശ്വരസമാഗമത്താൽ മാത്രമേ അതു് ജഡജീവികൾക്ക് സാദ്ധ്യമാകയുള്ളുവെന്നും, ലോകബഹളങ്ങൾക്കുള്ളിലിരിക്കുമ്പോൾ അങ്ങനെയുള്ള സമാഗമം സാദ്ധ്യമല്ലെന്നും തത്വവിത്തുകൾ പറയുന്നതു് ശരിയായിരിക്കാം. അഥവാ യോഗരഹസ്യങ്ങൾ മനുഷ്യരുടെ അശുദ്ധദൃഷ്ടിയിൽ പെട്ടാൽ ആപൽക്കരമായിരിക്കുമെന്നു വിചാരിച്ചാണോ യോഗികൾ ഏകാന്തവാസത്തെ കാംക്ഷിക്കുന്നതു്. ഒരുപക്ഷെ പക്ഷിമൃഗാദികളേയും പ്രകൃതിശക്തികളേയും സ്വാധീനമാക്കുവാൻ കൂടുതൽ സൌകയ്യമുള്ളതുകൊണ്ടായിരിക്കുമോ ജിതേന്ദ്രിയന്മാർ വനങ്ങളിലേ

ക്ക് പോകുന്നത്. എങ്ങനെയായാലും ബുദ്ധൻ, ക്രിസ്തു, മുഹമ്മദ് നബി മുതലായ ആരാദ്ധ്യപുരുഷന്മാർക്കും ഇതു പോലെയുള്ള ജീവിതഘട്ടങ്ങൾ ഉണ്ടായിരുന്നതായി പറയപ്പെടുന്നു.

"അനപായമായതിൻ താഴത്തു മർത്ത്യരാരും
ഖനനം ചെയ്യാത്തതായ്, കാണുന്നു വിവൃതമായ്,
വനവാർകുന്തൽ ചിന്നും ഭാരതവനികളെല്ലാ-
രനഘ കണ്ണുപുടം പോലൊരു ഗുഹാമുഖം.
ബോധാചാര്യൻ തന്നുള്ളിൽ നിർവ്വാണഗീതസ്വരം
സാധനം ചെയ്‌വതാദ്യം കേട്ടതിസ്ഥലമല്ലോ.
അതിനെ നമസ്കരിക്കേണം നാമതിനേക്കാൾ
ക്ഷിതിയിൽ പാവനമായ് മറെറാരു ദിക്കില്ലല്ലോ.
വേനലിൽ വനം വെന്തു പായും മാൻ നിരകൾക്ക്
കാനൽ നീർ ഭ്രമം ചേർത്തു കാളും വൻവെയിലിലും,
കൊടിയവർഷത്തുവിൽ കാററിൽ വന്മരങ്ങളാ
ഞ്ഞടിയുമാറു ചീറിപ്പെയ്യും പേമഴയിലും,
പടുമല്ലനും ചോരയുറഞ്ഞു രോമം ചീർത്തു
തടിയിൽ വിറതേടും ഹേമന്തശൈത്യത്തിലും,
വന്ദനീയൻ ശ്രീ ഭഗവാനാധാരമാകുമീ
വൻ ഗുഹയല്ലോ തുണ നല്കിയതൊട്ടുകാലം."

(ആശാൻ)

അരുവിപ്പുറത്തുള്ള ആ ഗുഹ സന്ദർശിക്കുമ്പോൾ നമുക്ക് രോമാഞ്ചം ഉണ്ടാകുന്നു. ഗുരുദേവന്റെ തപസ്സു കാണുവാൻ മനുഷ്യർക്കാർക്കും ഭാഗ്യമുണ്ടായില്ല. ആ ഗുഹക്ക് മാത്രമേ അതിനുള്ള പുണ്യമുണ്ടായുള്ളൂ. ഭാഗ്യവത്തായ

കന്ദരമേ! ഞങ്ങൾ നിന്നെ നമസ്കരിക്കേണം നിന്നെപ്പോലെയുള്ള ഒരു പുണ്യസ്ഥലം മറെറവിടെയുണ്ട്. വേനൽക്കാലത്ത് കാട്ടുമൃഗങ്ങൾപോലും ചൂടുസഹിക്കാതെ ഓടിനടക്കുമ്പോൾ ഗുരുദേവന് തണൽ നല്കിയതു നീയല്ലേ. വലിയ വർഷത്തിൽ വന്മരങ്ങൾ കാററിൽപെട്ട് ഝടപടായെന്നു മറിഞ്ഞു വീണുപോയി. എങ്കിലും നീ ഗുരുദേവനെറ കാത്തുരക്ഷിച്ചു. ഏതു ശക്തൻേറയും ദേഹം തണുത്തു വിറക്കുന്ന മഞ്ഞുകാലത്ത് ഗുരുദേവന് തുണയായി നിന്നതും നീ തന്നെ. നിന്നെ ഞങ്ങൾ നമസ്കരിക്കുന്നു.

"നിശ്ചല ധ്യാനം തുടങ്ങിയപ്പോൾ
നിശ്ശബ്ദമായിതു കാടശേഷം.
ഓടാതെ നിന്നു മൃഗങ്ങളെല്ലാം
പാടാതിരുന്നതു പക്ഷിവൃന്ദം
പാറമേൽ തട്ടിത്തടഞ്ഞു മന്ദം
മാരെയൊഴുകുമരുവിയോടായ്
തണ്ടുലഞ്ഞാടിയൊഴുക്കിൽ വല്ലി
"മിണ്ടല്ലേ മിണ്ടല്ലേ" എന്നു ചൊല്ലി.
വമ്പുലി ഒച്ചയുണ്ടാക്കിടാതെ
പങ്ങിപ്പതുങ്ങി നടന്നുമെല്ലെ,
ദേവനു തെല്ലു തളച്ചു വന്നാൽ
ആവോളം ശുശ്രൂഷ ചെയ്യുവാനായ്
മാമരക്കൂട്ടം മറഞ്ഞുകൊണ്ട്
മാരുതൻ മാത്രമടുത്തു നിന്നു."

ഈശ്വരനാൽ സൃഷ്ടിക്കപ്പെട്ട ഈ ഭൂതലത്തിൽ ഇത്രത്തോളം അധർമ്മം ഉണ്ടാകുമോ. സമയത്ത് ഓല മേയുവാൻ സാധിക്കായ്കയാൽ വെള്ളം വീണ് നിലം കുന്നും കുഴിയുമായിരിക്കുന്നു. ഒരററത്ത് പൊട്ടക്കലങ്ങൾ, അതിനടുക്കെ ചാമ്പൽക്കൂട്ടം, അവക്കിടയിലൊരു ചൊക്ലിപ്പട്ടി. ഇങ്ങനെയുള്ള മലിനതയാൽ നിറഞ്ഞ ആ ചാളയിൽ ജീവിക്കുന്നവരും മനുഷ്യരല്ലേ. എന്നാൽ മനുഷ്യർക്കുള്ള എന്തെങ്കിലും സുഖസൗകര്യങ്ങൾ അവർക്കുണ്ടോ? പകൽ മുഴുവൻ വേലയെടുത്താലും വയറുനിറയെ കഞ്ഞികുടിക്കാൻ അവർക്കു സാധിക്കുന്നില്ല. അന്യരുടെ ശകാരങ്ങളും ചിലപ്പോൾ പ്രഹരവും കിട്ടാത്ത ദിവസമില്ല. ആ വീട്ടിലുള്ള ഏകസന്താനമാണ് എല്ലും തോലും മാത്രം ശേഷിപ്പുള്ള എട്ടു വയസ്സായ ചാക്കു. രണ്ടു പൈക്ക് ഉപ്പും മുളകും വാങ്ങുവാനായി അവൻ പൊതുനിരത്തിൽക്കൂടി പോയപ്പോൾ അയിത്തമാക്കിയെന്നു പറഞ്ഞ് അവനെ അടിച്ചു തല പൊട്ടിക്കയും, കയ്യിലുള്ള കാശുമേടിച്ചു കുളത്തിലേക്ക് എറിയുകയും ചെയ്തതും ഇവരെപ്പോലെ മനുഷ്യർതന്നെയല്ലേ. പനിപിടിച്ചു വിറയ്ക്കുന്ന അവസരത്തിലും ചാക്കു കൊണ്ട് ദേഹം പുതച്ച് പോത്തുകളുടെ പിന്നാലെ പോകുവാൻ നിർബന്ധിതരാകുന്ന ഇവരും നമ്മെപ്പോലെ മനുഷ്യരല്ലേ. ഉണ്മാനില്ല, ഉടുപ്പാനില്ല, കിടപ്പാൻ പുരയില്ല, അക്ഷരജ്ഞാനമില്ല, സ്വാതന്ത്ര്യമില്ല, ഈശ്വരനെ അറിഞ്ഞുകൂടാ. മദ്യമാംസാദികളാൽ ദുർമ്മൂർത്തികളെ തീററുവാനല്ലാതെ സാത്വികചിന്തകൾ ഒന്നുമില്ല. ക്ഷേത്രങ്ങളുടെ അടുക്കൽപോലും ചെന്നുകൂടാ. ഹാ! ഈ പാവങ്ങ

ളും മനുഷ്യരല്ലേ. മനുഷ്യരെ മൃഗപ്രായമാക്കിത്തീൎത്ത ജാതി എത്ര ഭയങ്കരം. അനേകനൂററാണ്ടുകളായി ഹിന്ദുമതത്തെ ആശ്രയിച്ച് ജീവിക്കുന്ന ഈ പാവങ്ങളെ പിന്നെയും പിന്നെയും ചവുട്ടിതാഴ്ത്തുകയല്ലാതെ ഒന്നു നിവൎന്നു നില്ക്കുവാനായ് അതെ, മററു മനുഷ്യരെപ്പോലെ ഭയപ്പെടാതെ തലയുയൎത്തി നില്ക്കുവാനായി ആരും ഒരു സഹായവും ചെയ്തില്ലല്ലോ. നോക്കുക ജാതിയുടെ പൈശാചികത്വം. അനേകകോടി ഭാരതസന്താനങ്ങൾ ലോകത്തിലെ പറയരായിതീൎന്നിരിക്കുന്നു. പൂൎവ്വികന്മാർ സമ്പാദിച്ച അനൎഘങ്ങളായ വിദ്യാസമ്പത്തും യശസ്സമ്പത്തും ആത്മികശക്തിയും എല്ലാം നഷ്ടമാക്കി പേപ്പട്ടികളെപ്പോലെ തമ്മിൽ കടിക്കുട്ടുന്നതിന് ഇടയാക്കുന്നതും ഹിന്ദുസമുദായത്തെ നിത്യവും ക്ഷയിപ്പിച്ചുകൊണ്ടിരിക്കുന്നതും ജാതിയല്ലെ. എങ്ങനെയുള്ളതാണീ ജാതി? കണ്ടാൽ അറിഞ്ഞുകൂടാ തൊടുവാനോ, കേൾക്കുവാനോ, ഘ്രാണിക്കുവാനോ മറേറതെങ്കിലും ഇന്ദ്രിയദ്വാരാ അനുഭവപ്പെടുത്തുവാനോ സാധിക്കാത്ത ഒരു ദുൎവ്വാസന മാത്രമല്ലാതെ അതിൽ ഒന്നും ശേഷിപ്പില്ല. ഒരാളുംതന്നെ അതിനെ യഥാൎത്ഥത്തിൽ ബഹുമാനിക്കയൊ ആചരിക്കുകയോ ചെയ്യുന്നില്ല. ഏററവും കുലിനനും ഭക്തനുമായവൻപോലും അതിനെ പലവിധത്തിൽ സ്വസൗകൎയ്യങ്ങൾക്കുവേണ്ടി നിഷേധിക്കുന്നു. അതിൽ ഒരു സത്യവും ധൎമ്മവും ഇല്ല. അത് എല്ലാ സത്യത്തിനും എല്ലാ ധൎമ്മത്തിനും വിരോധമായ ഒരു ദുർബോധം മാത്രമാകുന്നു. അത് എല്ലാവരേയും, ഉയൎന്നവനേയും, താഴ്ന്നവനേയും, ഒരുപോലെ അധഃപതിപ്പിക്കു

കയല്ലാതെ ആരേയും പരമാൎത്ഥത്തിൽ ഉൽകൃഷ്ടരാക്കുന്നി ല്ല. ഉൽകൃഷ്ടരായവർകൂടി ജാതിബുദ്ധിയാൽ മനുഷ്യധ ൎമ്മങ്ങളെ വിസ്മരിക്കയും സ്വസഹോദരങ്ങളെ മൎദ്ദിക്കയും സമുദായത്തേയും, രാജ്യത്തേയും ക്ഷയിപ്പിക്കയും അവരവ ൎക്ക് ദുഷ്കീൎത്തിയും ആത്മനാശവും വരുത്തുകയും ചെയ്യുന്നു.

"വ്യാമോഹമാന്നും സുഖത്തിൽ—പര
ക്ഷേമത്തിൽ വിപ്രിയമാന്നും,
പാമരചിത്തം പുകഞ്ഞു—പൊങ്ങും
ധൂമമാമീഷ്യാ താൻ ജാതി.
സ്വന്തകുടുംബം പിരിക്കും—അത്
ബന്ധുക്കളെ വിഭജിക്കും
ഹന്ത! വൎഗ്ഗങ്ങൾ തിരിക്കും—പക
ച്ചന്ത്യമായ് ലോകം മുടിക്കും."

ജാതികൊണ്ട് ഒരുപയോഗം മാത്രമേയുള്ളു. പാവ ങ്ങളെ—നാം കൈകൊടുത്ത് രക്ഷിക്കേണ്ടതായ പാവങ്ങ ളെ ചവുട്ടിതാഴ്ത്തുവാനും ദ്രോഹിക്കുവാനും അവരുടെ എ ല്ലാ മേന്മകളും സ്ഥിരമായി തടയുവാനും, അവരുടെ അ വകാശങ്ങളേയും സ്വാതന്ത്ര്യത്തേയും നിഷേധിക്കുവാനും, നാം സ്നേഹിച്ച് അടുപ്പിക്കേണ്ടവരെ ആട്ടി ഓടിക്കുവാനും മാത്രം ജാതിബോധം ഉപയോഗപ്പെടുന്നു. ഹാ! സ്വാത ന്ത്ര്യത്തിനുവേണ്ടി ജീവിക്കേണ്ട മനുഷ്യൻ അടിമത്വമായ ജാതിയെ പരിപാലിച്ച് അവനവൻേറയും മററുള്ളവരു ടേയും സ്വാതന്ത്ര്യബോധം നശിപ്പിക്കുന്നു. ഹാ! സമഭാ വനയെ പുലൎത്തേണ്ടവർ സങ്കല്പമാത്രങ്ങളായ ഉച്ചനീചത്വ ങ്ങളെ ആരോപിച്ച് അന്യോന്യം തല്ലി പിരിയുന്നു.

ററാ! സാഹോദൎയ്യത്തിൽ വിശ്വസിക്കേണ്ട മനുഷ്യർ ജാതിപിശാചിനെ ആരാധിച്ചു് ഉന്മത്തരായി പരഹിംസയിൽ സ്വസായൂജ്യത്തെ കാണുന്നു. ഈ അന്ധവിശ്വാസത്തിൽനിന്നു — വെറും അനൎത്ഥസങ്കല്പം മാത്രമായിരിക്കുന്ന ജാതിയിൽനിന്നു്, ഏതുവിധം മനുഷ്യരെ രക്ഷിക്കാമെന്നാലോചിച്ചു് ഗുരുദേവൻ തന്റെ വേലകൾ ഓരോന്നായി ആരംഭിച്ചു.

മുഹമ്മദീയർ, കൃസ്ത്യാനികൾ, ബുദ്ധമതക്കാർ മുതലായ ധൎമ്മഭടന്മാരുടെ ശക്തിയിൽനിന്നു് രക്ഷപ്രാപിക്കാനും, വിദ്യാഭ്യാസം സ്വാതന്ത്ര്യബോധം മുതലായ സംസ്കാരസൂര്യന്മാരുടെ പ്രകാശത്തിൽ ജീവനാശത്തെ ഭയപ്പെട്ടും എല്ലാവരേയും ഒരുപോലെ കബളിപ്പിച്ചു് നടന്നിരുന്ന ജാതിക്കോമരം ഒരിടത്തും രക്ഷയില്ലെന്നു കണ്ടപ്പോൾ ദൈവത്താൽ പരിത്യജിക്കപ്പെട്ടിരുന്ന ക്ഷേത്രങ്ങളിൽ കയറിയൊളിച്ചു് അജ്ഞന്മാരുടെ ആരാധനാമൂൎത്തിയായി വാഴുന്നതിനെ നോക്കി അങ്ങനെയുള്ള കേന്ദ്രങ്ങളിൽനിന്നു് അവനെ പുറത്തു ചാടിക്കുവാൻ ഒന്നാമതായി ഗുരുദേവൻ തീൎച്ചയാക്കി. ക്ഷേത്രങ്ങളിലും മററും ഒളിച്ചിരുന്നു് പററിക്കാനല്ലാതെ പുറത്തുവന്നാൽ ജാതിക്കു് ഒരിടത്തിലും ആശ്രയമില്ലെന്നറിഞ്ഞു് ജാതിയില്ലാത്ത ക്ഷേത്രങ്ങൾ നിൎമ്മിക്കുവാൻ ഗുരുദേവൻ നിശ്ചയിച്ചു. മനുഷ്യരുടെയിടയിൽ പോയാൽ ജാതി ബാധിക്കാതിരിക്കയില്ലെന്നു് വിചാരിച്ചിട്ടോ എന്നു തോന്നുമാറു് ഒന്നാമത്തെ ക്ഷേത്രം മനുഷ്യവാസമില്ലാത്ത കാട്ടിലാണു് പ്രതിഷ്ഠിച്ചതു്. അരുവിപ്പുറത്തുള്ള ആ വിശേഷപ്പെട്ട നദിയുടെ സമീപത്തു ഒരു പാറക്കു ചുററും പല ദിക്കുകളിൽനിന്നും വന്നു

ച്ചെന്നിട്ടുള്ള അനേകം ഭക്തജനങ്ങൾ ഈശ്വരനാമോച്ചാരണങ്ങളാൽ വൻകാട്ടിലെ നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു് തിക്കിക്കൂടിയിരിക്കുന്നു. അവരുടെ മദ്ധ്യത്തിൽ ദിവ്യമായ മുഖകാന്തിയോടുകൂടിയ ഒരു യുവയോഗി കൂപ്പുകൈകളോടുകൂടി കണ്ണടച്ചു് ധ്യാനിച്ചുകൊണ്ടു നില്ക്കുന്നു. മണിക്കൂറുകൾ ഓരോന്നായി കടന്നുപോയി. നേരം വളരെയായെങ്കിലും ആ യോഗിവര്യൻ നിഷ്ഠയിൽനിന്നു് ഉണരാതെ നില്ക്കുന്നതുകണ്ടിട്ടു് ജനങ്ങൾ ഭക്തിപാരവശരായി തുടരെത്തുടരെ ഉച്ചത്തിൽ കീർത്തനങ്ങൾ ചൊല്ലിത്തുടങ്ങി. ഗുരുദേവന്റെ നേത്രങ്ങളിൽനിന്നു ധാരധാരയായി സ്നേഹബാഷ്പം ഒലിക്കുന്നതായി കാണപ്പെട്ടു. ആ സമയം ആകാശം ഇടിമിന്നൽ പോലെയുള്ള ഒരു പ്രഭാപൂരത്താൽ ജാജ്വല്യമാകയും തൽക്ഷണം ധ്യാനത്തിൽനിന്നുണർന്നു ഗുരുദേവൻ വെറും പാറപ്പുറത്തു് ഒന്നാമത്തെ പ്രതിഷ്ഠ നടത്തുകയും ചെയ്തു. ക്ഷേത്രപ്പണി ആദ്യം നിർവഹിച്ചാൽ പ്രതിഷ്ഠക്കുമുമ്പു് തന്നെ ജാതിപ്പിശാചു് അതിനുള്ളിൽ സ്ഥലം പിടിച്ചെങ്കിലോ എന്നു് വിചാരിച്ചിട്ടായിരിക്കാം വെറും പാറപ്പുറത്തു് പ്രതിഷ്ഠ നടത്തിയതു്. ആ പുണ്യസ്ഥലം പിന്നീടു് ക്ഷേത്രം, മഠം മുതലായ സ്ഥാപനങ്ങളുടെ നിർമ്മാണത്താൽ കൃതാർത്ഥതയെ പ്രാപിക്കയും ചെയ്തു. ജാതിഭയാകുലരായ സർവ്വജനങ്ങൾക്കും അതൊരു ആശ്രയസ്ഥാനമായിത്തുടങ്ങി.

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാമിതു്."

എന്നു ഗുരുദേവൻ ആ പ്രദേശത്തെ അനുഗ്രഹിക്കയും ക്ഷേത്രപ്രതിഷ്ഠയുടെ ഒരു പ്രധാനലക്ഷ്യത്തെ പ്രത്യക്ഷമാക്കയും ചെയ്തു.

ജാത്യന്ധയായ ഒരു പെൺകുട്ടിയെ മാതാപിതാക്കന്മാർ അരുവിപ്പുറത്ത് ഭജനത്തിനായി കൊണ്ടുവന്നു. അമാനുഷശക്തികളോടുകൂടിയ ഗുരുദേവന്റെ അനുഗ്രഹമുണ്ടായാൽ കാഴ്ചകിട്ടും എന്നു വിശ്വസിച്ചാണ് അവർ വന്നിരുന്നത്. ആ സമയം ഗുരുദേവൻ സ്ഥലത്തുണ്ടായിരുന്നില്ലെങ്കിലും കുട്ടി ക്ഷേത്രനടയിൽ തൊഴുതുകൊണ്ടുനിന്നപ്പോൾ ഗുരുദേവൻ വന്ന് കണ്ണുതുറന്നതുപോലെ കുട്ടിക്കു തോന്നുകയും കണ്ണുകൾക്ക് കാഴ്ചലഭിക്കയും ചെയ്തു. നാനാദിക്കുകളിൽനിന്ന് സ്വാമികളെ അന്വേഷിച്ച് ജനങ്ങൾ അവിടെ ചെന്നുതുടങ്ങി. രോഗം ശമിപ്പിക്കയും ഭൂതങ്ങളെ ഒഴിക്കയും, ഉപദേശം നല്കുകയും, ശാസ്ത്രങ്ങൾ പറഞ്ഞുകൊടുക്കയും മററുപ്രകാരത്തിൽ സാധുക്കളെ അനുഗ്രഹിക്കയും ചെയ്തുകൊണ്ട് ഗുരുദേവൻ വർത്തിച്ചു. അതിനുശേഷം നാല്പതു വർഷത്തോളം ലോകസേവാനിരതനായി അനേകസ്ഥലങ്ങളിൽ സഞ്ചരിച്ച് അനവധി ക്ഷേത്രങ്ങളും മഠങ്ങളും സ്ഥാപിച്ചും ഒരിന്ദ്രജാലക്കാരനെപ്പോലെ സാന്നിദ്ധ്യത്താലും സങ്കല്പത്താലും മാത്രം നിഷ്പ്രയാസം നിരവധി ധർമ്മസ്ഥാപനങ്ങളുടെ നിർമ്മാതാവായിത്തീർന്ന ഗുരുദേവന്റെ വൈഭവം ആലോചിക്കുംതോറും വിസ്മയാവഹമായിത്തീരുന്നു. ഇതുപോലെ ആർക്ക് സാധിച്ചിട്ടുണ്ട്. ഇനി ആർക്ക് സാധിക്കും. ഒരിടത്ത് ഒരു വ

ലിയ ക്ഷേത്രത്തിന് സ്ഥലം നിർണ്ണയിച്ച് പൗരപ്രമാണികളുടെ ഒരു കമ്മററിയിൽ ഭാരമേല്പിച്ച് ഗുരുദേവൻ ശിവഗിരിയിലേക്കു മടങ്ങി. പ്രമാണികൾ എത്രയെല്ലാം പരിശ്രമിച്ചിട്ടും ആവശ്യമുള്ള പണം പിരിഞ്ഞു കിട്ടിയില്ല. പണി തുടരുവാൻ വിഷമമായിത്തീൎന്നു. ഇനിയും വളരെ അധികം പണം വേണ്ടിയിരിക്കുന്നു എന്തു് ചെയ്യാം. ഒരു ഭക്തൻ ശിവഗിരിയിൽചെന്നു ഗുരുദേവനോട് സങ്കടം ഉണൎത്തിച്ചു. "ക്ഷേത്രംതന്നെ ക്ഷേത്രത്തെ ഉണ്ടാക്കും. ഒരു ഭണ്ഡാരം വയ്ക്കണം." എന്നു് ഗുരുദേവൻ മന്ദഹസിച്ചുകൊണ്ടു് പറഞ്ഞു. കാണിക്കപ്പെട്ടി നടയിൽ വെച്ച ദിവസംമുതൽ നിറഞ്ഞുതുടങ്ങി. പണം ഒരു കുറവും ഇല്ലാതെ നടയിൽ എത്തിക്കൊണ്ടിരുന്നു. മറെറാരിടത്തു് ക്ഷേത്രപ്പണി ആരംഭിച്ചപ്പോൾ ഒരു കാണിക്കപ്പെട്ടി നടയിൽ വെച്ച് ഗുരുദേവൻതന്നെ ആദ്യമായി ഒരുറുപ്പിക അതിലിട്ടു. ജനങ്ങളുടെ സംഭാവനകൾകൊണ്ടു് പെട്ടി ദിവസവും നിറഞ്ഞുകൊണ്ടിരുന്നു. ക്ഷേത്രപ്പണിക്ക് ആവശ്യമായ അനേകായിരം ഉറുപ്പിക അതിൽ വന്നുചേരുകയും ചെയ്തു. ഇപ്രകാരം ഗുരുദേവൻെറ അനുഗ്രഹശക്തിയാലാണു് നാം കാണുന്ന ക്ഷേത്രങ്ങളും, മഠങ്ങളും, വിദ്യാലയങ്ങളും, സ്വത്തുക്കളും ഉണ്ടായതു്. മറെറാരുപ്രകാരത്തിലും അവയെ ഉണ്ടാക്കുവാൻ ആ സാധുജനതക്ക് സാധിക്കയില്ലായിരുന്നു. വടക്കുനിന്നു മംഗലാപുരം മുതൽ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്ടു്, പാലക്കാട്ടു്, തൃശ്ശിവപേരൂർ, ഇരിങ്ങാലക്കുട, ചെറിയോട്ടുകര, ആലുവ, പള്ളുരുത്തി, ചെറായ്, മൂത്തകുന്നു്, ചേൎത്തല, വൈക്കം, കോട്ടയം, കുമരകം, വ

ക്കല, വക്കം, കുളത്തൂർ, കുന്നാംപാറ, അരുവിപ്പുറം, കോട്ടാർ വരെ മലയാളക്കരയുടെ ഒരററംമുതൽ മറെറ അററം കവിഞ്ഞു് സ്ഥാപിക്കപ്പെട്ടിട്ടുള്ള ധമ്മസ്ഥാപനങ്ങൾ കൊണ്ടു് അനേകലക്ഷം ജനങ്ങളുടെ മതകാൎ‌യ്യങ്ങളും, അവയോടുചേൎന്നു് ലൌകികമായ അഭ്യുന്നതിയും സാധിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം ഗുരുദേവൻ,

"അന്ന്യക്കു ഗുണം ചെയ്യതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്ത തപസ്സും ബലിചെയ്‌വൂ."

പാമരജനങ്ങൾ ഈശ്വരന്റെ പേർ പറഞ്ഞും ഹിംസ ചെയ്യുന്നു. പരമ്പരാസിദ്ധങ്ങളായ അന്ധവിശ്വാസങ്ങൾ മാററുവാൻ പ്രയാസംതന്നെ. എത്ര കാളിക്ഷേത്രങ്ങളിൽ, എത്ര കാവുകളിൽ ആടു്, കോഴി മുതലായ മിണ്ടാപ്രാണികളെ പ്രാകൃതർ ബലികഴിക്കുന്നു. രക്തത്തിന്റെയും മദ്യത്തിന്റെയും ലഹരിയിൽ മനുഷ്യർ മതിമറന്നു് എന്തെല്ലാം നിഷ്പ്രവൃത്തികൾ ചെയ്യുന്നു. പാമ്പിനെ പാൽകൊടുത്തു് വളൎത്തിയാലും തരംകിട്ടുമ്പോൾ അതു് കടിക്കുന്നതുപോലെ ദുൎമ്മൂൎത്തികളെ ബലികൎമ്മങ്ങളാൽ ആകൎഷിച്ചു് തൃപ്തിപ്പെടുത്തിയാൽ അവ മനുഷ്യരുടെ ദേഹവും ഗേഹവും ആവാസസ്ഥാനങ്ങളാക്കിത്തീൎക്കുന്നു. ദുർദ്ദേവതകളുടെ ഉപദ്രവങ്ങൾ ക്രമേണ വൎദ്ധിക്കയെല്ലാതെ കുറയുകയില്ല. നീചമായ ആരാധനകൾ ചെയ്യുന്നവർ ക്രമേണ അധഃപതിക്കയെല്ലാതെ ഉൽകൎഷത്തെ പ്രാപിക്കയില്ല. ബുദ്ധിയും പരിഷ്കാരവുമുള്ള ജനങ്ങൾ ആരും തന്നെ പ്രാണിഹിംസ ദൈവാനുഗ്രഹം സമ്പാദിക്കാനുള്ള

മാൎഗ്ഗമായി വിചാരിക്കുന്നില്ല. മതാചാൎയ്യന്മാർ എല്ലാവരും അഹിംസാധൎമ്മത്തെയാണ് ഉപദേശിച്ചിട്ടുള്ളത്. എന്നാലും പാവങ്ങൾ അറിവില്ലായ്മമൂലം ഇപ്പോഴും മൃഗബലിയിൽ വിശ്വസിക്കുന്നു. കശാപ്പുകാരന്റെ ഹൃദയം കഠിനമായിത്തീരുന്നതുപോലെ അധമമായ കൎമ്മങ്ങൾമൂലം ദുർമ്മൂൎത്തികളെ സേവിക്കുന്നവർ ദുഷ്ടന്മാരും ദ്രോഹികളുമായി മാറുന്നു. ഇതെല്ലാം വിചാരിച്ച് ഗുരുദേവൻ വളരെ മനസ്താപപ്പെട്ടു.

"ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നല്കുകുള്ളിൽ നിൻ
തിരുമെയ്‌വിട്ടകലാത്ത ചിന്തയും".

എന്ന് സാധുക്കളുടെ ഗുണത്തിനായി ഗുരുദേവൻ പ്രാൎത്ഥിച്ചു. സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം ജീവകാരുണ്യത്തെപ്പറ്റി ജനങ്ങൾക്ക് ഉപദേശം ചെയ്തു.

"എല്ലാവരുമാത്മസഹോദരരെ-
ന്നല്ലേ പറയേണ്ടതിതോൎക്കുകിൽ നാം
കൊല്ലുന്നതുമെങ്ങനെ ജീവികളെ
തെല്ലും കൃപയറ്റു ഭുജിക്കയെതും.
കൊല്ലായ്കിലവൻ ഗുണമുള്ള പുമാൻ
അല്ലായ്കിൽ മൃഗത്തൊടു തുല്യനവൻ
കൊല്ലുന്നവനില്ല ശരണ്യത മ-
റ്റെല്ലാ വക നന്മയുമാൎന്നിടിലും."

(ഗുരുദേവൻ)

ഇപ്രകാരമുള്ള ഉപദേശങ്ങളാൽ ജനങ്ങളെ ഹിംസകളിൽനിന്നു വിരമിപ്പിച്ചു. അനേകം ക്ഷേത്രങ്ങളിൽ ബലി നിൎത്തൽചെയ്തു. ഹിംസനാടന്നിരുന്ന ക്ഷേത്രങ്ങൾ പൊളിച്ചുമാററി സാത്വികാരാധനക്കുള്ള ദേവാലയങ്ങൾ നിൎമ്മിച്ചു. കാവുകളും കാടുകളും വെട്ടിനീക്കി ഗൃഹപരിസരങ്ങൾ ശുദ്ധമാക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചു. ചെമ്പഴന്തിയിലുണ്ടായിരുന്നതും ചെറുപ്പകാലത്ത് ധ്യാനവ്രതാദികൾക്ക് ഉപയോഗിച്ചിരുന്നതുമായ മണക്കൽ കാളിക്ഷേത്രത്തിലെ അധമാരാധനകൾ നിൎത്തുകയും കാളിവിഗ്രഹങ്ങളെ എടുത്തുമാററുകയും ചെയ്തു. അതിന്നടുത്തദേശത്തുതന്നെ മൂന്നൂററാണ്ടോളം പഴക്കമുണ്ടായിരുന്ന ഒരു കാളിക്ഷേത്രത്തിൽചെന്നു് അധമപൂജകൾ നിൎത്തുവാനായി ജനങ്ങളോടു പറഞ്ഞപ്പോൾ വൃദ്ധന്മാൎക്ക് അതു് സമ്മതമായില്ല. ഗുരുദേവൻ മനഃസ്താപത്തോടെ ഒന്നും മിണ്ടാതെ ഇറങ്ങിപ്പോയി. കുറച്ചുദിവസം കഴിഞ്ഞു് നട തുറന്നപ്പോൾ അനേകം കാലമായി കേട്ടുകൂടാതെയിരുന്ന കാളിവിഗ്രഹം ചിതൽ പിടിച്ചിരിക്കുന്നതു കണ്ടു് ജനങ്ങൾ ഭയാകുലരാകയും ഗുരുദേവനെ കൂട്ടികൊണ്ടുപോയി കല്പനപോലെ ചെയ്യാമെന്നു സമ്മതിക്കുകയും ചെയ്തു ആ ക്ഷേത്രത്തെ പൊളിച്ചുകളഞ്ഞു് ഹിംസയില്ലാത്ത ഒരു പുതിയ ക്ഷേത്രം ഗുരുദേവൻ അവിടെ സ്ഥാപിച്ചു. ആ പ്രദേശത്തെ ജനങ്ങൾ വലിയ ഭക്തന്മാരായിത്തീരുകയും ഗുരുദേവൻ വളരെക്കാലം അവിടെ താമസിക്കയും ചെയ്തു.

ഒരിക്കൽ ഒരു ഭക്തൻ കോഴിക്കുപകരം വേറെ എന്തു ബലികഴിച്ചാൽ കൊള്ളാമെന്നു് ഗുരുദേവനോടു് ചോ

ദിച്ചു. എന്തെങ്കിലും കാരണംപറഞ്ഞ് മൃഗബലിയെ ന്യായീകരിപ്പാൻ ശ്രമിക്കുന്നവരോടുണ്ടായിരുന്ന അനിഷ്ടത്തെ പ്രത്യക്ഷമാക്കിക്കൊണ്ട് "കോഴിവെട്ടുന്നവൻെറ മകനെ കൊടുത്താലെന്താണ്" എന്നായിരുന്നു ഗുരുദേവൻ ചോദിച്ചത്.

ഹിംസയെപ്പോലുള്ള മറെറാരു പാപകർമ്മമാണ് മദ്യപാനം. ബുദ്ധികെട്ട മനുഷ്യനെപ്പോലെ ഭയങ്കരമായ ഒരു ജീവിയില്ല. അവൻ എന്തും ചെയ്യും. സ്വന്തം ഭാര്യയേയും മക്കളേയും വെട്ടിക്കൊല്ലും. പുരയ്ക്കു തീവെയ്ക്കുന്നതും കിണററിൽ ചാടുന്നതും മററും അവനൊരു നേരമ്പോക്കാകുന്നു. ബുദ്ധി നശിപ്പിച്ച് മനുഷ്യനെ ക്രൂരമൃഗത്തിന് സമനാക്കുന്ന വിഷമാണ് മദ്യം. എത്ര കൊലപാതകങ്ങൾ, എത്ര മററുവിധത്തിലുള്ള അക്രമങ്ങൾ മദ്യപാനം മൂലം നടക്കുന്നു. എത്ര സ്ത്രീകളും കുട്ടികളും മദ്യപാനിയായ ഗൃഹനായകൻെറ ഉപദ്രവം സഹിക്കാൻ സാധിക്കാതെ കിണററിൽചാടിയും മററും ആത്മഹത്യചെയ്യുകയോ നരകതുല്യമായ ജീവിതം വല്ലവിധത്തിലും കഴിച്ചുകൂട്ടുകയോ ചെയ്യുന്നു. നാട്ടിനും വീട്ടിനും നന്മചെയ്യുവാൻ സാധിക്കുന്നവരും വിദ്യയും ധനവുമുള്ളവരുമായ എത്ര യോഗ്യന്മാർ മദ്യപാനാസക്തിയാൽ ഗതികെട്ടവരായി ലോകപരിഹാസത്തിന് പാത്രവാന്മാരാകുന്നു. മദ്യപാനത്തിൽനിന്ന് മറെറല്ലാപാപങ്ങളും ഉണ്ടാകും. അസത്യം, ഹിംസ, സ്തേയം, വ്യഭിചാരം മുതലായ പാതകങ്ങൾക്ക് മദ്യപാനം വഴികാട്ടിയാകുന്നു. ഈ ദോഷങ്ങളെപ്പററി ചിന്തിക്കാതെ പാവങ്ങൾ മദ്യവിക്രയം അവരുടെ കുലധർമ്മമായി വിചാ

രിച്ചു് മററു തൊഴിലുകളിൽ ഏൎപ്പെടാതെയിരിക്കുന്നു. ഈ വിധമുള്ള അന്ധവിശ്വാസങ്ങളേയും നികൃഷ്ടജീവിതത്തെയുംപററി ചിന്തിച്ചു് ഗുരുദേവന്നു് സാധുക്കളുടെമേൽ അലിവുതോന്നി. അവരെ ഈ അഗാധമായ വിപത്തിൽനിന്നും രക്ഷിക്കുവാൻ തന്റെ ആത്മശക്തിയെ പല അവസരത്തിലും ഉപയോഗിച്ചു. അടുത്തു വരുന്നവരോടു് മദ്യപാനത്തിന്റെ ദോഷത്തെപ്പററി പറയുക പതിവായിരുന്നു. "മദ്യം വിഷമാണു്; അതുണ്ടാക്കരുതു്, കൊടുക്കരുതു്, കുടിക്കരുതു്; ചെത്തുകാരന്റെ ദേഹം നാറും, തുണിനാറും, വീടു നാറും, അവൻ തൊട്ടതെല്ലാം നാറും" എന്നൊരു സന്ദേശം ഗുരുദേവൻ പ്രസിദ്ധപ്പെടുത്തി. "ചെത്തു് ഒരു മഹാവ്യാധിയാണു്. ഒരവയവത്തിനു് കുഷ്ഠരോഗമുണ്ടായാൽ ദേഹംമുഴുവൻ അതു ദുഷിപ്പിക്കുന്നതുപോലെ ചിലർ ചെത്തുന്നതുമൂലം സമുദായം മുഴുവൻ കെട്ടുപോകുന്നു." എന്നു് മറെറാരവസരത്തിൽ ഗുരുദേവൻ കല്പിക്കയുണ്ടായി. "വേറെ ഉപജീവനമാൎഗ്ഗം ഇല്ലാത്തതുകൊണ്ടാണു് ചെത്തുന്നതു്" എന്നു് ഒരാൾ പറഞ്ഞപ്പോൾ "ചെത്തിനുള്ള കത്തി നാലാക്കിയാൽ ഓരോ കഷണംകൊണ്ടു് മുടി വടിക്കുവാനുള്ള ഓരോ കത്തിയുണ്ടാക്കാം. അതുംകൊണ്ടു് നടക്കുന്നതായിരിക്കും ചെത്തുന്നതിനേക്കാൾ മാനം" എന്നു് ഗുരുദേവൻ കല്പിച്ചു. അനേകം മദ്യപാനികൾ ഗുരുദേവസന്നിധിയിൽ വന്നു മദ്യം ഉപയോഗിക്കയില്ലെന്നു് ശപഥംചെയ്തു് സദാചാരതല്പരന്മാരായിത്തീൎന്നിട്ടുണ്ടു് വളരെ ജനങ്ങൾ ചെത്തുനിൎത്തി മാനമുള്ള മററു തൊഴിലുകളിൽ ഏൎപ്പെട്ടിട്ടുണ്ടു്. മദ്യനി

രോധന പ്രക്ഷോഭണം രാജ്യമെങ്ങും വ്യാപിച്ച് ഗവൎമ്മെണ്ടുകളുടെ കണ്ണു തുറന്നു.

അരുവിപ്പുറത്ത് മഹാ അക്രമിയായ ഒരു മദ്യപാനിയുണ്ടായിരുന്നു. ഒരുദിവസം ജനങ്ങൾ അവനെപ്പററി ഗുരുദേവനോട്ട് സങ്കടം പറഞ്ഞു. മദ്യപാനിയെ വിളിച്ചു വരുത്തി ഒരു വൃത്തം വരച്ച് അതിനുള്ളിൽ നിൎത്തി ഗുരുദേവൻ ഇപ്രകാരം പറഞ്ഞു.

"ഇപ്പോഴും ചാരായം കുടിക്കാറുണ്ടോ"

"ഉണ്ട്" എന്നു് അവൻ പറഞ്ഞപ്പോൾ

"ഇപ്പോൾ കുടിക്കാമോ കാണട്ടെ",

എന്നു് പറഞ്ഞു് ഒരു കുപ്പിയിൽ പച്ചവെള്ളം വരുത്തി അവനുകൊടുത്തു. അതു് അവൻ കുടിച്ചപ്പോൾ മുമ്പു കുടിച്ചിരുന്നതുംകൂടി ഛൎദ്ദിച്ച് പോകയും അതിനു ശേഷം മദ്യം സേവിക്കുവാൻ ശ്രമിച്ചാൽ അവന് ഛൎദ്ദി ആരംഭിക്കയും മദ്യം തീരെ ഉപേക്ഷിക്കുവാൻ നിൎബ്ബന്ധിതനാകയും ചെയ്തു. മറെറാരവസരത്തിൽ ഒരു ചെത്തുകാരനെ വിളിച്ച് മേലാൽ ചെത്തരുതെന്നും വേറെ വല്ല തൊഴിലും നോക്കണമെന്നും ഉപദേശിച്ചു. ഗുരുദേവൻ ആ പ്രദേശം വിട്ടപ്പോൾ അവൻ പതിവുപോലെ ചെത്തുവാൻ പുറപ്പെട്ടു. കത്തിയുമായി തെങ്ങിന്മേൽ കയറി മദ്ധ്യത്തിൽ എത്തിയപ്പോൾ അവന് കയറുവാനും ഇറങ്ങുവാനും സാധിക്കാതെയായി. അവിടെയിരുന്നു് നിലവിളി തുടങ്ങി. ജനങ്ങൾ ഓടിവന്നു് അവനെ രക്ഷപ്പെടുത്തേണ്ടിവന്നു. അതിനുശേഷം അവൻ ചെത്തു് ഉപേക്ഷിച്ചു. ഇങ്ങ

നെയുള്ള ഉപദേശങ്ങളാലും പ്രവൃത്തികളാലും അനേകം പാവങ്ങളെ ദാരിദ്ര്യത്തിൽനിന്നും പാപത്തിൽനിന്നും രക്ഷിച്ചു.

സാധുജനങ്ങൾ പുരവിററും പണ്ടംവിററും അനാവശ്യമായ സദ്യകളും കർമ്മങ്ങളും നടത്തുന്നതു് നിർത്തുവാൻ ഗുരുദേവന്റെ ഉപദേശങ്ങൾ കാരണമായിത്തീൎന്നു. തിരണ്ടുകുളി, പുളികുടി, താലികെട്ടു് മുതലായ നിരത്ഥകങ്ങളായ ആചാരങ്ങളെ ഓരോന്നായി ജനങ്ങൾ ഉപേക്ഷിച്ചു തുടങ്ങി. ഒരു ധനികന്റെ വീട്ടിൽ താലികെട്ടടിയന്തിരത്തിനു് എല്ലാ ഏർപ്പാടുകളുംചെയ്തു് ജനങ്ങൾ വന്നുകൂടിയിരുന്നു. അധികം പണം ചെലവുചെയ്തു് നിർമ്മിച്ചിരുന്ന വിശാലമായ കല്യാണപ്പന്തലിൽ അനേകം അതിഥികൾ സന്നിഹിതരായിരുന്നു. അലങ്കാരങ്ങളിലും വാദ്യഘോഷങ്ങളിലും വിനോദങ്ങളിലും രസിച്ചുകൊണ്ടു് അവർ മുഹൂർത്തത്തെ കാത്തിരിക്കയായിരുന്നു. കല്യാണക്കുട്ടികൾ യഥാസ്ഥാനത്തു് വന്നിരുന്നു. മുഹൂർത്തം അടുക്കാറായി. അപ്പോൾ ഗുരുദേവൻ മുന്നറിവുകൂടാതെ ആ സദസ്സിൽ കയറിച്ചെന്നു. എല്ലാവരും എണീററു് അദ്ദേഹത്തെ ബഹുമാനിച്ചു. "കെട്ടുകല്യാണം ആവശ്യമുള്ളതല്ല. നിങ്ങളുടെ ഗുണത്തിനായിട്ടാണു് നാം പറയുന്നതു്. നമ്മുടെ വാക്കിൽ വിശ്വാസമുണ്ടെങ്കിൽ അതുകൂടാതെ കഴിക്കണം". എന്നു് ഗുരുദേവൻ അരുളിച്ചെയ്കയും എല്ലാവരും ഉപദേശത്തെ ഭക്തിപുരസ്സരം സ്വീകരിച്ചു് കെട്ടുകർമ്മം നടത്താതെ ഉപേക്ഷിക്കയും ചെയ്തു. ഗുരുദേവൻ കല്യാണക്കുട്ടികളെ വിളിച്ചു് അവൎക്കു പുഷ്പം കൊടുത്തനുഗ്രഹി

ച്ച് അരുകത്തെകള പറഞ്ഞയച്ചു. ഈവിധമുള്ള സ്നേഹപൂർവ്വമായ പ്രവൃത്തികളാൽ ജനങ്ങളുടെ നാനാമുഖമായ നന്മകൾക്കും അഭിവൃദ്ധികളും അവരെ അർഹതയുള്ളവരാക്കിത്തീർത്തു.

"ജാതിയില്ലല്ലോ ഉണ്ടെന്ന് വിചാരിക്കുന്നതാണ് അബദ്ധം" എന്ന് ഗുരുദേവൻ എപ്പോഴും ഉപദേശിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ജീവിതം ഈ പരമാർത്ഥത്തിൻെറ ഒരു മാതൃകയായിരുന്നു. ഏററവും താഴ്ത്തപ്പെട്ട വർഗ്ഗത്തിൽപെട്ട കുട്ടികളെ ഗുരുദേവൻ എടുത്തു വളർത്തുകയും, അവരെ മഠത്തിൽ താമസിപ്പിക്കയും, ക്ഷേത്രങ്ങളിലും, പോകുന്ന മറെറല്ലാ ദിക്കിലും കൊണ്ടുപോകയും, അവരെക്കൊണ്ട് തയ്യാർ ചെയ്യിച്ച ആഹാരം താൻ ഭുജിക്കയും, വരുന്നവർക്കെല്ലാം കൊടുക്കയും, ഇങ്ങനെയുള്ള ചെറിയ പ്രവൃത്തികളാൽ ജനങ്ങളുടെ മനസ്സിൽനിന്ന് ജാതിചിന്ത അകററുകയും ചെയ്തുകൊണ്ട് ഗുരുദേവൻ വിളങ്ങി. ഗുരുദേവൻെറ ജീവിതമാഹാത്മ്യം അനേകലക്ഷം ജനങ്ങളെ പരിശുദ്ധമായ പന്ഥാവുകളിലേക്ക് ഉല്പതിഷ്ണുകളാക്കിത്തിരിച്ചു.

ക്ഷേത്രപ്രവേശനമില്ലാത്ത അനേകം പാവങ്ങൾ ഗുരുദേവനെ ദർശിക്കുന്നതിനായിട്ടു ചെന്നു. അവർ കുളിച്ച് ശുദ്ധമായി പോയിരുന്നു. ഓരോരുത്തർ ഗുരുദേവൻെറ സമീപംചെന്ന് നമസ്കരിക്കുവാൻ തുടങ്ങി. അവരുടെ ഭക്തിയും സന്തോഷവും കണ്ടിട്ട് ഗുരുദേവൻെറ കണ്ണുകളിൽനിന്ന് ധാരധാരയായി കാരുണ്യബാഷ്പം ഒഴുക്കി. ക്ഷേത്രപ്രവേശനത്തിന് വിരോധികളായി നോക്കി

നിന്നിരുന്ന സകലരുടേയും ഹൃദയകാഠിന്യം ആ കണ്ണുനീർതുള്ളികൾ കഴുകിക്കളഞ്ഞു. "നല്ലവരെ നന്നാക്കാൻ ശ്രമിക്കേണ്ട ആവശ്യമില്ലല്ലോ. ഈ സാധുക്കൾക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചാൽ അവർ നന്നാവും;" എന്ന് ഗുരുദേവൻ പറഞ്ഞത് അവരുടെ ഹൃദയങ്ങളിൽ തറച്ചു. അധികം താമസിയാതെ ആ ക്ഷേത്രത്തിൽ അവർക്കെല്ലാം പ്രവേശനം കൊടുക്കപ്പെടുകയും ചെയ്തു.

തന്റെ ഉപദേശം അനുസരിച്ച് പലരും ജാതിവ്യത്യാസങ്ങളെ അവഗണിച്ച് ജീവിക്കുവാൻ തുടങ്ങിയപ്പോൾ അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗുരുദേവൻ ഒരു സന്ദേശം നല്കി. "മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല". പാശ്ചാത്യരാജ്യങ്ങളിൽ ഉപരി വിദ്യാഭ്യാസാർത്ഥം പോയി മടങ്ങിവന്ന ഒരു യുവാവ് ഒരു വെള്ളക്കാരി സ്ത്രീയെ വിവാഹം കഴിപ്പാൻ ആഗ്രഹിച്ചിരുന്നു. സ്വജനങ്ങളുടെ വിരോധം ഉണ്ടായേക്കാമെന്ന് ശങ്കിച്ച് ഗുരുദേവന്റെ അടുക്കൽ വിവരം ഉണർത്തിച്ചപ്പോൾ, "വിരോധമില്ലല്ലോ മനുഷ്യരെല്ലാം ഒന്നല്ലേ; ഇവിടെ മഠത്തിൽവെച്ചു നടത്താം" എന്ന് കല്പിച്ചതോടുകൂടി എല്ലാ സംശയങ്ങളും തടസ്ഥങ്ങളും തീർന്നു. ഒരുദിവസം ശിവഗിരിയിൽ ആഹ്ലാദമിത്തരായ ഒരു വലിയ പുരുഷാരം കൂടിയിരുന്നു. മതവ്യത്യാസമോ, ജാതിവ്യത്യാസമോ, വർഗ്ഗവ്യത്യാസമോ ഒന്നുംതന്നെ നോക്കാതെ അവിടെ സമഭാവനയോടുകൂടി

വന്നിരുന്ന ജനങ്ങളെല്ലാം ഗുരുദേവന്റെ സന്നിധാനത്തിൽ ചെന്നുനിന്നു. വെള്ളക്കാരിയായ ഒരു യുവതിയും പരിഷ്കാരിയായ ഒരു ഹിന്ദുയുവാവും ഗുരുദേവന്റെ അനുഗ്രഹത്തിനായി അടുത്തുചെന്നു വണങ്ങുന്നു. മന്ദസ്മിതപൂർവ്വമായ കടാക്ഷത്താൽ ഗുരുദേവൻ കാണികളുടെ ഹൃദയത്തെ കുളുർപ്പിച്ചു. വാദ്യഘോഷങ്ങളോടും സന്ദർഭോചിതങ്ങളായ മററു ചടങ്ങുകളോടുംകൂടി അവിടെവെച്ച് ആ യുവതീയുവാക്കന്മാർ വിവാഹിതരായിത്തീർന്നു. അവരുടെ ദാമ്പത്യബന്ധം ജാതിമതവർഗ്ഗവ്യത്യാസങ്ങളെ ഒരേ മാത്രയിൽ ഇല്ലാതാക്കിത്തീർത്തു.

"ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്,
ഒരു യോനി, ഒരാഹാരം ഒരു ഭേദവുമില്ലിതിൽ
ഒരു ജാതിയിൽനിന്നല്ലോ പിറന്നീടുന്നു സന്തതി-
നരസംഘമിതോർക്കുമ്പോളൊരുജാതിയിലുള്ളതാം."

(ഗുരുദേവൻ)

ആലുവാ അദ്വൈതാശ്രമത്തിൽ വിശ്രമിക്കുന്ന ഒരവസരത്തിൽ ഗുരുദേവൻ ഇപ്രകാരം പറഞ്ഞു.

"മനുഷ്യനു ജാതിയില്ല എന്നു നാം പറഞ്ഞതായി എഴുതിവെയ്ക്കുവാൻ വിരോധമില്ല. ജാതി ഉണ്ടെന്നുള്ള വിചാരം പോണം. അതാണ് വേണ്ടതു്. ജാതി ചോദിക്കരുതു് പറയരുതു് വിചാരിക്കരുതു്. ജാതിയെ സൂചിപ്പിക്കുന്ന പേരുകൾ ഉപയോഗിക്കരുതു്. അല്ലാതെ നല്ല പേരുകൾ വളരെയുണ്ടല്ലോ എഴുത്തുകുത്തുകളിൽ ജാതി കാട്ടരുതു്. അതിന്നു് സർക്കാരിലേക്ക് എഴുതി സമ്മതം

വാങ്ങണം മതം ഇഷ്ടംപോലെ പറയുവാനും ഒന്നും ഇല്ലെന്നു പറയുവാനും സ്വാതന്ത്ര്യം വേണം. പരിശ്രമിച്ചാൽ സർക്കാരിൽനിന്നു് വിരോധം പറയുകയില്ല. ഇങ്ങിനെയായാൽ ജാതി "താനെ പോകും."

മറെറാരവസരത്തിൽ ഇപ്രകാരം പറഞ്ഞു, "ജാതിയില്ലാത്ത ഒരു സഭ സ്ഥാപിക്കണമെന്നു് നമുക്കു് വിചാരമുണ്ടു്. പലരോടും പറഞ്ഞിട്ടുണ്ടു്. ആരും ശ്രമിക്കാനില്ല. മനുഷ്യർക്കുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നുണ്ടു്. ഇപ്പോൾ എന്താണു്; ഒന്നും ചെയ്തിട്ടില്ലല്ലോ. ജാതിയില്ലാത്ത ഒരു സഭ സ്ഥാപിക്കണം!!"

---

## IV

## അത്ഭുതപ്രവൃത്തികൾ

---

അമാനുഷികമായ ദിവ്യശക്തികൾ ഉണ്ടായിരിക്കുന്നതു് അവതാരപുരുഷന്മാരുടെ ഒരു ലക്ഷണമായി വിശ്വസിക്കപ്പെടുന്നു. ഗുരുദേവനെപ്പോലെ ഇത്ര ദീർഘകാലം ഇത്ര അധികം അത്ഭുതപ്രവൃത്തികൾ ചെയ്തിട്ടുള്ള ഒരു മഹാത്മാവു് ചരിത്രകാലങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ത്യാഗിയായി ഇറങ്ങിയ മുതൽ നിത്യവുമെന്നപോലെ ഗുരുദേവൻെറ വിസ്മയനീയങ്ങളായ ആത്മീകശക്തികൾ ജനങ്ങൾക്കു് പല പ്രകാരത്തിൽ അനുഭവപ്പെട്ടു

കൊണ്ടിരുന്നു. എന്നാൽ തനിക്കേതെങ്കിലും സിദ്ധികളു ള്ളതായി ഗുരുദേവൻ ഒരിക്കലും പറയുകയോ സിദ്ധിയു ണ്ടെന്നു ബോദ്ധ്യപ്പെടുത്തുവാൻ മനഃപൂർവ്വം അത്ഭുതങ്ങൾ പ്രവർത്തിക്കയോ ചെയ്തിട്ടില്ല. "ഭക്തന്മാരുടെ വിശ്വാസം കൊണ്ടു് എല്ലാം സംഭവിക്കുന്നു" എന്നു് ചിലരോടു് സ മാധാനം പറഞ്ഞിരുന്നു. നിത്യാനുഭവമായിരുന്ന അവിടു ത്തെ മാഹാത്മ്യത്തെപ്പററി ക്രമേണ ആർക്കും വിസ്മയം തോന്നാതെയായി. ഗുരുദേവനു് അസാദ്ധ്യമായി ഒന്നും ഇല്ലെന്നുള്ള വിശ്വാസം സർവ്വസാധാരണമായിത്തീർന്നു. ക്ഷേത്രങ്ങളിൽ ഈശ്വരഭജനത്തിനു പോകുന്നതുപോലെ നിത്യവും അനേകജനങ്ങൾ സ്വാമിദർശനത്തിനു പോയി ക്കൊണ്ടിരുന്നു. സ്വാമിദർശനത്താൽ അവരുടെ ആഗ്രഹ ങ്ങൾ സാധിക്കയും, രോഗങ്ങൾ സുഖപ്പെടുകയും, ദുഃഖ ങ്ങൾ തീരുകയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടിയ ഭക്തന്മാർക്കു് അവരുടെ പ്രതീക്ഷപോലെയുള്ള അനുഭവ ങ്ങളാൽ വിശ്വാസം വർദ്ധിച്ചുവന്നു. സ്വാമിദർശനത്തിനു് പോകുവാൻ സാധിക്കാത്തവർ അവരുടെ വീടുകളിലിരു ന്നു ഗുരുദേവനെ ഭജിക്കുക പതിവായി. അവർക്കും സമാ ധാനം ലഭിക്കാതിരുന്നില്ല. ഇങ്ങനെ അനേകായിരം ജന ങ്ങൾ ഗുരുദേവനെ ഈശ്വരസമാനനായി സങ്കല്പിച്ചു ആരാധിച്ചു. ഈവിധം ഭൂലോകജീവിതകാലത്തുതന്നെ ആരാദ്ധ്യന്മാരായിത്തീർന്നവർ ലോകചരിത്രത്തിൽ വളരെ അപൂർവ്വമാണു്. അനേകായിരം ജനങ്ങൾ ഇന്നും അവ രുടെ സകല മേന്മകളും ഗുരുദേവാനുഗ്രഹത്താൽ ഉണ്ടാ യതാണെന്നു വിശ്വസിച്ചു് ഭക്തന്മാരായി വർത്തിക്കുന്നു.

മനുഷ്യാവസ്ഥയിലുണ്ടായ ഈ ഈശ്വരസമാനത്വമാണ് ഗുരുദേവന്റെ ജീവിതത്തിലെ ഏററവും വലിയ അത്ഭുതം.

അരുവിപ്പുറത്തിരിക്കുന്ന കാലത്ത് മഴയില്ലാതെ ജനങ്ങൾ മഹാദുഃഖം അനുഭവിക്കുന്നതിനെപ്പററി ചിലർ ചെന്നു ഗുരുദേവനോട് സങ്കടംപറഞ്ഞു. അന്നാണ് ഗുരുദേവൻ ഒരു പ്രാത്ഥന എഴുതികൊടുത്ത് ഭക്തിയോടുകൂടി ചൊല്ലുവാൻ അവരോട് പറഞ്ഞത്. അവർ അപ്രകാരം ചെയ്തപ്പോൾ വർഷം ഉണ്ടായി ക്ഷാമം തീൻ എന്നുള്ള സംഗതി സുപ്രസിദ്ധമാണ്.

തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ ഇളനീരഭിഷേകകാലത്ത് മഴയുണ്ടാകണമെന്ന് ഒരിക്കൽ ചില ഭക്തന്മാർ ആഗ്രഹിച്ചു. മഴയുണ്ടാകുമെന്ന് ഗുരുദേവൻ പറയുകയും മുഹൂത്തസമയം മഴയുണ്ടാകയും ചെയ്തു.

തൃശ്ശിവപേരുർ ശ്രീമാഹേശ്വരക്ഷേത്രത്തിൽ പ്രതിഷ്ഠക്കായി ചെന്നപ്പോൾ മുഹൂത്തം ഒന്നും നോക്കാതെ രണ്ടുമണിക്ക് മഴയുണ്ടാകും അതാണ് മുഹൂത്തം എന്നു പറഞ്ഞു് ഗുരുദേവൻ ഇറങ്ങിപ്പോകയും രണ്ടുമണിക്ക് പ്രതിഷ്ഠക്കായി ഗുരുദേവൻ ശ്രീകോവിലിലേക്കു കടന്നയുടനെ മഴ പെയ്യുകയും ഉണ്ടായി.

മധുരയിൽ കുന്നക്കുടി മഠത്തിന്നുസമീപം ഒരു കുററിക്കാട്ടിൽ വിശ്രമിക്കുമ്പോൾ കൂടെയുണ്ടായിരുന്ന ആ പ്രദേശത്തെ സന്യാസിമാർ മഴയില്ലാതെ ജനങ്ങൾ ദുരിതപ്പെടുന്ന വിവരം ഗുരുദേവനെ അറിയിച്ചു. ആ കാട്ടിലിരുന്ന പിള്ളയാക്ക് തേങ്ങയുടച്ചാൽ മഴയുണ്ടാകുമെന്ന് മന്ദസ്മിതത്തോടുകൂടി ഗുരുദേവൻ പറയുകയും അരമണിക്കൂർ കഴി

യുന്നതിനുമുമ്പ് വലിയ മഴയുണ്ടായി സ്വാമിയും കൂടെയുള്ളവരും എല്ലാം നനായുകയും ചെയ്തു.

ചേർത്തലയിൽ എൻ. ആർ. കൃഷ്ണൻവക്കീലിൻെറ വീട്ടിൽ കുട്ടികൾ ജനിച്ചാൽ അന്നുതന്നെയൊ പിറെറന്നൊ മരിക്കുകയായിരുന്നു പതിവ്. അക്കാലത്ത് അദ്ദേഹം സ്വാമികളിൽ വിശ്വാസമുള്ള ആളായിരുന്നില്ല. ക്രമേണ ചിലരുടെ ഉപദേശമനുസരിച്ചു ഭക്തിപൂർവ്വം ഗുരുദേവനെ ഭജിച്ചതിൻെറ ഫലമായി അദ്ദേഹത്തിനു ഒരു പുത്രൻ ജനിക്കുകയും കുട്ടി മരിക്കാതെ രക്ഷപ്പെടുകയും ചെയ്തു. ചോറൂണിന് കുട്ടിയെ അവർ ഗുരുസന്നിധിയിൽ കൊണ്ടുപോയി. സ്വാമികൾ സ്വന്തം കൈകൊണ്ട് കുട്ടിക്കന്നം കൊടുത്തു. അന്നുമുതൽ വലിയ സ്വാമിഭക്തനായിത്തീർന്ന വക്കീൽ തൻെറ വീട്ടിൽ ഒരു വഞ്ചി (ഭണ്ഡാരം) ഏറപ്പെടുത്തി. ഒരു കട്ടിലും പായയും സ്വാമികൾക്കെന്നു സങ്കല്പിച്ചു പ്രത്യേകം തയ്യാർ ചെയ്തു വെച്ചു. ഈ വിവരങ്ങളൊന്നും സ്വാമികളെ അറിയിക്കാതെതന്നെ സ്വാമികൾ അവിടെവന്ന് ആ നിധി സ്വീകരിക്കണമെന്ന വിചാരത്തോടുകൂടി അതു നിത്യവും വർദ്ധിപ്പിച്ചുവന്നു.

സുപ്രസിദ്ധമായ കണ്ണാടി പ്രതിഷ്ഠക്ക് ഗുരുദേവൻ ചേർത്തലയിൽ വന്നപ്പോൾ പ്രതിഷ്ഠ കഴിഞ്ഞശേഷം കൃഷ്ണൻെറ വീടു ഇവിടെ അടുത്താണൊ അടുത്താണെങ്കിൽ അങ്ങോട്ടു പോകാം എന്നുപറഞ്ഞു പുറപ്പെട്ടു. എങ്ങിനെയൊ ഈ വിവരം അറിഞ്ഞു വക്കീൽ വഴിമദ്ധ്യത്തിൽ വന്നു സ്വാമികളെ ഭക്തിപൂർവ്വം എതിരേററു കൊണ്ടുപോ

യി തൻെറ ഭവനത്തിൻെറ മുൻവശം പൂന്തോട്ടത്തിൽ ഇരുത്തി അപ്പോൾ സ്വാമികൾ അവിടെ ഇരിക്കാതെ അകത്തേക്കു കടന്നുചെന്നു തനിക്കായി ഒരുക്കിവെച്ചിരു ന്ന ആ കട്ടിലും പായും നിധിയും നോക്കി "ഇപ്പോൾ തൃപ്തിയായൊ?" എന്നു വക്കീലിനോടു ചോദിച്ചു. അദ്ദേഹം സന്തോഷാശ്രുക്കളോടെ തൃപ്പാദങ്ങളെ അകമലിഞ്ഞു നമസ്കരിച്ചു.

ഒരിക്കൽ സ്വാമികൾ അരുവിപ്പുറത്ത് വിശ്രമിക്കു മ്പോൾ ചാത്തൻെറ ഉപദ്രവമുള്ള ഒരു സ്ത്രീവന്നു സങ്കടം പറഞ്ഞു. അവർ എവിടെ നിന്നാലും ദേഹത്തിൽ തൊട്ടുതൊട്ടില്ല എന്ന മട്ടിൽ കല്ലുകൾ ഊക്കോടെ വന്നു വിഴും. ഈ വിവരം സ്വാമികളോടു പറഞ്ഞു നില്ക്കെത്തന്നെ ഒരു കല്ലുവന്നു ആ സ്ത്രീയുടെ അടുക്കെ വീണു. ഗുരുവരൻ ഇതുകണ്ടു ചിരിച്ചു അടുത്തുള്ളവരെ നോക്കി "എന്നാൽ ഒരു കല്ല് അടയാളത്തിന്നു ചുണ്ണാമ്പുതേച്ച് ആററിൻെറ മറുകരയിലേക്ക് എറിയണം. ചാത്തനാണെങ്കിൽ ആ കല്ലുകൊണ്ടുതന്നെ വീണ്ടും എറിയട്ടെ" എന്നുപറഞ്ഞു. ആവിധം ചെയ്തു അല്പം കഴിഞ്ഞപ്പോൾ അതേ കല്ലു തന്നെ തിരികെ വന്നുവീണു. സ്വാമികൾ "അപ്പോൾ ചാത്തൻ നാം പറയുന്നപോലെ ചെയ്യും അനുമതി. എന്നാൽ ഇനി എറിയരുത്" എന്നു പറഞ്ഞു. പിന്നീടു കല്ലേറിൻെറ ഉപദ്രവം ഉണ്ടായിട്ടില്ല.

സ്വാമികൾ കാഞ്ചീപുരത്ത് ആശ്രമത്തിൽ വിശ്രമിക്കയായിരുന്നു. സ്വാമികൾക്ക് കൊടുപ്പാൻ മാമ്പഴം അന്വേഷിച്ച് പലസ്ഥലത്തും മദിരാശിയിൽപ്പോലും

പോയിട്ടു കിട്ടാതെ ആളുകഠം മടങ്ങിവന്നു. അല്പംകഴിഞ്ഞു സ്വാമികഠം "നമുക്ക് ഇവിടെയുള്ള ഏകാമ്പ്ര ക്ഷേത്രത്തിൽ പോയാൽ ഇരിക്കാൻ സുഖമുണ്ട് അങ്ങോട്ടു പോകാം" എന്നുപറഞ്ഞു ഇറങ്ങിനടന്നു. അമ്പലം പൂട്ടിയിരിക്കുമെന്നു പറഞ്ഞ് തുറക്കുവാൻ പോററിയെ വിളിച്ചുകൊണ്ടു വരുന്നതിലേക്ക് ഗോവിന്ദാനന്ദസ്വാമികഠം ആളെ അയച്ചു. ഗുരുദേവൻ ക്ഷേത്രസന്നിധിയിൽ എത്തിയപ്പോഠം ക്ഷേത്രവാതിൽ തുറന്നുകിടന്നിരുന്നു. "പോററി അമ്പലം പൂട്ടാതെ പോയി. നോക്കൂ അശ്രദ്ധ" എന്നുപറഞ്ഞു സ്വാമികഠം അകത്തു കടന്നു. പാൎവ്വതിദേവി പരമശിവനെ ഭത്താവായി ലഭിപ്പാൻ ഇരുന്നു തപസ്സുചെയ്ത സ്ഥലമെന്നു ഐതിഹ്യമുള്ള മാവിൻചുവട്ടിൽ ചെന്നിരുന്നു. "നാം ഇവിടെ ഇരുന്നുകൊള്ളാം ഇവിടെ വളരെ സുഖമുണ്ട്. നമുക്കാഹാരം ആരെങ്കിലും ഇവിടെ കൊണ്ടുവന്നുതരും" എന്നു സ്വാമികഠം പറഞ്ഞുതീരുമ്പോഴെക്കും ഒരു മാമ്പഴം മാവിൻമുകളിൽനിന്നു വീണു. ഗുരുദേവൻ "ഓ മാമ്പഴമാണല്ലൊ വീണത് കൊള്ളാമല്ലൊ! നമുക്കിതു മതിയല്ലൊ" എന്നുപറഞ്ഞു. ആ മാവിൽ പിന്നെയെത്ര നോക്കിയിട്ടും ഒരു മാങ്ങ കൂടിയുള്ളതായിക്കണ്ടില്ല.

കിണറുകളിൽ വെള്ളമില്ലാതെ കഷ്ടപ്പെടുന്ന ഒരു സ്ഥലത്തെ ജനങ്ങഠം ഗുരുദേവനോട് ചെന്ന് സങ്കടം പറഞ്ഞു. "നാം എന്തുചെയ്യാം" എന്ന് ചോദിച്ചപ്പോഠം സ്വാമികഠം കിണററിന്നരികിൽ ചെന്ന് വെള്ളം കോരിയാൽ വെള്ളം ഉണ്ടാകുമെന്ന് അവർ പറയുകയും ഗുരുദേ

വൻ അപ്രകാരം അവരുടെ ഇഷ്ടം സാധിച്ചുകൊടുക്കയും ചെയ്തു. വെള്ളം കോരിയപ്പോൾ കിട്ടിയതു് ചെളിയായിരുന്നു. അവിടെനിന്നും മടങ്ങി അധികം ദൂരം എത്തുന്നതിനുമുമ്പു് കിണററിൽ വെള്ളംകൂടി ഭക്തന്മാർ ആർപ്പുവിളിച്ചു.

തലശ്ശേരിയിൽ "മാലപ്രോൻ" അച്യുതൻ എന്നാളുടെ അമ്മക്കു പതിന്നാലുവർഷം ബാധോപദ്രവം ഉണ്ടായിരുന്നു. ഒരു മാർഗ്ഗത്തിൽകൂടിയും രക്ഷകിട്ടിയില്ല. ഗുരുദേവന്റെ അടുക്കൽ അമ്മയെ കൊണ്ടുചെന്നപ്പോൾ ബാധ സത്യംചെയ്തു് ഒഴിഞ്ഞു. ഒരുകൊല്ലം കഴിഞ്ഞപ്പോൾ വീണ്ടും ആ ഉപദ്രവം ഉണ്ടായി. സ്വാമി തന്നോടു പോകാൻ പറഞ്ഞെങ്കിലും വീണ്ടും വരുതെന്നു പറഞ്ഞില്ലെന്നു ദേവത പറഞ്ഞുവത്രെ. ഈ വിവരം ശിവഗിരിയിൽചെന്നു സ്വാമികളെ അറിയിച്ചു. സ്വാമി ഒരു പഴം എടുത്തു് കൊടുക്കയും അതു കൊണ്ടുവന്നു് അമ്മക്കു കൊടുത്തതോടുകൂടി ഉപദ്രവം എന്നേക്കുമായി മാറുകയുംചെയ്തു.

വാതരോഗിയായ ഒരു വൃദ്ധൻ നടക്കാൻ വയ്യാതെ തിരുവനന്തപുരത്തു് ജനറൽ ആശുപത്രിയിൽ കിടക്കയായിരുന്നു. അയാളുടെ അമ്മക്കു് കഠിനമായ രോഗം ബാധിച്ച വിവരം ആരോ ചെന്നു് പറഞ്ഞപ്പോൾ ആ വൃദ്ധൻ അമ്മയുടെ അടുക്കലേക്കു് ഇഴഞ്ഞെങ്കിലും പോകണമെന്നു തിച്ചയാക്കി. ഇഴഞ്ഞിഴഞ്ഞു് ആസ്പത്രി ഗേററുവരെ വന്നു. ആ വഴി ഗുരുദേവൻ നടന്നുപോകയായിരുന്നു. ഇയാളെ കണ്ടസമയം വിവരം ചോദിച്ചറികയും അടുത്തുള്ള ഒരാളുടെ കയ്യിൽനിന്നു് ഒരു വടിമേടിച്ചു് രോഗിക്കു കൊ

ടുകയും ആ വടിയും കുത്തി യാതൊരു ബുദ്ധിമുട്ടും കൂടാതെ രോഗി നടന്നുപോകയും ചെയ്തു. അയാൾക്കു പിന്നീട് രോഗമുണ്ടായില്ല.

അരുവിപ്പുറത്ത് വിശ്രമിക്കുന്ന കാലത്ത് ഗുരുദേവന് ഒരു മോതിരം കാഴ്ചവെച്ചതു കാണാതെയായപ്പോൾ അടുത്തുനിന്നിരുന്ന ഒരു കുഷ്ഠരോഗിയെ സംശയിച്ച് ആ പാവത്തിനെ കാഴ്ചവെച്ചവർകൂടി അടിച്ചു. ഈ വിവരം ഗുരുദേവൻ അറിയുകയും കുഷ്ഠരോഗിയെ നോക്കി "നീ വ്യസനിക്കേണ്ട. അടിയോടുകൂടി നിൻെറ രോഗവും അവർ എടുത്തിരിക്കുന്നു" എന്നു പറയുകയും അവൻെറ രോഗം അധികം താമസിയാതെ പൂർണ്ണമായി മാറി സുഖപ്പെടുകയും ചെയ്തു.

മണ്ണൂർ പപ്പു എന്നൊരാൾക്ക് കഠിനമായ ക്ഷയരോഗം പിടിച്ച് മരിക്കും എന്ന നിലയിലായി. വൈദ്യന്മാരെല്ലാം കൈവെടിഞ്ഞു ആ അവസരത്തിൽ ഗുരുദേവൻ ആ വീട്ടിൽ കയറിച്ചെല്ലുകയും, രോഗിയുടെ അടുക്കൽചെന്ന് "ഇപ്പോൾ നീ മരിക്കയില്ല" എന്നുപറഞ്ഞ് ഇറങ്ങിപ്പോരുകയും ചെയ്തു. രോഗി പൂർണ്ണസുഖത്തെ പ്രാപിച്ചു. പിന്നീട് പത്തുകൊല്ലത്തിനുശേഷം വേറെ രോഗത്താലാണ് മരിച്ചത്.

വാടാനപ്പള്ളി ശങ്കരൻ എന്ന ആളുടെ ഭൂമി കടൽ കയറി നഷ്ടപ്പെട്ടു. അയാൾ സ്വാമിയോട് സങ്കടം പറഞ്ഞു. ശിഷ്യനായ ബോധാനന്ദ സ്വാമിയോട് കടപ്പുറത്ത് പോയികിടക്കുവാൻ ഗുരുദേവൻ കല്പിച്ചപ്രകാരം അദ്ദേഹം ചെയ്തു. മററു സ്ഥലങ്ങൾ കടൽ കയറി നഷ്ട

പ്പെട്ടിട്ടും ആ പ്രദേശം ഇന്നും കടലിനെ എതൃത്തു നില്ക്കുന്നു.

തലശ്ശേരിയിൽ മാലിൽ എന്ന പ്രദേശത്തു് ഒരു വീട്ടിൽ പാൎത്തിരുന്നവൎക്കു് എപ്പോഴും നാശം വന്നുകൊണ്ടിരുന്നു. ആ മുസൽമാന്മാർ ഉപദ്രവം അസഹ്യമായപ്പോൾ വീടു വിററു വിട്ടുപോയി. അവിടെ പിന്നീടു് താമസിച്ചിരുന്നവരുടെ കുട്ടികൾ എല്ലാം രക്താതിസാരം പിടിച്ചു് മരിച്ചുതുടങ്ങി. മൂന്നു കുട്ടികൾ തുടൎച്ചയായി ഒന്നും രണ്ടും ദിവസങ്ങൾക്കുള്ളിൽ മരിച്ചു. പിന്നീടു് മൂന്നുകുട്ടികൾക്കു് രോഗം ബാധിച്ചു. ഉടൻ വീട്ടുടമസ്ഥൻ ഗുരുദേവന്റെ അടുക്കൽചെന്നു് സങ്കടംപറഞ്ഞു. ഗുരുദേവൻ ജഗന്നാഥക്ഷേത്രത്തിൽനിന്നു് അവരുടെ വീട്ടിൽചെന്നു് കുട്ടികളെ പുറത്തുവരുത്തി നോക്കിയപ്പോൾ അവർ എല്ലും തോലും മാത്രമായി കാണപ്പെട്ടു. സ്വാമികൾ ആൎദ്രഹൃദയനായി "കുചേലനെക്കണ്ടിട്ടില്ലാത്തവർ കണ്ടുകൊൾവിൻ" എന്നുപറഞ്ഞു് അനുഗ്രഹിച്ചു. കുചേലൻ രക്ഷപ്പെട്ടതുപോലെ ആ കുട്ടികളും രക്ഷപ്പെട്ടു് ഇന്നും സുഖമായി ജീവിച്ചിരിക്കുന്നു.

ഭ്രാന്തന്മാരെ വെറും വാക്കുകൊണ്ടു് സുഖപ്പെടുത്തുന്നതു് വളരെ സാധാരണമായിരുന്നു. അങ്ങനെ സുഖപ്പെട്ടവരുടെ എണ്ണം കുറച്ചൊന്നുമല്ല.

ഈറോഡിനടുത്തു് ഭവാനി എന്ന സ്ഥലത്തു് ക്ഷേത്രപ്രതിഷ്ഠക്കായി ഗുരുദേവൻ പോയിരുന്ന അവസരത്തിൽ വളരെക്കാലം പല ചികിത്സകൾ ചെയ്തിട്ടും സൌഖ്യപ്പെടാത്ത ഒരു ഭ്രാന്തനെ കൈകാലുകൾക്കു് ചങ്ങലയിട്ടു

പൂട്ടികൊണ്ട് സ്വാമികളുടെ അടുക്കൽ കൊണ്ടുവന്നു. ഈ ഭയങ്കരാവസ്ഥയെ കണ്ടിട്ട് "അയ്യോ! പാവം" എന്നു ഗുരുദേവൻ പറഞ്ഞുപോയി. അവിടെ വെച്ചുതന്നെ ഭ്രാന്തനെ അഴിച്ചുവിടാൻ കല്പിക്കയും അവൻെറ ഭ്രാന്തുമാറി അവൻ ആരോഗ്യവാനായിത്തീരുകയും ചെയ്തു.

തൃശ്ശിവപേരൂരിലെ ഒരു ഭക്തനായ കോന്നി മേസ്ത്രി എന്നാൾക്ക് സ്വാമിയെ മദ്ധ്യത്തിലിരുത്തി തൻെറ വീട്ടിലുള്ളവരുടെ ഒരു ഗ്രൂഫ് ഫോട്ടോ എടുക്കണമെന്ന് അതിയായ ആഗ്രഹമുണ്ടായിരുന്നു. സ്വാമികൾ ഒരുവിധത്തിൽ അതിന് സമ്മതിച്ചു. എല്ലാം തയ്യാറായപ്പോൾ കൂട്ടത്തിൽ മറെറാരാൾകൂടി സമ്മതം കൂടാതെ ചെന്നുനിന്നു. ഗുരുദേവൻ അയാളുടെ മുഖത്ത് നോക്കി "നിങ്ങൾ കൂടി ഉണ്ടോ? പേരെഴുതി ഒട്ടിക്കേണ്ടി വരുമോ" എന്നു ചോദിച്ചു. ഫോട്ടോ എടുത്തുകൊണ്ടു വന്നപ്പോൾ ആ മനുഷ്യൻെറ മുഖം മാത്രം ഫോട്ടോവിൽ പതിയാതെയും ആരെന്നു നോക്കിയാൽ അറിയാതെയുമിരുന്നു.

ഒരാൾ ഒരു പുതിയ വീടു പണിചെയ്തിരുന്നു. അതിൽ നിത്യവും അഞ്ഞൂറു അറുനൂറു വണ്ടുകൾ പറന്നു കളിച്ചുകൊണ്ടിരുന്നു. അവയുടെ ശല്യം സഹിക്കാതെയായപ്പോൾ അയാൾ ഗുരുദേവനോടു ചെന്നു വിവരം ഉണർത്തിച്ചു. ഒരുദിവസം ആ വീട്ടിൽ ചെല്ലാമെന്നും ആയിരം ഉണ്ണി അപ്പങ്ങൾ തയ്യാറാക്കി വെച്ചിരിക്കണമെന്നും ഗുരുദേവൻ കല്പിച്ചു. അപ്രകാരം ഗുരുദേവൻ ആ വീട്ടിൽചെന്ന് അപ്പങ്ങൾ അവിടെ കൂടിയിരുന്നവൎക്കു

ല്ലാം കൊടുപ്പിച്ചു. വണ്ടിന്റെ ഉപദ്രവം ഇല്ലാതാകുകയും ചെയ്തു.

ഇപ്രകാരമുള്ള അത്ഭുതങ്ങൾ പറഞ്ഞാൽ അവസാനിക്കയില്ല. മലയാളക്കരയിലുള്ള ഏതു കുഗ്രാമത്തിലും ഗുരുദേവന്റെ അമാനുഷശക്തിയെപററിയുള്ള അനുഭവങ്ങൾ ഉള്ളവരെ ഇന്നും കാണാം.

---

## V

# ശിവഗിരി.

---

ലോകസേവനത്താൽ സ്വാമികൾ ലോകഗുരുവായിത്തീർന്നു; ലോകം ശിഷ്യരുമായി. കർമ്മവൈഭവത്താൽ അനേകലക്ഷം ജനങ്ങളെ ധന്യരാക്കി. അവർ എല്ലാ കാര്യങ്ങളിലും ഗുരുദേവന്റെ അഭീഷ്ടത്തെ പ്രമാണമാക്കിത്തുടങ്ങി. ഗുരുദേവന്റെ ശാസനം രാജശാസനംപോലെ ബഹുമാനിക്കപ്പെട്ടു. അതിന്നു് എല്ലാവരും ഭക്തിപൂർവ്വം കീഴടങ്ങിവന്നു. ഗുരുദേവന്റെ സങ്കല്പങ്ങൾ അനേകം ഭക്തഹൃദയങ്ങളിൽ പ്രതിബിംബിക്കപ്പെട്ടു. അവർ ഗുരുദേവന്റെ ആദർശപ്രചാരകന്മാരായി തീർന്നു. ഗുരുദേവന്റെ സാന്നിദ്ധ്യം ഭക്തലക്ഷങ്ങൾക്കു് ആശ്വാസത്തെ നല്കിക്കൊണ്ടിരുന്നു. ദേശീയമായ അഭ്യുന്നതിക്കു് ആവശ്യമുള്ള സൃഷ്ടിപരമായ കാര്യപരിപാടികൾ എല്ലാം

തന്നെ ഗുരുദേവൻ ആരംഭിച്ച് ശക്തിമത്തായി പ്രവൎത്തിപ്പിച്ചു. ഹിന്ദുജനതയുടെ മൂന്നു മഹത്തായ പ്രസ്ഥാനങ്ങളായ

1. സമുദായഘടന അല്ലെങ്കിൽ ജാതി.
2. മതഘടന അല്ലെങ്കിൽ ക്ഷേത്രം.
3. വേദാന്തസ്ഥാപനം അല്ലെങ്കിൽ സന്ന്യാസമഠങ്ങൾ.

ഇവ മൂന്നിലും വിപ്ലവകരമായ മാററങ്ങൾ വരുത്തുവാൻ ഗുരുദേവൻ ഉപദേശിക്കയും ജനങ്ങളുടെ പാകം അനുസരിച്ച് പ്രവൎത്തിപ്പിച്ച് കാണിക്കയും ചെയ്തു. ജാതിചിന്തയെ നിശ്ശേഷം നശിപ്പിച്ചാലല്ലാതെ ഹിന്ദുസമുദായത്തിന് ഒരുകാലത്തും ഐകമത്യവും ധൎമ്മബോധവും ഉണ്ടാകാൻ സാദ്ധ്യമല്ലെന്ന് ഗുരുദേവന്റെ പ്രവൃത്തികൾ നിസ്സംശയം തെളിയിച്ചു. ജാതിയെ ഉന്മൂലനാശം ചെയ്യുന്നതിനുള്ള സജീവങ്ങളായ വികാരശക്തികൾ ജനങ്ങളുടെ ഹൃദയങ്ങളിൽ ഉദ്ദീപിതങ്ങളാക്കി ഫലപ്രാപ്തിയിലേക്ക് അവരെ പലപ്രകാരത്തിൽ തയ്യാറിപ്പിച്ചുകൊണ്ടിരുന്നു. ക്ഷേത്രാചാരങ്ങളെ ആദ്യവസാനം മാററുന്നതിന്റെ ആവശ്യകതയെ ഗുരുദേവൻ എല്ലാവൎക്കും ബോദ്ധ്യമാക്കിക്കൊടുത്തു. ക്ഷേത്രനിൎമ്മാണംമുതൽ അതിന്റെ പരമമായ ലക്ഷ്യംവരെ എല്ലാ സംഗതികളിലും നവീനമായ ആദൎശങ്ങൾ ഗുരുദേവൻ പ്രചരിപ്പിച്ചു. ഇരുട്ടടഞ്ഞു വൃത്തിയില്ലാത്ത ശ്രീകോവിലുകൾക്കുപകരം ബംഗ്ലാവുകൾപോലെ വിലാസവും നിൎമ്മലതയാൽ പാവനവുമായ സ്ഥലങ്ങളായിരിക്കണം ക്ഷേത്രങ്ങൾ. ക്രൂരമായ ബലികൎമ്മ

ങ്ങളെ ഒരിക്കലും അനുവദിക്കരുത്. മന്ത്രതന്ത്രാദികളുടെ പ്രാമാണ്യം കുറച്ച് ഭക്തിപരമായ ചര്യകൾ ഏറ്റെടുത്തണം. നിവേദ്യം അനാചശ്യങ്ങളായ അഭിഷേകങ്ങൾ മുതലായവ ഉപേക്ഷിക്കണം. ബിംബത്തിൽനിന്നും ബാഹ്യകർമ്മങ്ങളിൽനിന്നും മനുഷ്യരുടെ ചിന്തയെ അവരവരുടെ ജീവിതസംസ്കാരത്തിലേക്കും ഹൃദയശുദ്ധിയിലേക്കും തിരിക്കണം. അതിനുള്ള വഴിയാണ് ഉൽകൃഷ്ടങ്ങളായ ആദർശങ്ങളിൽ ഭക്തി വർദ്ധിപ്പിക്കുന്നത്. ആദർശങ്ങൾ എഴുതി ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചാലും വിരോധമില്ല ആത്മപരിശോധനയാണ് യഥാർത്ഥമായ ആരാധനയെന്ന് ഒരു കണ്ണാടി പ്രതിഷ്ഠിച്ച് ഗുരുദേവൻ വ്യക്തമാക്കി. നമ്മെത്തന്നെ പരിശോധിക്കുക. ദോഷങ്ങളെ നീക്കുക. ഗുണങ്ങളെ വർദ്ധിപ്പിക്കുക. അങ്ങനെ ആരാദ്ധ്യന്മാരായിത്തിരുക. ഈശ്വരൻ ബിംബത്തിലും കർമ്മത്തിലും അല്ലെന്നും നമ്മിലും മററുള്ളവരിലും ഉണ്ടെന്നുമുള്ള ബോധമുണ്ടാവട്ടെ. പൌരോഹിത്യം സമുദായസേവനമാക്കിത്തീർക്കുക. ഈശ്വരപൂജയുടെ ഫലപ്രാപ്തി മനുഷ്യസേവയിൽനിന്നുണ്ടാവണം. മതം ഏതായാലും മനുഷ്യൻ നന്നാവുകയാണ് വേണ്ടത്. മനുഷ്യരെ നന്നാക്കാൻ സാധിക്കാത്ത മതം വെറും മതമാണ്, സ്വാർത്ഥതല്പരതയാണ്. ക്ഷേത്രത്തിൽ എല്ലാവർക്കും പ്രവേശനം കൊടുക്കുക. ജാതിമതവ്യത്യാസങ്ങൾ നോക്കിയിട്ട് ആവശ്യമില്ല. ഭക്തിയില്ലാത്തവർക്ക് ഭക്തിയുണ്ടാകുവാനും, പാവങ്ങളെ ഉയർത്തുവാനും ക്ഷേത്രങ്ങൾ ഉപയോഗിക്കണം. ക്ഷേത്രം മനുഷ്യരുടെ നന്മക്കായുള്ള എല്ലാ പരിശ്രമങ്ങളുടേയും കേന്ദ്രസ്ഥാ

നമായിരിക്കണം. അതിനോടുചേൎന്ന് വിദ്യാലയങ്ങൾ, വൈദ്യശാലകൾ, വ്യവസായശാലകൾ, യോഗശാലകൾ, വായനശാലകൾ മുതലായവ ഉണ്ടായിരിക്കണം. അതിനു ചുററും പൂന്തോട്ടങ്ങളും ഇരിക്കാനുള്ള തറകളും ഉണ്ടാക്കണം. ജനങ്ങൾ അപ്പോൾ അവിടെ വരും. ആരോഗ്യം വൎദ്ധിക്കും. നല്ല വിചാരങ്ങൾ ഉണ്ടാവും. സംഘടനയും ഐകമത്യവും അവിടെനിന്നുത്ഭവിക്കും. ഇപ്രകാരം ക്ഷേത്രങ്ങളെ പരിഷ്ക്കരിച്ചാൽ മാത്രമേ അവ മനുഷ്യൎക്ക് ഉപയോഗമുള്ളവയായിത്തീരുകയുള്ളൂ.

സന്ന്യാസിമഠങ്ങളിലും വലുതായ പരിവൎത്തനങ്ങൾ വരുത്തണം. സ്വാൎത്ഥംവെടിഞ്ഞു പൊതുജനങ്ങൾക്കുവേണ്ടി പ്രവൃത്തിചെയ്യുന്നവർ സന്ന്യാസിമാരാണ്. സന്ന്യാസി എന്നാൽ പരോപകാരി, ത്യാഗി എന്ന് ഗുരുദേവൻ ഒരിക്കൽ കല്പിച്ചു. സന്ന്യാസിക്ക് വേഷംവേണമോ എന്ന് ശിഷ്യന്മാർ ചോദിച്ചപ്പോൾ അവിടുത്തെ ഉത്തരം ഇതായിരുന്നു. "വേഷത്തെ ആശ്രയിച്ച് സന്ന്യാസം ഇരിക്കുന്നില്ലെങ്കിലും ഒരു യഥാൎത്ഥസന്ന്യാസിക്ക് വേഷം ഇട്ടതുകൊണ്ട് യാതൊരു കുറവോ കുററമോ തോന്നാൻ വകയില്ല. വേഷമില്ലാതെയിരുന്നാൽ കാൎയ്യങ്ങൾ ഒരു നെറിയും കുറിയും ഇല്ലാതെ ആയിപ്പോകുന്നതിനും ഇടയുണ്ട്. ഒരു രാജാവിന് കിരീടം വേണമെന്നു കരുതപ്പെടുന്നതുപോലെ സന്ന്യാസിക്ക് സന്ന്യാസവേഷം യോജിച്ചതായിക്കരുതാം. രാജാവല്ലാത്തവൻ കിരീടംധരിച്ചാൽ ഒരിക്കലും അയാൾ രാജാവാകുന്നില്ല" സന്ന്യാസിമഠത്തിന്റെ പ്രവൃത്തികൾ ഏതുപ്രകാരമായിരിക്കണമെന്നു ശിവഗിരി

മഠത്തിന്റെ ഉദ്ദേശത്തെപ്പററിയുള്ള ഗുരുദേവന്റെ സന്ദേശം വ്യക്തമാക്കി. ആ സന്ദേശം ഇപ്രകാരമായിരുന്നു.

1: മതത്തിന്റെ 'സാമാന്യതത്വത്തെ ജനസാമാന്യത്തിന്' ഉപദേശിക്കുകയും ഈശ്വരഭക്തിയെ എങ്ങും പ്രചരിപ്പിക്കുകയും ചെയ്യുക.

2. ബാഹ്യാഭ്യന്തരശുദ്ധിയെ അല്ലെങ്കിൽ ത്രികരണവിശുദ്ധിയെ സമ്പാദിക്കാൻ ജനങ്ങളുടെ ഇടയിൽ വേണ്ടുംവിധം യത്നിക്കുക.

3. അഹിംസ, സ്നേഹം, ഐകമത്യം ഇവയുടെ മാഹാത്മ്യത്തെ ജനങ്ങളുടെ ഇടയിൽ പ്രസംഗിക്കുകയും അവയെ അനുഷ്ഠിപ്പിക്കുകയും ചെയ്യുക.

4. സാധുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസസ്ഥിതിയെ നന്നാക്കുക.

5. വാസനയുള്ള യുവാക്കന്മാരെ തിരഞ്ഞെടുത്ത് ബ്രഹ്മചാരികളായി സ്വീകരിച്ച് പഠിപ്പിക്കയും അവരിൽ മനസ്സും യോഗ്യതയും ഉള്ളവക്ക് സന്യാസംനല്കി പരോപകാരാത്ഥം പ്രയത്നിക്കാൻ അവരെ വിട്ടയക്കയും ചെയ്യുക.

വിപുലങ്ങളായ ഈ പ്രവൎത്തനപരിപാടികളെ ക്രമീകരിക്കാനും നിവ്വഹിക്കാനും പ്രബലമായ ഒരു കേന്ദ്രം ആവശ്യമായിത്തീൎന്നു. ശിവഗിരി ആ കേന്ദ്രമായി ഗുരുദേവൻ വരിച്ചു. വെറും കുററിക്കാടുകൾ നിറഞ്ഞ അനാകഷ്കങ്ങളായ ശിവഗിരിക്കുന്നുകൾ സ്വാമികളുടെ സാന്നിദ്ധ്യത്താൽ പ്രശോഭിച്ചു. ഭക്തന്മാരുടെ ശ്രദ്ധമുഴുവൻ അവിടേക്ക് ആകഷിക്കപ്പെട്ടു. സാമുദായികമായും മതപരമായും സന്യാസത്തെ സംബന്ധിച്ചും ഗുരുദേവൻ ഉപദേ

ശിച്ചതെല്ലാം ശിവഗിരിയിൽ നടപ്പിൽ വരുത്തി. ജാതി ഹിന്ത ശിവഗിരിയിൽ നിഴലിക്കുവാൻപോലും അനുവദിച്ചില്ല. മാതൃകയായി അവിടെ ഉണ്ടാക്കിയ ക്ഷേത്രത്തിനു ചുററും മഠങ്ങൾ, പ്രസംഗമണ്ഡപം, ഇംഗ്ലീഷ് സ്കൂൾ, സംസ്കൃതസ്കൂൾ, വൈദ്യപാഠശാല, നെയ്ത്തുശാല, സത്രം, പർണ്ണശാല, വിശ്രമസ്ഥലങ്ങൾ, സ്നാനസ്ഥലങ്ങൾ മുതലായവ ഏർപ്പെടുത്തി. ജനങ്ങളുടെ നന്മക്കായുള്ള എല്ലാ പരിശ്രമങ്ങൾക്കും ശിവഗിരി ഒരു ഹൃദയസ്ഥാനമായിത്തീൎന്നു. ഗുരുദേവൻെറ ആത്മീയശക്തികൾ ആ നിൎമ്മല സ്ഥാനത്ത് പൂൎവ്വാധികം ശക്തിയോടുകൂടി പ്രത്യക്ഷമാകയും ജനങ്ങളെ അങ്ങോട്ടു ഹഠാതാകൎഷിക്കയും ചെയ്തു. രോഗങ്ങളിൽനിന്നു് സുഖം പ്രാപിക്കാനും, ബാധകളിൽനിന്നു രക്ഷകിട്ടുവാനും, കക്ഷിവഴക്കുകളും മത്സരബഹളങ്ങളും സമാധാനിപ്പിക്കുവാനും, ഉപദേശം കേൾക്കുവാനും, പ്രവൃത്തിപദ്ധതികൾ നിൎമ്മിക്കുവാനും, ലോകസേവാപരിശ്രമങ്ങൾക്ക് അനുഗ്രഹം സിദ്ധിക്കുവാനും, സങ്കടങ്ങൾ പരിഹരിക്കാനും, സന്തോഷത്തെ പ്രദൎശിപ്പിക്കാനും, ഭക്തിപൂൎവ്വം ഭജിക്കാനും, വേനലിൽ കുളിക്കാനും യോഗങ്ങൾ കൂടുവാനും പ്രസംഗങ്ങൾ മുഴക്കുവാനും, എന്നുവേണ്ട പ്രധാനവും അപ്രധാനവുമായ എല്ലാ സന്ദൎഭങ്ങളിലും ശിവഗിരി ജനങ്ങളുടെ അഭയസ്ഥാനമായിത്തീൎന്നു. ആ പുണ്യപ്രദേശത്തു് നിന്നു ഗുരുദേവൻ ജനങ്ങളുടെ ജീവിതത്തെ സംഭവബഹുലമായ പന്ഥാവുകളിലേക്ക് തിരിച്ചുവിട്ടു. ആചാരപരിഷ്കാരം, ജാതിധ്വംസനം, ക്ഷേത്രപ്രവേശനം, വിദ്യാവിതരണം, ഹരിജനസേവാവ്യവസായ

പോഷണം, സത്യഗ്രഹം, മദ്യവജ്ജനം, രാഷ്ട്രീയസംഘടന, സ്വദേശിപ്രക്ഷോഭണം, സ്വാതന്ത്ര്യസമരം, ഉദ്യോഗസമ്പാദനം, ആദശപ്രചരണം മുതലായി ഇന്നത്തെ നേതാക്കന്മാർ നടത്തുന്നതും നടത്താൻ സാധിക്കാതെ ഉപേക്ഷിച്ചിട്ടുള്ളതുമായ ധമ്മസമരങ്ങളുടെ മുന്നണിയിൽ ഗുരുദേവൻെറ അനുയായികൾ സധൈര്യം പോരാടിത്തുടങ്ങി. ശിവഗിരി സ്വതന്ത്രമായ ചിന്തകളുടേയും സധീരമായ കമ്മങ്ങളുടേയും കേന്ദ്രമായിത്തീന്നു. സംഘടിതമായ പരിവത്തനത്തിനുള്ള സന്നാഹങ്ങൾ അവിടെ ശക്തിപ്പെട്ടുവന്നു. ഗുരുദേവൻെറ ധമ്മസ്ഥാപനങ്ങളുടെ മകുടമായി ശിവഗിരി ആകാശത്തിലെന്നപോലെ ഭക്തന്മാരുടെ അഭിമാനത്തിലും ഉയന്നുവന്നു. അവിടെനിന്നും ഗുരുദേവൻെറ അനുഗ്രഹശക്തി നാലുഭാഗത്തേക്കും പ്രവഹിച്ച് ജനതയെ വിജയാബ്ധിയിൽ ആറാടിച്ചു.

"പരമാത്മവിദ്യയുടെ പാമാവധി കണ്ടോരീ
ധരണിയിൽ സ്വാമിയേപ്പോലൊരുവരില്ല.
സമസ്തസൽഗുണങ്ങൾക്കും സമഗ്രനിലയൻ ധീമാ
നമത്ത്യഗുരുസമാനനതി തേജസ്വി.
നമുക്കഭ്യുദയം നല്കും ഗുരുവായ് ദൈവമയച്ച
നമസ്കരണീയൻ സ്വാമി ജയിച്ചീടുന്നു.
മതബോധവും വിദ്യയും പരത്തുന്നു നമ്മൾക്കഭി-
മതമാമാചാരം സ്വാമിയരുളീടുന്നു.
പാരം നിഗമങ്ങളുടെ പാരഗത്വം കൊണ്ടും നിത്യ
ചാരുചര്യംകൊണ്ടും ശുദ്ധതപസ്സുകൊണ്ടും,

മാരതക്രിയയോഗങ്ങൾ മാതുരശ്രീ ധീമാൻ സ്വാമി
പരിമിൽ കടന്ന ജ്ഞാനി പദവിനേടി
പരമഹംസനീവണ്ണം മരുവുന്ന ലൗകികൻപോൽ
പരമഭാഗ്യമിതെന്നോ പറയേണ്ടു നാം."

(ആശാൻ)

ശിവഗിരിനാഥനായ ഗുരുദേവനെപ്പററി മഹാകവി പാടിയിരിക്കുന്നതു് എത്ര മനോഹരമായിരിക്കുന്നു. ലൗകികജ്ഞാനത്തിൻെറ സമൃദ്ധിയാലും, ആത്മികവിദ്യയുടെ പരിപൂർണ്ണതയാലും, സർവ്വസൽഗുണസമ്പത്തിനാലും, അനുപമമായ ബുദ്ധിവൈഭവത്താലും, ദേവന്മാക്കുപോലും ഗുരുവായിത്തീരത്തക്ക മഹിമയോടുകൂടിയ സ്വാമികൾ, അധഃപതിച്ചു് രക്ഷയില്ലാതെ കിടന്നിരുന്ന നമുക്കു് എല്ലാവിധ ഉൽകഷങ്ങളും ഉണ്ടാക്കി അനുഗ്രഹിക്കാനായി സവ്വേശ്വരൻ അയച്ചുതന്നിട്ടുള്ള ആ ഗുരുദേവൻ, സവ്വരാലും ആരാദ്ധ്യനായി ശിവഗിരിയിൽ പരിശോഭിക്കുന്നു. ശാസ്ത്രജ്ഞാനംകൊണ്ടും, പരിശുദ്ധജീവിതത്താലും, തപോബലംകൊണ്ടും മനുഷ്യാതീതനായി, ജീവന്മുക്തനായിത്തീന്നിട്ടുള്ള ഗുരുദേവൻ നമുക്കു് മതബോധവും വിദ്യയും സദാചാരങ്ങളും, പ്രദാനം ചെയ്തുകൊണ്ടും; ഒരു ലൗകികനെപ്പോലെ നമുക്കുവേണ്ടി അഹന്നിശം പ്രയത്നിച്ചുകൊണ്ടും ജീവിക്കുന്നതു് നമ്മുടെ പരമഭാഗ്യമെന്നല്ലാതെ എന്താണു് പറയേണ്ടതു്.

"അവരവരാത്മ സുഖത്തിനാചരിക്കുന്നവ-
യപരക്കു സുഖത്തിനായ്‌വരേണം."

ഈ ഉപദേശത്തിൻെറ പ്രത്യക്ഷമാതൃകയായി ഗുരുദേവൻെറ ജീവിതവും ശിവഗിരിയും വിജയിക്കുന്നു.

---

VI

# അദ്വൈതാശ്രമം.

ശിവഗിരിയിലെ പ്രവൃത്തികൾ ഏകദേശം പൂർത്തിയായതോടുകൂടി ഗുരുദേവന്റെ ശ്രദ്ധ അതിപ്രധാനമായ മറ്റൊരു ലക്ഷ്യത്തിലേക്കു തിരിഞ്ഞു. ക്ഷേത്രങ്ങളുടേയും മഠങ്ങളുടേയും മററും പരമമായ ഉദ്ദേശ്യം എന്തു്? ജനങ്ങളിൽ വിദ്യകൊണ്ടും വിജയലബ്ധികൊണ്ടും ശക്തിപ്പെട്ടുവന്നിട്ടുള്ള ആത്മാഭിമാനവും ധൈര്യവും ഏതൊരു മഹാകാര്യത്തിനായി ഉപയോഗിക്കപ്പെടണം? സാമൂഹ്യജീവിതത്തിൽ അനുഭവപ്പെടുത്തുവാനുള്ള ആദർശങ്ങൾ ഏവ? ഭാവിതലമുറകൾക്കു് ധർമ്മപരിപാടിയായിത്തീരേണ്ട തത്വങ്ങൾ എന്തെല്ലാം; ഏതൊരു നിയമത്തെ അടിസ്ഥാനമാക്കിയാണു് എല്ലാ സ്ഥാപനങ്ങളും പ്രവർത്തനങ്ങളും നടത്തപ്പെടേണ്ടതു്? ഈ യുഗത്തിന്നനുയോജ്യമായ ധർമ്മസംസ്ഥാപനം ഏതുവിധം നിർവ്വഹിക്കണം എന്നിങ്ങനെയുള്ള ചിന്തകൾക്കു് പ്രാധാന്യം കൂടിവന്നു. ബഹുലങ്ങളായ കർമ്മപ്രസ്ഥാനങ്ങളെ ഏകമായ തത്വസരണിയോടു സംഘടിപ്പിക്കുവാനുള്ള ശ്രമം ഗുരുദേവൻ ആരംഭിച്ചു.

ഭാരതയുദ്ധത്തോടുകൂടി ഛിന്നഭിന്നമായിത്തീർന്ന ഭാരതധർമ്മത്തേയും ജനതയേയും രക്ഷിക്കുവാൻ ശ്രീബുദ്ധൻ അവതരിച്ചു. ഒരു മനുഷ്യന്റെ എന്നപോലെ ഒരു രാജ്യത്തിന്റെയും അഭ്യുദയത്തിന്നു് ഒന്നാമതായി ആവശ്യമാ

യിട്ടുള്ളതു് ഹൃദയസംസ്കാരമാണു്. ക്രൂരവും കഠിനവുമായിത്തീൎന്നിട്ടുള്ള ഹൃദയത്തെ മാൎദ്ദവപ്പെടുത്തി ശുദ്ധമാക്കിയശേഷം മാത്രമേ ഉൽകൃഷ്ടങ്ങളായ ആശയങ്ങൾക്കു് ആസക്തി ജനിക്കയുള്ളു. ഹൃദയശുദ്ധിയുണ്ടായാൽ പിന്നെ ആവശ്യം ബുദ്ധിശക്തിയാണു്. ഹൃദയശുദ്ധിയോടും ബുദ്ധിശക്തിയോടും കൂടിയ ഒരാൾ മാത്രമേ സൃഷ്ടിപരമായ പരിശ്രമങ്ങൾക്കു യോഗ്യനാകയുള്ളു. സമുദായങ്ങളും ഈ നിയമത്തെ ആശ്രയിച്ചാണു് വളരുന്നതു്. അധമമായ ആരാധനകളാലും ദുഷിച്ച സമുദായാചാരങ്ങളാലും മനുഷ്യർ കഠിനഹൃദയന്മാരും ധൎമ്മചിന്തകൾക്കു് അപ്രാപ്തരും ആയിത്തീൎന്ന കാലത്തു് ശ്രീബുദ്ധൻ അഹിംസയുടെ മഹാത്മ്യത്തെ ഉപദേശിച്ചു് "സ്നേഹമാണഖിലധൎമ്മമൂഴിയിൽ" എന്ന ധൎമ്മബോധം ജനമദ്ധ്യത്തിൽ ഉൽഭൂതമാക്കി. ആ പ്രബുദ്ധതയുടെ ശക്തി ദീൎഘകാലത്തേക്കു് ഭാരതഭൂമിയിൽ ശ്രേയസ്സും സമാധാനവും പ്രദാനംചെയ്തു. ധൎമ്മാധൎമ്മങ്ങളേയും, സത്യാസത്യങ്ങളേയും പററി വിവേകപൂൎവ്വം ചിന്തിക്കുവാനുള്ള ബുദ്ധിശക്തിയും, സ്വാതന്ത്ര്യബോധവും വളൎത്തുവാൻ കാലമായെന്നു കണ്ടപ്പോൾ ശ്രീബുദ്ധൻ വീണ്ടും ശങ്കരനായി അവതരിച്ചു് "സ്നേഹസാരമിഹസത്യമേകമാം എന്നുള്ള അദ്വൈതജ്ഞാനത്താൽ സദ്ധൎമ്മത്തെ പൂരിപ്പിച്ചു. അന്തസ്സാരഹീനങ്ങളായ അഭിപ്രായവ്യത്യാസങ്ങളിൽനിന്നും മതമത്സരങ്ങളിൽനിന്നും രാജ്യത്തെ രക്ഷിക്കുവാൻ ശ്രീശങ്കരന്റെ അദ്വൈതമതം പൎയ്യാപ്തമായിത്തീൎന്നു. ബുദ്ധന്റെ ഹൃദയവും, ശങ്കരന്റെ ബുദ്ധിയും, ചന്ദ്രസൂൎയ്യന്മാരെപ്പോലെ എ

ന്നും ലോകത്തെ പ്രകാശിപ്പിക്കുന്ന ശക്തികളാകുന്നു. അവ എന്നും ഭാരതഭൂമിയുടെ മഹാത്മ്യമായി പ്രശോഭിക്കും. പരിശുദ്ധമായ ഹൃദയത്തോടും പ്രബുദ്ധമായ ബുദ്ധിശക്തിയോടുംകൂടി സൃഷ്ടിപരമായ പരിവൎത്തനങ്ങൾക്ക് മനുഷ്യരെ സംഘടിപ്പിക്കുവാൻ കാലമായെന്നു് കണ്ടപ്പോൾ ശ്രീബുദ്ധൻ ശ്രീനാരായണഗുരുദേവനായി അവതരിച്ചതാണെന്നു് വിശ്വസിക്കപ്പെടുന്നു. ബുദ്ധന്റെ ഹൃദയവും, ശങ്കരന്റെ ബുദ്ധിയും, കുടികൊള്ളുന്നതിനു് നിദാനമായ സമുദായശരീരത്തെ സൃഷ്ടിക്കുന്നതാകുന്നു ഗുരുദേവന്റെ ജീവിതോദ്ദേശം. സദ്ധൎമ്മോപദേശം ആത്മീകമായ ഒരു രഹസ്യം മാത്രമല്ലെന്നും അതിനെ അടിസ്ഥാനമാക്കി സാമൂഹ്യജീവിതത്തിൽ സ്വാതന്ത്ര്യവും സമത്വവും സഹോദര്യവും അനുഭവപ്പെടുത്തണമെന്നും, ജാതിവ്യത്യാസം, വൎഗ്ഗവ്യത്യാസം മുതലായ സങ്കല്പപരിധികളെ തകൎത്തു് മനുഷ്യസാഹോദര്യം സ്ഥാപിക്കുകയും മനുഷ്യസമ്പൎക്കം സാദ്ധ്യമാക്കുകയും ചെയ്യണമെന്നുമുള്ള തത്വത്തെ "ഏകജാതി" എന്നുള്ള ഉപദേശത്തിൽ ഗുരുദേവൻ പ്രഖ്യാപനം ചെയ്തു. ശൈവാദി മതങ്ങളെ ഏകീകരിച്ച അദ്വൈതസിദ്ധാന്തത്തിന്റെ ഫലപ്രാപ്തിയുണ്ടാകണമെങ്കിൽ ക്രൈസ്തവം, ഇസ്ലാം, മുതലായ നവീനമതങ്ങളേയും സനാതനധൎമ്മത്തിന്റെ ഭാഗങ്ങളായി വീക്ഷിക്കുവാനുള്ള വിശാലബുദ്ധി സാധാരണമായിത്തീരണമെന്നും അതു് തന്നെയാണു് "ഏകമതം" എന്നും ഗുരുദേവൻ ഉപദേശിച്ചു.

"അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു.
ജഗതിയിലിമ്മതമേകമെന്നു ചിന്തി-
ച്ചഘമണയാതകതാരമർത്തിടേണം".

(ഗുരുദേവൻ)

മനുഷ്യസമുദായത്തിലെ എല്ലാ വ്യക്തിയും ആഗ്രഹിക്കുന്നതു് അവനവന്റെ സുഖമാണെന്നും അതുകൊണ്ടു് ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം "പല മതസാരവുമേകമാണെന്നും" ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. വ്യക്തികളുടെ ഉദ്ദേശസാരം ഒന്നായിരിക്കുന്നതുപോലെ മനുഷ്യസമുദായത്തിന്റെ ലക്ഷ്യവും ഒന്നുതന്നെയാകുന്നു.

"അവരവരാത്മസുഖത്തിനാചരിക്കുന്നവ-
യപരർക്കു സുഖത്തിനായ്‌വരേണം."

ഒരു വ്യക്തിക്കു് യഥാർത്ഥമായ സുഖത്തെ ഉണ്ടാക്കുന്നതു് മററുള്ളവർക്കും സുഖപ്രദമായിരിക്കാനേ തരമുള്ളൂ. ഒരു വ്യക്തിയുടെ യഥാർത്ഥമായ മതംതന്നെ മറെറല്ലാ വ്യക്തികളുടേയും "ഏകമത"മാകുന്നു. അതുകൊണ്ടു് എല്ലാ മതങ്ങളുടേയും പരമമായ ലക്ഷ്യം ലോകസുഖമാകുന്നു. ഇതുതന്നെ സർവ്വരാലും ആരാദ്ധ്യമായ "ഏകദൈവം". ഈശ്വരാരാധനകൊണ്ടു് ഒരു മനുഷ്യൻ ലക്ഷ്യമാക്കുന്നതു് സ്വസുഖമായിരിക്കുന്നതുപോലെ മനുഷ്യസമുദായത്തിനു് ദൈവവിശ്വാസത്താൽ ലഭ്യമാകേണ്ടതു് ലോകക്ഷേമമാകുന്നു. "മതം ഏതായാലും മനുഷ്യർ നന്നായാൽ മതി" എന്നുള്ള ഗുരുദേവന്റെ ഉപദേശത്തിന്റെ സാരം ഇതാണു്. ഓരോ വ്യക്തിയും ആത്മസുഖത്തെ ആരാധിക്കട്ടെ എന്നു

കണ്ണാടിപ്രതിഷ്ഠ നടത്തി ഗുരുദേവൻ പ്രത്യക്ഷമാക്കി. മനുഷ്യസമുദായം മുഴുവൻ ഒന്നായി ആരാധിക്കേണ്ട ഏകദൈവവും "ലോകക്ഷേമ"മാകുന്നു എന്നുള്ള പരമരഹസ്യം ഇതിൽ അടങ്ങിയിരിക്കുന്നു. ഇപ്രകാരമുള്ള ഏകദൈവവിശ്വാസത്തിലും ഏകലക്ഷ്യത്തോടുകൂടിയ സാമൂഹ്യജീവിതത്തിലും മനുഷ്യരെ സംഘടിപ്പിക്കണം. ഇങ്ങനെ ത്രിവിധങ്ങളായ സംഘടനാപദ്ധതി വഴിയായി യഥാർത്ഥമായ സനാതനധർമ്മത്തെ സമുദായസ്വരൂപമാക്കുവാൻ "ഒരു ജാതി, ഒരു മതം, ഒരു ദൈവം" എന്ന സന്ദേശം നമ്മെ ഉൽബോധിപ്പിക്കുന്നു. ഈ ധർമ്മത്തെ സ്ഥാപിക്കുവാനും പ്രഖ്യാപനം ചെയ്യുവാനുമായി ശ്രീ ശങ്കരനായി അവതരിച്ച കാലത്തെ ജന്മസ്ഥലമായ ആലുവാ നദീതീരംതന്നെ വീണ്ടും ഗുരുദേവൻ തിരിഞ്ഞെടുത്ത് അദ്വൈതാശ്രമം അവിടെ സ്ഥാപിച്ചു. അഭിനവശങ്കരനായ ഗുരുദേവന്റെ അദ്വൈതമതം "ഒരുജാതി, ഒരുമതം, ഒരു ദൈവം" എന്ന വാക്യത്തിൽ അടങ്ങിയിരിക്കുന്നു.

ആദർശപ്രഖ്യാപനത്തോടുകൂടി അവതാരോദ്ദേശമായ ധർമ്മസംസ്ഥാപനവും ഗുരുദേവൻ സാധിച്ചു. അതുവരെ ചെയ്തിട്ടുള്ള എല്ലാ പരിശ്രമങ്ങളും ഏർപ്പെടുത്തിയ എല്ലാ സ്ഥാപനങ്ങളും ഈ ധർമ്മസംസ്ഥാപനാർത്ഥം ഗുരുദേവൻ സങ്കല്പിച്ച് സമർപ്പിക്കയും നവീനമായ ഒരു ധാർമ്മികജീവിതത്തിലേക്ക് ലോകത്തെ തിരിപ്പിക്കുവാനുള്ള ആത്മശക്തി ധർമ്മരാജ്യത്തിൽ വീണ്ടും പ്രതിഷ്ഠിക്കയും ചെയ്തു. ആ ശക്തിയുടെ വികാസമാണ് ഇന്നത്തെ സൃഷ്ടിപരമായ പരിവർത്തനങ്ങളിൽ അനുഭവപ്പെട്ടു തുടങ്ങിയിട്ടുള്ളത്.

മഹർഷിമാർ കാലോചിതങ്ങളായ ധർമ്മങ്ങൾ ഉപദേശിക്കും. അവരുടെ ശിഷ്യന്മാർ വിവരം രാജാവിനെ അറിയിക്കയും രാജാവ് ധർമ്മസംസ്ഥാപനാർത്ഥം വേണ്ട നിയമങ്ങളും ആചാരങ്ങളും രാജ്യത്തിൽ നടപ്പാക്കുകയും ചെയ്യും. ഇങ്ങനെയാണ് പുരാതനകാലംമുതൽ ഭാരതീയരുടെ ഇടയിൽ നടന്നുവന്നിട്ടുള്ളത്. ശ്രീനാരായണഗുരുദേവന്റെ ജീവിതത്തിലും ഈ പാരമ്പര്യം അനുഭവപ്പെട്ടിരിക്കുന്നു. തന്റെ ശിഷ്യപ്രധാനൻ ഗുരൂപദേശങ്ങളെ ധർമ്മരാജാവിനെ ധരിപ്പിക്കുവാനായി പാടിയിട്ടുള്ളത് എത്ര ഹൃദയസ്പൃക്കായിരിക്കുന്നു!

വല്ലിതന്നാഗ്രത്തിൽനിന്നോ — ദ്വിജൻ,
ചൊല്ലുക മേഘത്തിൽനിന്നോ,
യാഗാഗ്നിപോലെ ശമിതൻ — ഖണ്ഡ
യോഗത്തിൽനിന്നോ ജനിപ്പൂ?
അജ്ഞാതിരക്തത്തിലുണ്ടോ? — അസ്ഥി,
മജ്ജയിതുകളിലുണ്ടോ?
ചണ്ഡാലിതൻ മെയ്ദ്വിജന്റെ — ബീജ
പിണ്ഡത്തിനൂഷരമാണോ?
അക്ഷരബ്രഹ്മം ദ്വിജന്മാർ — സ്വയം
ശിക്ഷകൂടാതറിയുന്നോ?
എല്ലാ കൃമികളും പോലെ — ജനി
ച്ചില്ലാതാം മർത്ത്യരെയെല്ലാം
കല്പ്യമാം കർമ്മനിയതി — കര
പല്ലവം താൻ ചെയ്യയല്ലേ.
നെല്ലിൻ ചുവട്ടിൽ മുളക്കും — കാട്ടു
പുല്ലല്ല സാധു പുലയൻ.

സത്യധർമ്മങ്ങൾക്കെതിരാം—ശാസ്ത്രം
ശുദ്ധിയായ്കണ്ടു നൃപതെ!
അത്ഥപ്രവാഹനം ചെയ്യോ—മതിൽ
വ്യത്ഥമുദരംഭരികൾ.
ഇന്നലെച്ചെയ്യൊരബദ്ധം—മൂഢ
ക്കിന്നത്തെയാചാരമാവാം,
നാളത്തെ ശാസ്ത്രമതാവാം—അതിൽ
മൂളായ്ക സമ്മതം രാജൻ.

* * * * *

താണ സമസൃഷ്ടർ തന്നെ—നിജ
ഭ്രൂണത്തിൽ കൊല്ലാതെകൊന്നു,
ജന്മം വിഫലമാക്കിട്ടും—മഹാ
കൽമഷകാരിണിയായി
ചാതുര്യ്യമായ് പല വണ്ണം—തേടും
ജാതിയാമീ ഹിംസതന്നെ
ഭൂതദയയെ നിന്ദച്ചും—സ്വന്ത
നീതിയെദ്ധ്യാത്തും നൃപേന്ദ്ര!
നിഷ്കൃഷ്ടമാമാജ്ഞയാലെ—യങ്ങും
നിഷ്ഠാസിക്കിൽ ശുഭമായി.

* * * * *

സ്നേഹത്തിൽനിന്നുദിക്കുന്നു—ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു.
സ്നേഹംതാൻ ശക്തി ജഗത്തിൽ—സ്വയം
സ്നേഹം താനാനന്ദമാക്കും

സ്നേഹംതാൻ ജീവിതം ശ്രീമൻ—സ്നേഹ
വ്യാഹതിതന്നെ മരണം.
ചൊല്ലിനെ നീഷ്യയല്ലാതെ—മർത്ത്യ
ക്കില്ലതാ നില്ലതാൻ ജാതി
മോഹംകളഞ്ഞു ജനത്തെ—ത്തമ്മിൽ
സ്നേഹിപ്പാൻ ചൊല്ലു നരേന്ദ്രാ!

(കുമാരനാശാൻ)

ഈവിധം ശിഷ്യന്മാർ ചെയ്ത പ്രാത്ഥനയെ ധമ്മരാജൻ സ്വീകരിക്കയും തന്റെ രാജ്യത്തിൽ ശ്രീനാരായണാദൈ്വതധമ്മത്തെ പുലത്തുവാൻ ആജ്ഞാപിക്കയും ചെയ്തു. അതിന്റെ ഫലമായി ധമ്മരാജ്യത്തിലെ പുരാതനക്ഷേത്രങ്ങളിലെല്ലാം എല്ലാ ഹിന്തുക്കൾക്കും ആരാധനാസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. ജാതിനിഷ്ഠാസനത്തിന്റെ പ്രാരംഭപടിയായ ലോകപ്രസിദ്ധമായ ക്ഷേത്രപ്രവേശനാവിളംബരംമൂലം ധമ്മരാജ്യം ലോകമെങ്ങും പ്രഖ്യാതമായിത്തീന്നു.

ക്ഷേത്രത്തെ തുറക്കുവാൻ മാത്രമല്ല "ഒരുജാതി, ഒരുമതം, ഒരുദൈവം മനുഷ്യനു്" എന്നുള്ള ആദശത്തിന്റെ വിജയപതാക നാട്ടുന്നതുവരെ മനുഷ്യരെ മുന്നോട്ടു് തള്ളികൊണ്ടു് പോകുവാനും പയ്യാപ്തമായി ഗുരുദേവന്റെ ശക്തി എന്നും വത്തിക്കുന്നതാണ്.

## VII

# ശ്രീനാരായണധർമ്മസംഘം.

ഗുരുദേവൻ കർമ്മനിരതനായി ജീവിച്ചകാലത്ത് അദ്ദേഹത്തിൻെറ മഹാസങ്കല്പങ്ങൾ നിർവ്വഹിക്കാനായി അസാമാന്യവൈദഗ്ദ്ധ്യമുള്ള കർമ്മകുശലന്മാരായ ശിഷ്യന്മാരെ ചുററും ആകർഷിച്ചുനിർത്തിയിരുന്നു. പണ്ഡിതശിരോമണികൾ, വൈദികവിദ്വാന്മാർ, മഹാകവികൾ, സംഗീതനിപുണന്മാർ, പ്രസിദ്ധ വാഗ്മികൾ, സിദ്ധന്മാർ, കർമ്മപടുക്കൾ, മഹാത്യാഗികൾ, വൈദ്യവിശാരദന്മാർ, കലാഭിമാനികൾ, നേതൃത്വകുശലന്മാർ, ധർമ്മിഷ്ഠർ എന്നിങ്ങനെ ഓരോവിധത്തിൽ പ്രശസ്തന്മാരായ കിങ്കരന്മാർ ഗുരുദേവൻെറ സങ്കല്പങ്ങളെ സഫലമാക്കിത്തീർക്കുവാൻ സദാ സന്നദ്ധരായി വർത്തിച്ചു. ഗുരുദേവൻ അവരെയെല്ലാം ഓരോവിധത്തിൽ അനുഗ്രഹീതരാക്കി. പക്ഷേ ഗുരുദേവൻ കർമ്മങ്ങളിൽനിന്ന് വിരമിക്കുവാൻ തുടങ്ങിയപ്പോൾ പ്രവർത്തകന്മാരുടെ മഹത്വവും അസ്തമിച്ചുതുടങ്ങി. അവരുടെ എണ്ണം പലപ്രകാരത്തിൽ കുറഞ്ഞുകൊണ്ടിരുന്നു. ധർമ്മോപദേശങ്ങൾ പ്രചരിപ്പിക്കുവാനും ധർമ്മസ്ഥാപനങ്ങൾ ഫലപ്രാപ്തിവരെ ശക്തിപ്പെടുത്തിക്കൊണ്ടുപോകാനും ത്യാഗികളായ ധർമ്മഭടന്മാർ തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കേണ്ടതു ആവശ്യമാകയാൽ ഗുരുദേവൻ ഒരു ശിഷ്യസംഘത്തെ സ്ഥാപിച്ച് അവസാനകൃത്യവും നിർവ്വഹിച്ചു. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന സ

നാതനധർമ്മത്തെ പുലർത്തി സമുദായഘടന രൂപാന്തരപ്പെടുത്തുന്നതിനും, ആധുനികലോകത്തിനു ആവശ്യമായ വിധത്തിൽ ലോകസേവാനിരതന്മാരായി ജീവിക്കുന്നതിനും സന്നദ്ധതയുള്ളവരുടെ ഒരു ശിഷ്യപരമ്പര നിലനില്ക്കുന്നതിനായി "ശ്രീ നാരായണധർമ്മസംഘം" സ്ഥാപിതമായി. ചുമതലകളെല്ലാം ആ സംഘത്തെ ഏല്പിച്ചശേഷം ഗുരുദേവൻ സമാധിയിൽ ലയിക്കുവാൻ ഒരുങ്ങി ഭക്തജനങ്ങളുടെ ശുശ്രൂഷകൾ സ്വീകരിച്ചുകൊണ്ടും അവരുടെ അജ്ഞതയുടേയും അനൈകമത്യത്തിന്റേയും അനന്തരഫലമായി ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ താൻതന്നെ ഏറ്റെടുത്തു അനുഭവിച്ചുകൊണ്ടും സ്നേഹാത്മകമായ ആശീർവ്വാദത്താൽ കഠിനഹൃദയങ്ങളെ മാർദ്ദവപ്പെടുത്തിയും സംശയങ്ങൾ തീർത്തും, സമാധാനവും, ധൈര്യവും, പ്രദാനം ചെയ്തുകൊണ്ടും, കഴിഞ്ഞതും വരുവാനിരിക്കുന്നതുമായ സംഗതികൾ ദിവ്യദൃഷ്ടിയിൽ വീക്ഷിച്ചു സംതൃപ്തനായിക്കൊണ്ടും, ഗുരുദേവൻ ഒരു കൊല്ലത്തോളം കഴിച്ചുകൂട്ടിയശേഷം 1104 കന്നി 5-ാംനു ആ തേജോരൂപം ശിവഗിരിയിൽവെച്ചു് കാലയവനികക്കുള്ളിൽ അപ്രത്യക്ഷമായി.

## VIII

## നമ്മുടെ കർത്തവ്യം.

ബുദ്ധൻ, ക്രിസ്തു, മുഹമ്മദ്നബിമുതലായ അവതാരപുരുഷന്മാരുടെ കാലങ്ങളിൽ ഉണ്ടായതുപോലെയുള്ള ഒരു

സംഭവമാണ് നമ്മെ അഭിമുഖീകരിക്കുന്നത്. ക്ഷയിച്ചതും ദൂഷിച്ചതുമായ ഒരു ജീവിതരീതിയിൽനിന്ന് ഉൽകൃഷ്ടമായ ഒരു ധർമ്മപന്ഥാവിലേക്ക് ഗുരുദേവൻ നമ്മെ വിളിക്കുന്നു. ജാതി ചോദിക്കാതെയും പറയാതെയും വിചാരിക്കാതെയും മനുഷ്യരായി ജീവിക്കുന്നതിന് നമ്മോട് ആജ്ഞാപിക്കുന്നു. വൈദ്യം, വിദ്യാഭ്യാസം, രാഷ്ട്രം മുതലായ പ്രസ്ഥാനങ്ങളുടെയെല്ലാം ലക്ഷ്യം മനുഷ്യരുടെ നന്മയായിരിക്കുന്നതുപോലെ മതത്തിൻെറ ലക്ഷ്യവും മനുഷ്യർ നന്നാവണം എന്നാകുന്നു. "മതം ഏതായാലും മനുഷ്യർ നന്നായാൽ മതി" എന്ന് ഗുരുദേവൻ ഉപദേശിക്കുന്നു. ക്ഷേത്രം, മഠം മുതലായ മതസ്ഥാപനങ്ങൾ താഴ്ന്നവരെ ഉയർത്തിയും, അസ്വതന്ത്രരെ സ്വതന്ത്രരാക്കിയും ഭിന്നിച്ചു കിടക്കുന്നവരെ ഏകീകരിച്ചും, സ്വാർത്ഥലോലുപന്മാരെ ത്യാഗികളും ലോകസേവാതല്പരന്മാരുമാക്കിയും, മനുഷ്യരെ നന്നാക്കുവാനുള്ള ഏർപ്പാടുകളാക്കിത്തീർക്കണമെന്നു ഗുരുദേവൻ കല്പിക്കുന്നു. വ്യത്യസ്തങ്ങളായ നാമരൂപങ്ങളോടുകൂടിയ മൂർത്തികളിൽനിന്ന് നമ്മുടെ വിശ്വാസത്തെ ഏകദൈവത്തിലേക്കു തിരിക്കുവാൻ ആ ലോകഗുരു നമ്മെ ഉൽബോധിപ്പിക്കുന്നു. എല്ലാ മതസ്ഥാപകന്മാരും മനുഷ്യരെ ജാതിയിൽനിന്നും, നിരർത്ഥകങ്ങളായ ആചാരവിശ്വാസങ്ങളിൽനിന്നും ബഹുദൈവാരാധനയിൽനിന്നും രക്ഷിക്കുവാനാണ് ശ്രമിച്ചിട്ടുള്ളത്. യഹൂദന്മാരുടെ ഇടയിൽ ജാതിവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അവരുടെ മതാചാരങ്ങളും സ്ഥാപനങ്ങളും ദൂഷിച്ചിരുന്നു. അവർ ദൈവത്തെ മറന്ന് മൂർത്തികളെ ആരാധിച്ചിരുന്നു. ക്രിസ്തു

മതസ്ഥാപനത്തോടുകൂടി അവർ ഈ ദോഷങ്ങളിൽനിന്നു രക്ഷപ്പെട്ടു. അറബികളുടെ ഇടയിലും ഇതുപോലെയുള്ള അന്ധവിശ്വാസങ്ങളും, നിന്ദ്യമായ ആരാധനാക്രമങ്ങളും ഉണ്ടായിരുന്നു. ഇസ്ലാംമതം അവരെ ഒരു പുതിയ ജീവിതത്തിലേക്ക് ആനയിച്ചു. ഭാരതസന്താനങ്ങൾ ഇനിയും രക്ഷപ്പെട്ടിട്ടില്ല. കഴിഞ്ഞ നാലായിരം കൊല്ലങ്ങളിലായി പലപ്രാവശ്യം അനേകം അവതാരപുരുഷന്മാരും, ഋഷിമാരും, സിദ്ധന്മാരും, ആചാര്യന്മാരും നമ്മെ ഉദ്ധരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അവരെല്ലാം ഉപദേശിച്ചിട്ടുള്ളത് ജാതിവ്യത്യാസങ്ങൾ അസത്യമാണെന്നും, ബഹുദൈവാരാധന അധമമാണെന്നുമാകുന്നു. ജൈനമതം, ബുദ്ധമതം, സിക്കമതം, ആര്യസമാജം, ബ്രഹ്മസമാജം മുതലായ എല്ലാ പ്രസ്ഥാനങ്ങളും ഹിന്ദുക്കളെ രക്ഷിക്കാനായി വടക്കെ ഇൻഡ്യയിൽ ഉത്ഭവിച്ചിട്ടുള്ളതാണ്. ശൈവം, വൈഷ്ണവം, അദ്വൈതം മുതലായ തെക്കെ ഇൻഡ്യയിലെ മതങ്ങളും ഏറെക്കുറെ അതേ ലക്ഷ്യത്തോടുകൂടി ഉണ്ടായവയാകുന്നു. എത്രയോ ഋഷിമാർ, എത്രയോ ആചാര്യന്മാർ, എത്രയോ സിദ്ധന്മാർ നമ്മെ ജാതിചിന്തയിൽനിന്നും, ബഹുദൈവാരാധനയിൽനിന്നും പിൻതിരിക്കുവാൻ ശ്രമിച്ചു. അങ്ങനെയുള്ള എല്ലാ രക്ഷാമാർഗ്ഗങ്ങളിൽനിന്നും ഒഴിഞ്ഞൊളിച്ചും, എല്ലാ ഗുരുക്കന്മാരെയും നിഷേധിച്ചു, അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും പരിപാലിക്കുന്ന പാവങ്ങളാണു ഇന്നത്തെ ഹിന്ദുക്കൾ. നമ്മുടെ ഗുരുക്കന്മാരെ നാം അനുസരിക്കാതെയായപ്പോൾ വിദേശങ്ങളിൽനിന്ന് ഇസ്ലാമികളേയും

ക്രൈസ്തവന്മാരേയും സർവ്വശക്തൻ നമ്മുടെ ഇടയിലേക്ക് അയച്ചു. അനേകലക്ഷം ഭാരതസന്താനങ്ങൾ മുഹമ്മദീയരും ക്രിസ്ത്യാനികളുമായി ജാതിയിൽനിന്നു രക്ഷപ്പെടുകയും ഏകദൈവവിശ്വാസികളായിത്തീരുകയും ചെയ്തു. മതം മനുഷ്യരെ യോജിപ്പിക്കാനും നന്നാക്കുവാനുമാണെന്ന് എല്ലാ മതങ്ങളും ഒരുപോലെ സമ്മതിക്കുന്നു. ഹൈന്ദവർ മാത്രം മതത്തിന്റെ ശക്തി ഉപയോഗിച്ച് മനുഷ്യരെ ഛിദ്രിപ്പിക്കയും സ്വസഹോദരങ്ങളെ അധഃപ്പതിപ്പിക്കയും ചെയ്തു. ഇത്ര കാലമായിട്ടും രക്ഷയില്ലാതെ കിടക്കുന്ന പാവങ്ങളുടെ ഇടയിൽ ഒരു പരിവർത്തനം വരുത്തുവാനാണു് ഗുരുദേവൻ ശ്രമിച്ചിട്ടുള്ളതു്. ഈ പരിവർത്തനം വന്നേ തീരു. അതാകുന്നു നമ്മുടെ രക്ഷാമാർഗ്ഗം.

ഉണരിനുണരിനുള്ളിലാത്മശക്തി
പ്രണയമെഴും സഹജാതരേ ത്വരിപ്പിൻ!
രണപടഹമടിച്ചു ജാതിരക്ഷ-
സ്സണയൊരിടങ്ങളിലൊക്കെയെതിരേല്പിൻ.
ഝടിതിയവനെയാഞ്ഞു വേട്ടയാടിൻ
നൊടിയളവിക്കലി നില്ക്കിലുണ്ടപായം
പടിമപൊരുതവൻ പേപിടിച്ചി-
ച്ചടിമകളാക്കിടുമാരെയും ദുരാത്മാ.
പാരിലലിവെഴാത്ത ദുർജ്ജനത്തിൻ-
കരബലകല്പിതമാണു ജാതിഭേദം
ദൃഢയൊടവർ മിടഞ്ഞുവെച്ച മൌഢ്യ-
ത്തിരയിലൊളിക്കരുതാരുമാത്മദീപം.
എരികെരികമദീയരുള്ളിലച്ചി-
സ്ഫുരിതജടാഞ്ചിത നിത്യദീപമേ! നീ

വൈരിയൊരണിയെ നിങ്ങൾ പോയ്ജയിപ്പിൻ
പരിചൊടു സിംഹസദൃശമക്കളേ! സലിലം.

വിശ്വാസികൾ രക്ഷിക്കപ്പെടുമെന്നും, അവിശ്വാസികൾ തള്ളപ്പെടുമെന്നും രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് ഒരു മഹാത്മാവു് പറഞ്ഞതു് ഇന്നും സത്യമായിരിക്കുന്നു. ഗുരുദേവന്റെ ഉപദേശാദർശങ്ങളിൽ വിശ്വസിക്കുന്നവർക്കു് തീർച്ചയായും രക്ഷയുണ്ടു്. ആദർശപരമായ ഐക്യരൂപ്യത്താലും നേതൃത്വത്തിലുള്ള വിശ്വാസത്താലും മാത്രമേ മനുഷ്യരെ സംഘടിപ്പിക്കുവാൻ സാധിക്കയുള്ളു. സദ്ഗുരുവിന്റെ നേതൃത്വവും ഉൽകൃഷ്ടമായ ധർമ്മോപദേശങ്ങളും നമുക്കു് കരഗതമായിരിക്കുന്നു. യഥാർത്ഥമായ വിശ്വാസത്തിന്റെ അഭാവത്തിൽ രക്ഷകിട്ടുവാനുള്ള കാലം അകന്നകന്നു് പോകുന്നതായിട്ടാണു് കാണുന്നതു്. ദൈവം ഇല്ലെന്നും, മതം വേണ്ടെന്നും, ജാതി ആവശ്യമെന്നും, ഗുരുദേവൻ സാധാരണ മനുഷ്യനെന്നും, ഉപദേശിക്കുന്നവരുടെ നേതൃത്വത്തിൽ പാവങ്ങൾ രക്ഷ കാണുന്നു. ഗുരുദേവന്റെ മഹത്വത്തെ ഗ്രഹിക്കുവാൻ അവർക്കു ശക്തിയില്ല. ആദർശങ്ങൾ പ്രായോഗികങ്ങളല്ലെന്നു അവർ കലഹിക്കുന്നു. പരമ്പരയായി സിദ്ധിച്ചിട്ടുള്ള മൂഢവിശ്വാസങ്ങളെയും അനാചാരങ്ങളേയും ഉപേക്ഷിക്കുവാനുള്ള മനക്കരുത്തില്ലാത്തവർക്കു ആദർശങ്ങൾ അപ്രായോഗികങ്ങൾതന്നെ. വിശ്വാസമില്ലാതെ രക്ഷയില്ല. ഗുരുദേവനിൽ വിശ്വസിക്കുവിൻ. ഗുരുദേവന്റെ ഉപദേശാദർശങ്ങളിൽ വിശ്വസിക്കുവിൻ. ബൌദ്ധന്മാർ ബുദ്ധനിലും, ക്രിസ്ത്യാനികൾ ക്രിസ്തുവിലും, മുഹമ്മദീയർ നിബിയി

ലും വിശ്വസിക്കുന്നതുപോലെ ഗുരുദേവന്റെ ആത്മീയ നേതൃത്വത്തെ സ്വീകരിക്കുമ്പോൾ മാത്രമേ നാം യഥാർത്ഥവിശ്വാസികളായിത്തീരുകയുള്ളു. അപ്പോൾ മാത്രമേ,

ആരാദ്ധ്യനതോർത്തിടുകിൽ ഞങ്ങൾക്കവിടുന്നാം-
നാരായണമൂർത്തേ! ഗുരു നാരായണമൂർത്തേ!

എന്നു മഹാകവി പാടിയതിന്റെ സാരം നമുക്കു മനസ്സിലാകുകയുള്ളു. അപ്പോൾ മാത്രമേ,

"മുൻപായി നിനച്ചൊക്കെയിലും ഞങ്ങൾ ഭരിപ്പൂ
നിൻ പാവനപാദം ഗുരുനാരായണ മൂർത്തേ!"

എന്ന് മഹാകവിക്കുണ്ടായ അനുഭവം നമുക്കും ഉണ്ടാകുകയുള്ളു.

ഗുരുദേവന്റെ അന്ത്യസന്ദേശത്തിൽ നമ്മുടെ കർത്തവ്യം എന്താണെന്നു വ്യക്തമാക്കിയിരിക്കുന്നു.

1102 മേടം ഇരുപത്താറാംതീയതി പള്ളാത്തുരുത്തിൽകൂടിയ S. N. D. P. യോഗത്തിൽ ഗുരുദേവർ സന്നിഹിതരാകുകയും തന്റെ അന്ത്യസന്ദേശത്തെ അരുളുകയും ചെയ്തു: —

"സമുദായസംഘടനയെപ്പററിയും മതപരിഷ്കാരത്തെപ്പററിയും നിങ്ങൾ ഗൌരവമായ ചില ആലോചനകൾ ചെയ്തുവരുന്നുണ്ടെന്ന് അറിയുന്നതു് നമുക്ക് വളരെ സന്തോഷംതന്നെ. എന്നാൽ സംഘടനയുടെ ഉദ്ദേശ്യം ഒരു പ്രത്യേകവർഗ്ഗക്കാരെ മാത്രം ചേർത്ത് ഒരു സമുദായത്തെ സൃഷ്ടിക്കുവാൻ ആയിരിക്കരുത്. മതപരിഷ്കാരം, ഇന്നുള്ള ഏതെങ്കിലും ഒരു മതസംഘത്തെ ഉപേക്ഷിച്ച് മറെറാരു മതസംഘത്തിൽ ചേരുന്ന ശ്രമം മാത്രമായി ക

ലാശിക്കരുത്. നമ്മുടെ സമുദായസംഘടന എല്ലാ മനുഷ്യരേയും ഒന്നായി ചേർക്കുന്നതായിരിക്കണം.

മതം വിശ്വാസസ്വാതന്ത്ര്യത്തെ അനുവദിക്കുന്നതും സംസ്കൃതബുദ്ധികൾക്കെല്ലാം സ്വീകാര്യവും മനുഷ്യരെ ഉത്തമമായ ആദർശത്തിലേക്കു നയിക്കുന്നതും ആയിരിക്കണം.

“ഒരുജാതി, ഒരുമതം, ഒരുദൈവം മനുഷ്യനു” എന്നുള്ള സനാതനധർമ്മം അങ്ങനെയുള്ള ഒരു മതമാകുന്നു. ഈ സനാതനധർമ്മത്തിൽ വിശ്വസിക്കുന്നവരെയെല്ലാം ഒന്നായി ചേർക്കുന്നതു സംഘടനക്ക് ഏററവും ഉത്തമമായ രീതിയായിരിക്കുമെന്നു നമുക്കു തോന്നുന്നു. മതപരിവർത്തനം കൂടാതെ അസമത്വങ്ങളും ബുദ്ധിമുട്ടുകളും തീരുകയില്ലെന്നു വിചാരിക്കുന്നവർക്ക് ഈ സനാതനധർമ്മം മതമായി സ്വീകരിക്കുന്നതു് അവരുടെ മതപരിവർത്തനവും സ്വാതന്ത്ര്യപ്രഖ്യാപനവും ആയിരിക്കുന്നതാണ്.

“ദേവർഷി സംഘമാം മാലയിൽ മിന്നുന്ന
മുക്താഫലമാകും മാമുനീന്ദ്ര!
ഭൂതലം തന്നിലെ സർവ്വ മതങ്ങൾക്കും
നേതാവും ജീവനുമായുള്ളോവേ!
തത്രഭവാന്റെ സുഷമയും സത്വവും
എത്രയും മന്നിൽ ലസിച്ചീടട്ടെ.”

ധർമ്മസംസ്ഥാപനാർത്ഥം ലോകത്തിൽ പലപ്പോഴും ആയി അവതരിച്ചിട്ടുള്ള ദേവർഷികളിൽ മുഖ്യനും എല്ലാമതങ്ങൾക്കും, എല്ലാജനങ്ങൾക്കും, സ്വീകാര്യങ്ങളായ ആദർശങ്ങൾ പ്രചരിപ്പിച്ചു്, മതങ്ങളുടെ ജീവനും മനുഷ്യകുല

ത്തിൻെറ നേതാവും ആയിത്തീന്നവനുമായ ഗുരുദേവ
ൻെറ മാഹാത്മ്യവും ധമ്മോപദേശങ്ങളും എന്നും ഭൂമിയിൽ
വിജയിക്കട്ടെ!

“അജ്ഞാനമാകും തിമിരം മുഴുക്കയാൽ
വിജ്ഞാനനേത്രം നിമീലിതമായ്
താവകവൈഭവം തെല്ലുമറിയാതെ
പാവങ്ങൾ ഞങ്ങൾ പരുങ്ങീടുന്നു
പുണ്യപുരുഷ നിൻ പാദങ്ങൾ കാണുവാൻ
കണ്ണുതുറക്കുക കാരുണ്യത്താൽ
ഞങ്ങൾതൻ മാനസം പൂതമാക്കീടുക
തിങ്ങിടും ഭക്തിയുദിപ്പാൻ മേന്മേൽ.”

ഞങ്ങൾ അറിവില്ലാത്ത പാവങ്ങളാണ്. ഗുരുദേവ ൻെറ മാഹാത്മ്യം അറിവാനുള്ള ശക്തി ഞങ്ങൾക്കില്ല. സ്വാത്ഥപരമായ ജീവിതത്തിൽ മുഴുകി ലൌകികമോഹങ്ങൾ സാധിക്കുവാനായി ധമ്മചിന്തകൾ കൂടാതെ കപടജീവിതം നയിക്കുന്ന ഞങ്ങൾക്ക് സദ്ഗുരുവിൻെറ മഹത്വം എങ്ങനെ മനസ്സിലാകും? കുഴപ്പങ്ങൾകൊണ്ടു നിറഞ്ഞ ഈ ലോകത്തിൽ ശരിയായ മാഗ്ഗം അറിയാതെ ഞങ്ങൾ കിടന്നുഴലുന്നു. അന്യോന്യവിരുദ്ധങ്ങളായ അഭിപ്രായങ്ങളോടുകൂടിയ നേതാക്കന്മാരുടെ ബഹളത്തിൽ ഭ്രമിച്ച് ധമ്മപ്രവൃത്തികളിൽ ഉന്മേഷമില്ലാത്തവരായി, അവിശ്വാസികളായി, ഖണ്ഡനകോലാഹലത്തിൽ ഞങ്ങളുടെ ജന്മം പാഴായിപ്പോകുന്നു. ജാത്യാഭിമാനത്താൽ കലുഷിതവും അവകാശവാദത്താൽ പ്രക്ഷുബ്ധവുമായ ഞങ്ങളുടെ ഹൃദയങ്ങൾ ആദശ്ശശുദ്ധിയും വിശ്വാസശക്തി

ശ്യമില്ലാതെ സ്വയംകൃതങ്ങളായ അനൎത്ഥപരമ്പരകളിൽ കൂടി ലക്ഷ്യം തെററി അലഞ്ഞുനടക്കുന്നു. നേതൃത്വം പിഴച്ച ബഹുജനങ്ങൾ പരിഭ്രാന്തചിത്തരായി കുണ്ഠിതപ്പെടുന്നു. ഈ വിധങ്ങളായ പൊടിപടലങ്ങളുടെ ഇടയിൽ കൂടി ഗുരുദേവൻെറ പുണ്യപാദങ്ങൾ ശരണം പ്രാപിക്കുവാനായി തിരിഞ്ഞുനടക്കുന്ന ഞങ്ങളുടെ മനക്കണ്ണു തുറന്നു ഞങ്ങളുടെ മാലിന്യങ്ങൾ മാററിയും യഥാൎത്ഥ സ്വാമിഭക്തന്മാരായിത്തീരുന്നതിന്നു് കാരുണ്യമൂൎത്തിയായ ഗുരുദേവൻ തന്നെ ഞങ്ങളെ അനുഗ്രഹിക്കേണമേ!

"ആനന്ദസന്ദേശഗായക! താവക
ഗാനങ്ങളെങ്ങും പരത്തുവാനും,
ജാതിയുമൊന്നുതാൻ മാനുഷൎക്കെന്നുള്ള
സ്വാതന്ത്ര്യബോധം വളൎത്തുവാനും,
ഒന്നുമതവുമാണൊന്നല്ലൊ ദൈവവും
എന്നുള്ള സത്യം പുലൎത്തുവാനും,
ശക്തി നല്കീടേണം കാരുണ്യക്കാതലേ!
ഭക്തിപൂണ്ടിന്നു തൊഴുന്നു ഞങ്ങൾ."

ജാതിമതവൎഗ്ഗാദി വ്യത്യാസങ്ങളാൽ വിവശരായ മനുഷ്യരുടെ ഇടയിൽ സമാധാനവും സുഖവും ഉളവാക്കുവാൻ പൎയ്യാപ്തങ്ങളായ ഗുരുദേവൻെറ ധൎമ്മോപദേശങ്ങൾ എങ്ങും പ്രചരിപ്പിച്ചു് ഞങ്ങളുടെ കൎത്തവ്യത്തെ നിൎവ്വഹിക്കുവാൻ ശക്തി നല്കേണമേ! "നരനു നരൻ" ശുദ്ധവസ്തുവും, നരനുനരൻ ഘോരശത്രുവും ആക്കിത്തീൎക്കുന്ന ജാതിബോധത്തെ നിശ്ശേഷം നശിപ്പിച്ചു് സ്വാതന്ത്ര്യവും സമത്വവും സാഹോദൎയ്യവും സ്ഥാപിക്കുന്നതിന് ഞങ്ങളെ സഹാ

യിക്കേണമേ! ലോകരുടെ രക്ഷയെ ഉദ്ദേശിച്ചും ഏകനായ സർവ്വേശ്വരൻെറ നാമധേയത്തിലും പ്രചരിക്കുന്ന പല മതങ്ങളുടെ സാരം ഒന്നാണെന്നുള്ള സത്യത്തെ ഗ്രഹിച്ച് ഏകദൈവവിശ്വാസത്തിൽ സംഘടിക്കുവാനായി ഞങ്ങളെ അനുഗ്രഹിക്കേണമേ! അതിനായ ഞങ്ങളിതാ കൂപ്പുകൈകളോടുകൂടി ഗുരുദേവസ്മരണയിൽ പുളകിതഗാത്രരായിത്തീരുന്നു.

"നാരായണ ഗുരോ! ഭാവൽക്കസന്ദേശ-
സാരം ലഭിച്ചിട്ടു ശുദ്ധരായി
ആനന്ദവാരിധി തന്നിൽ മുഴുകട്ടെ
മാനവരെല്ലാം ക്ലമങ്ങൾ നീങ്ങി;
ധർമ്മവും ശാന്തിയും പാരിൽ പരക്കട്ടെ!
ധർമ്മസംസ്ഥാപക കാത്തുകൊൾക."

ഗുരുദേവൻെറ ഉപദേശസാരം ലഭിക്കമൂലം അനൈകമത്യവും അസമത്വങ്ങളും നീങ്ങി ദുഃഖഭാരത്തിൽനിന്നു രക്ഷപ്പെടുവാനും സാഹോദര്യബോധത്തിൽ സ്വസുഖവും പരക്ഷേമവും അനുഭവപ്പെടുവാനും സമരഭ്രാന്തരായ ജനങ്ങളുടെ ഇടയിൽ സമാധാനമുണ്ടാകുന്നതിനും, ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകുന്നതിനും, ധർമ്മസംസ്ഥാപനാർത്ഥം ശ്രീ നാരായണഗുരുദേവനായി അവതാരമെടുത്ത സർവ്വേശ്വരൻെറ കൃപാകടാക്ഷമുണ്ടാകട്ടെ!

ഓം ഗുരുചരണം ശരണം.

*Printed at the Guruvilasam Press, Trichur.*

ശ്രീനാരായണഗുരുവൎഷം 93.

1123 മിഥുനം 15.

ചതയം തിരുനാൾ.

പെരിങ്ങോട്ടുകര

**S. N. ബുക്കഡിപ്പോവിൽ**

വില്പനയ്ക്കുള്ള പുസ്തകങ്ങൾ.

1. ശ്രീനാരായണഗുരുദേവമാഹാത്മ്യങ്ങൾ.
2. നവജീവപ്രവാചകൻ.
3. ഐക്യരാഷ്ട്രപ്രബോധകൻ.
4. ശ്രീനാരായണഗുരുദേവജീവചരിത്രം.

(മി. മൂക്കോത്തു് കുമാരൻ)

ഗുരുദേവൻെറയും, മഹാവകി കമാരനാശാൻെറയും മനോഹരമായ കളർഫോട്ടോകൾ ഇവിടെയുണ്ടു്.

സ്വാമി കൃഷ്ണാനന്ദ,

മാനേജിംഗ് പ്രൊപ്രൈററർ,

**S. N. ബുക്ക്ഡിപ്പൊ,**

P. O. പെരിങ്ങോട്ടുകര, A. O. തൃപ്രയാർ.